മാസിക
# സുന്നത്ത്

2025 ജനുവരി
1446 ജ. ആഖിർ - റജബ്
പുസ്തകം 47/ ലക്കം 11
വില 18 രൂപ

Samastha Kerala
Sunni Jam-iyyathul Mu-allimeen
Samastha Islamic Centre,
P.O Eranhippalam, Calicut-6

Ph: 0495 277 2846

sunnethmonthly@gmail.com
Sunnethcirculation@gmail.com




**Managing Editor**
Sayyid Ali Bafaqy Thangal

**Chief Editor**
V.P.M Villyapalli
9446 731 889, 0496 253 4373

**Executive Editor**
Shafeeq Bukhari Kanthapuram
cp222306@gmail.com

**General Manager**
Sulaiman Saqafi Kunhukulam

**Editor**
Muhammed Parannur

**Sub Editor**
E.M Sufyan Bukhari

**Circulation Manager**
Shareef saqafi Edayur

**Design & Layout**
Anvar Sadique Bukhari

**മുഖക്കുറി**

## നിയന്ത്രണം വേണം

കലയും സാഹിത്യവും സമൂഹത്തെ നന്മയിലേക്ക് നയിക്കാനും തിന്മയിൽ നിന്ന് പിന്തിരിപ്പിക്കാനും ഉതകുന്നതാകണം. സോഷ്യൽ മീഡിയയിൽ പൊതുവിലും സിനിമ സീരിയൽ രംഗത്ത് വിശേഷിച്ചും അധാർമികമായ സന്ദേശങ്ങൾ പ്രചരിപ്പിക്കുന്ന ചലച്ചിത്രങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ലഹരി, മോഷണം, കൊലപാതകം, പിടിച്ചുപറി, ലൈംഗിക അതിക്രമങ്ങൾ തുടങ്ങി നിരവധി ക്രിമിനൽ കേസുകളിൽ പ്രതികൾക്ക് പ്രചോദനമാകുന്നത് ഇത്തരം സിനിമ സീരിയൽ രംഗങ്ങളാണെന്നതാണ് യാഥാർത്ഥ്യം.

പുതിയകാലത്ത് മുതിർന്നവർ മാത്രമല്ല; കുട്ടികളും സോഷ്യൽ മീഡിയ ഉപയോഗിക്കുന്നവരാണല്ലോ. അനാശാസ്യകരമായ രംഗങ്ങൾ കുട്ടികളുടെ സ്വഭാവരൂപവത്കരണത്തിലും പെരുമാറ്റരീതിയിലും കാര്യമായ സ്വാധീനം ചെലുത്തുമെന്നുറപ്പാണ്. കാല്പനികമായ രംഗങ്ങളെ അപ്പടി യഥാർത്ഥ ജീവിതത്തിൽ അനുകരിക്കാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന ദുരന്തങ്ങൾ വേറെയും. ചാനലിന് റീച്ച് വർദ്ധിപ്പിക്കാനും പണം സമ്പാദിക്കാനും എന്തും ക്യാമറയിൽ പകർത്തി റീലുകളാക്കുന്ന സംസ്കാരം പുതുതലമുറയിൽ വർദ്ധിച്ചു വരുന്നുണ്ട്. സിനിമ സീരിയൽ രംഗത്ത് കൃത്യമായ സെൻസറിംഗ് നടന്നിട്ടില്ലെങ്കിൽ ഗുരുതരമായ സാമൂഹിക, സാംസ്കാരിക അധഃപതനത്തിനാകും നാട് സാക്ഷിയാവുക.

എഡിറ്റർ

കവർസ്റ്റോറി

## സിനിമയും സാംസ്കാരിക മൂല്യച്യുതിയും

സൈനുദ്ദീൻ ഇർഫാനി

വളർന്നുവരുന്ന തലമുറയിൽ കുറ്റകൃത്യങ്ങൾ വർധിക്കുന്നതിൽ സിനിമകൾക്കും സീരിയലുകൾക്കും ചെറുതല്ലാത്ത പങ്കുണ്ടെന്നാണ് വിദഗ്ധ പഠനങ്ങൾ സൂചിപ്പിക്കുന്നത്. ദൃശ്യമാധ്യമങ്ങൾ വളരെ വ്യാപകമായ കാലത്ത് ചില നിയന്ത്രണങ്ങൾ അനിവാര്യമാണ്.

06




കവർസ്റ്റോറി

## ഇസ്റാഅ്, മിഅ്റാജ് വിസ്മയ പ്രയാണങ്ങൾ

മനാസിർ പട്ല

തിരുനബി(സ)യുടെ മുഅ്ജിസത്തുകളിൽ പ്രധാനമാണ് ഇസ്റാഅ് മിഅ്റാജ് യാത്രകൾ. തിരുദൂതർക്ക് അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹവും ദുഃഖങ്ങളിൽ നിന്നുള്ള മോചനവുമായിരുന്നു സപ്തവാനങ്ങൾ കടന്നുള്ള ഈ അത്ഭുത പ്രയാണങ്ങൾ.

10



കവർസ്റ്റോറി

## ഖാളിയുടെ അധികാരങ്ങളും പ്രവർത്തനങ്ങളും

സിയാദ് സഖാഫി പാറന്നൂർ

മഹല്ലിലെ ജനങ്ങളുടെ സാംസ്കാരിക അഭിവൃദ്ധിയും ധാർമികമൂല്യങ്ങളും മതപരമായ അച്ചടക്കവും കാത്തുസൂക്ഷിക്കുന്നതിൽ ഖാളിക്ക് നിർണായകമായ പങ്കുണ്ട്. അനാവശ്യമായ ആഘോഷങ്ങളും ആചാരങ്ങളും നിയന്ത്രിക്കാൻ ഖാളി മുൻകൈയെടുക്കണം.

17





13 നിസ്സാരമല്ല കരൾരോഗം

ഹംന പടപ്പറമ്പ്



23 വികൃത ലൈംഗികതയും സാമൂഹ്യവിപത്തുകളും

ആദിൽ തിനൂർ



25 ആനന്ദത്തിന്റെ അടരുകൾ തേടി

സകരിയ്യ എം.കെ പാലത്തുങ്കര

05 തസ്കിയ
30 ശാഫിഈ ഫിഖ്ഹ്
48 വാർത്തകൾ
ചരിത്രാഖ്യായിക 40
നോവൽ 37
ഹനഫീ ഫിഖ്ഹ് 44

12 വിസർജനാനന്തര ശുദ്ധീകരണം

ഉവൈസ് ബുഖാരി നടുവട്ടം

16 പ്രസവശേഷമുള്ള വിഷാദരോഗം

മുനീബ റൈഹാൻ

27 പുതുവർഷം: നല്ലശീലങ്ങൾ നട്ടുവളർത്താം

അബൂലിയാന

28 കാണാമറയത്തെ കാവലാളുകൾ

പി.എം നാസർ മുസ്ലിയാർ

33 ഭക്തിയുള്ളവരാണ് പണ്ഡിതന്മാർ

അലി സഖാഫി പുൽപ്പറ്റ

# വാക്കുകൾ തിരിച്ചടിക്കാതിരിക്കാൻ

## തസ്കിയ

തിരുനബി(സ) പറഞ്ഞു: 'ഒരു മനുഷ്യൻ കാര്യമായൊന്നും ഗൗനിക്കാതെ അല്ലാഹുവിന് ഇഷ്ടപ്പെട്ട ഒരു വാക്കു പറയുന്നു; അതുവഴി അല്ലാഹു അവന്റെ പദവികളുയർത്തുന്നു. മറ്റൊരാൾ കാര്യമായൊന്നും ഗൗനിക്കാതെ അല്ലാഹുവിന്റെ കോപം ക്ഷണിച്ചു വരുത്തുന്ന ഒരു വാക്കു പറയുന്നു. അതു കാരണം അവൻ നരകാവകാശിയായിത്തീരുന്നു.' (ബുഖാരി)

വാക്കിന്റെ പ്രാധാന്യമാണ് തിരുനബി(സ) ഈ വചനത്തിലൂടെ ഉണർത്തുന്നത്. മറ്റൊരു ഹദീസിൽ ഇങ്ങനെ കാണാം: 'ഒരാൾ സ്വർഗത്തോട് അടുത്തുകൊണ്ടേയിരിക്കും. എത്രത്തോളമെന്നാൽ അയാളുടെയും സ്വർഗത്തിന്റെയുമിടയിൽ ഒരു കുന്തത്തിന്റെ അകലം മാത്രമേയുണ്ടാവൂ. അപ്പോഴായിരിക്കും ഒരു വാക്കു പറയുന്നത്. അതു കാരണമയാൾ സ്വർഗ്ഗത്തിൽ നിന്ന് സ്വൻആയെക്കാൾ (വളരെ വിദൂരമായ ഒരു സ്ഥലം) ദൂരത്തേക്ക് അകറ്റപ്പെടും.' (അഹ്മദ്)

വാക്കുകൾക്ക് അസാമാന്യ ശേഷിയുണ്ടെന്ന് സാമൂഹികാവസ്ഥകൾ നിരീക്ഷിക്കുന്നവർക്ക് ബോധ്യമാകാതിരിക്കില്ല. സമകാലിക അവസ്ഥകളിൽ തന്നെ വായിൽ നിന്നു വീഴുന്ന വാക്കുകൾ സൃഷ്ടിക്കുന്ന കോലാഹലങ്ങൾ നാം നിരന്തരം കാണുന്നതാണല്ലോ. സംഘർഷാവസ്ഥകളിൽ ചില വാക്കുകൾ സ്ഫോടനങ്ങൾ സൃഷ്ടിക്കാറുണ്ട്. രംഗം തണുപ്പിക്കാനും ഏതാനും വാക്കുകൾ മതി. മൂർച്ചയുള്ള വാക്കുകൾ എത്രയെത്ര പേരെയാണ് മരണത്തിലേക്ക് തള്ളിയിട്ടുകൊണ്ടിരിക്കുന്നത്. മരണം കൊതിച്ചു കഴിയുന്നവരെ ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാനും നല്ല വാക്കുകൾ പര്യാപ്തമാണല്ലോ.

മറ്റുള്ളവരുടെ ജീവിതം മാത്രമല്ല, വക്താവിന്റെ ജീവിതവും തകിടം മറിക്കാൻ ചില നിമിഷങ്ങളിലുപയോഗിക്കുന്ന ഒരു വാക്കു മതിയെന്നോർക്കണം. നല്ല വാക്കുകൾ നന്മ വിളയിക്കും. ചീത്ത വാക്കുകൾ തിന്മയുടെ കവാടങ്ങൾ തുറക്കും. ചിലപ്പോഴത് സംഹാരതാണ്ഡവത്തിന് നിമിത്തമാകും. അതുകൊണ്ടുതന്നെ ഓരോ വാക്കും അതിസൂക്ഷ്മതയോടെ മാത്രമേ പറയാവൂ എന്നാണ് തിരുനബി(സ)യുടെ വാക്കുകളും പ്രവൃത്തികളും സ്വഭാവവും നമ്മെ പഠിപ്പിക്കുന്നത്. 'തിരുനബി(സ) തുരുതുരാ സംസാരിക്കുന്ന ആളായിരുന്നില്ല. അവിടുന്ന് പറയുന്ന വാക്കുകൾ എണ്ണാൻ ഉദ്ദേശിക്കുന്നവർക്ക് എണ്ണിയെടുക്കാൻ കഴിയുമായിരുന്നു' എന്ന് ഹദീസിൽ കാണാം. അളന്നുമുറിച്ച സംസാരമായിരുന്നു എന്ന് ചുരുക്കം.

തന്റെ വാക്കുകൾ ശ്രോതാവിൽ ചെലുത്തുന്ന സ്വാധീനത്തെക്കുറിച്ച് പറയുന്നവർക്ക് നല്ല ബോധം വേണം. പറയുന്നതിനു മുമ്പ് ആലോചന വേണമെന്നർത്ഥം. ബുദ്ധിമാന്മാർ ചിന്തിച്ചേ വർത്തമാനം പറയൂ; വിവരദോഷിയാവട്ടെ, പറഞ്ഞ ശേഷമാണ് ചിന്തിക്കുക. അപ്പോഴേക്കും ആ വാക്കുകൾ എവിടെയെല്ലാമോ പ്രത്യാഘാതങ്ങളുണ്ടാക്കിയിരിക്കും.

വിശ്വാസികളോട് വാക്കുകൾ ചുരുക്കാനും ചിന്തിച്ചു വർത്തമാനം പറയാനുമാണ് തിരുനബി(സ)യുടെ നിർദേശം. തിരുനബി(സ) പറഞ്ഞു: 'അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നവർ നല്ലതു പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ.' (ബുഖാരി)

'ആരുടെയെങ്കിലും സംസാരം വർദ്ധിക്കുന്നുവെങ്കിൽ അവന്റെ വീഴ്ചകളും വർദ്ധിക്കും. വീഴ്ചകൾ വർദ്ധിച്ചാൽ കുറ്റങ്ങളുമേറും. കുറ്റങ്ങളേറിയാൽ നരകാവകാശിയായിത്തീരുകയും ചെയ്യും.' (ത്വബ്റാനി)

വിശ്വാസികൾ വായാടികളാവില്ല. വളരെക്കുറച്ചു മാത്രമേ അവർ സംസാരിക്കൂ. അവരുടെ സംസാരമാവട്ടെ, ആരെയും വേദനിപ്പിക്കുന്നതോ വെറുപ്പിക്കുന്നതോ പിണക്കുന്നതോ ആവില്ല. വായാടികളോട് അല്ലാഹുവിന് കോപമായിരിക്കും. വാക്കുകൾ പ്രയോഗിക്കുമ്പോൾ ജാഗ്രത പാലിക്കുക.

കവർസ്‌റ്റോറി

സൈനുദ്ദീൻ ശാമിൽ ഇർഫാനി

# സിനിമാ സീരിയലുകളും തകരുന്ന സംസ്‌കാരിക ബോധവും

പ്രബുദ്ധ സംസ്ഥാനമെന്നാണ് കേരളത്തെ നാം അഭിമാനത്തോടെ വിശേഷിപ്പിക്കാറുള്ളത്. വലിപ്പത്തിൽ ചെറുതാണെങ്കിലും എല്ലാ മേഖലകളിലും ചെറുതല്ലാത്ത നേട്ടങ്ങൾ മലയാളികൾ നേടിയിട്ടുണ്ട്. പൊതുവിദ്യാഭ്യാസ രംഗത്തും പൊതുജനാരോഗ്യ രംഗത്തുമെല്ലാമുള്ള നേട്ടങ്ങൾ ശ്ലാഘനീയമാണ്. മാനവ വികസന സൂചികയിലും മുൻപന്തിയിലാണ് കേരളം. എന്നാൽ, നമ്മുടെ സാമൂഹിക സുസ്ഥിതിയെയും സാംസ്‌കാരിക പുരോഗതിയെയും നശിപ്പിക്കുന്ന വിധത്തിൽ സിനിമാ സീരിയലുകളിലൂടെ അധാർമ്മിക സംസ്കാരങ്ങൾ യുവതലമുറയിൽ ആധിപത്യം നേടുന്നുവെന്ന വിദഗ്ധ നിരീക്ഷണങ്ങൾ ആഴത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. സീരിയലുകളിൽ ലയിച്ചിരിക്കുന്ന പലരും സ്‌ക്രീനിൽ പ്രത്യക്ഷപ്പെടുന്നവരുടെ സന്തോഷ-സന്താപങ്ങൾ സ്വന്തം ജീവിതത്തിൽ അപ്പടി പകർത്തുന്ന പ്രവണതയാണുള്ളത്.

കുടുംബകലഹങ്ങളും ദാമ്പത്യജീവിതത്തിലെ പ്രശ്നങ്ങളുമാണ് മിക്ക സീരിയലുകളുടെയും ഇതിവൃത്തം. ഈ സങ്കൽപ്പ കഥകൾ സ്വന്തം ജീവിതാനുഭവങ്ങളുമായി താരതമ്യം ചെയ്യുമ്പോഴാണ് കുടുംബകലഹങ്ങളും ദാമ്പത്യ പ്രശ്നങ്ങളും വർദ്ധിക്കുന്നത്.


കൊല്ലം മെഡിക്കൽ കോളേജ് മനഃശാസ്ത്ര വിഭാഗം തലവൻ ഡോ.മോഹൻറോയ് പറഞ്ഞതിന്റെ സംക്ഷിപ്തം ഇങ്ങനെ വായിക്കാം: 'ജനങ്ങൾക്ക് താത്പര്യമുള്ള ഉത്പന്നങ്ങളാണ് ചാനലുകൾ സംപ്രേഷണം ചെയ്യുന്നത്. കാരണം, ജനങ്ങളതു കണ്ടാൽ മാത്രമേ ചാനലിന് റേറ്റിംഗ് ഉണ്ടാവൂ, പരസ്യം കിട്ടൂ, വിൽപ്പന നന്നാവൂ. പരമ്പരകളിൽ കാണുന്ന നിഷേധാത്മക സ്വഭാവമുള്ള കഥാപാത്രങ്ങളുടെ ചേഷ്ടകൾ കാണാനാണ് പ്രേക്ഷകർക്കിഷ്ടം. അതുകൊണ്ടാണ് കുടുംബപ്രശ്നങ്ങളും അമ്മായിയമ്മപ്പോരും പരപുരുഷ ബന്ധവും പരസ്ത്രീഗമനവും വിവാഹപൂർവ്വ ബന്ധവും അച്ഛനെയറിയാത്ത കുട്ടിയും അച്ഛനെയും അമ്മയെയും അറിയാത്ത കുട്ടിയും അച്ഛനും അമ്മയ്ക്കും അറിയാത്ത കുട്ടിയുമൊക്കെ ഇതിവൃത്തമാവുന്നത്. രണ്ടര മണിക്കൂർ സിനിമയിൽ 32 തവണ മദ്യപാന രംഗം കാണിച്ചിട്ട് ചുവട്ടിൽ മദ്യപാനം ആരോഗ്യത്തിന് ഹാനികരം എന്നെഴുതി വെച്ചിട്ട് വല്ല കാര്യവുമുണ്ടോ?'

സീരിയൽ അഡിക്ഷൻ ജനങ്ങളിൽ വൈകാരിക പ്രയാസങ്ങളും സൃഷ്ടിക്കുന്നുണ്ട്. സ്ഥിരമായി ഇത്തരം കാര്യങ്ങൾ കാണുന്നവർ എന്തിനെന്നറിയാത്ത ഭയം, ഉത്കണ്ഠ, പ്രതീക്ഷയില്ലായ്മ തുടങ്ങിയ അവസ്ഥകളിലൂടെയാണ് കടന്നു പോകുന്നത്. കാരണം അവർ കാണുന്ന ഓരോ രംഗവും അവരിൽ വിവിധ തരം മാനസികാവസ്ഥകളാണ്

സീരിയൽ അഡിക്ഷൻ ജനങ്ങളിൽ വൈകാരിക പ്രയാസങ്ങളും സൃഷ്ടിക്കുന്നുണ്ട്. സ്ഥിരമായി ഇത്തരം കാര്യങ്ങൾ കാണുന്നവർ എന്തിനെന്നറിയാത്ത ഭയം, ഉത്കണ്ഠ, പ്രതീക്ഷയില്ലായ്മ തുടങ്ങിയ അവസ്ഥകളിലൂടെയാണ് കടന്നു പോകുന്നത്. കാരണം അവർ കാണുന്ന ഓരോ രംഗവും അവരിൽ വിവിധ തരം മാനസികാവസ്ഥകളാണ് സൃഷ്ടിക്കുന്നത്.

സൃഷ്ടിക്കുന്നത്. ഉദ്വേഗജനകമായ രംഗങ്ങളും സംഘട്ടനങ്ങളും ഒളിച്ചോട്ടങ്ങളും മോഷണങ്ങളും കൊലപാതകങ്ങളുമെല്ലാം ചേർന്ന് മനസ്സിൽ അസമാധാനത്തിന്റെ അവസ്ഥകൾ സൃഷ്ടിക്കുന്നു. ഈ അവസ്ഥകൾ അവരുടെ ജീവിതത്തെ മുഴുവൻ സ്വാധീനിക്കുന്നു. വിഷാദാവസ്ഥയും രോഗാതുര മനസ്സും അമിതകോപവുമൊക്കെ ഇതിന്റെ ഫലമായുണ്ടാകുന്നു.

കാഴ്ചക്കാരുടെ മനസ്സുകളിലേക്ക് അക്രമവാസനകൾ കുത്തിവെക്കുകയാണ് പല സീരിയലുകളും. കാഴ്ചക്കാരെ കൂട്ടാൻ വേണ്ടി വിഷലിപ്



സ്ക്രീനുകളിൽ തെളിയുന്ന രംഗങ്ങൾ നമ്മുടെ ശീലങ്ങളെയും സ്വഭാവങ്ങളെയും സംസ്കാരത്തെയുമാണ് മാറ്റുന്നത്. ഓരോരുത്തരും ഇഷ്ടപ്പെടുന്ന നായികാ നായകൻമാർക്കനുസരിച്ച് സ്വന്തം ശൈലിയിലും സംസ്കാരത്തിലും വേഷത്തിലും മാറ്റങ്ങൾ കൊണ്ടുവരുന്നതോടെ ആ അധഃപതനം കരുത്താർജിക്കുന്നു.

തമായ വികാരങ്ങൾ വിൽക്കുകയാണ് പല മുഖ്യധാരാ വിനോദ മാധ്യമങ്ങളും. സീരിയലുകളിലെ കഥാപാത്രങ്ങൾ പുറത്തേക്കു തള്ളുന്ന തരംതാഴ്ന്ന വാക്കുകളും ചേഷ്ടകളും ലൈംഗികച്ചുവ നിറഞ്ഞ സംസാരങ്ങളുമെല്ലാം നമ്മുടെ സാംസ്കാരിക അപചയത്തെയാണ് സൂചിപ്പിക്കുന്നത്. ആഭാസ സിനിമകളും സീരിയലുകളും ധാർമികബന്ധങ്ങളുടെ മതിൽക്കെട്ടുകൾ ഭേദിച്ച് കുടുംബത്തിലെ ധാർമികാന്തരീക്ഷം തകർക്കുകയും വളരുന്ന തലമുറയിൽ അധാർമികതയുടെ വിത്ത് വിതയ്ക്കുകയും ചെയ്യുന്നു.

സ്ക്രീനിൽ ധാരാളം സംഘട്ടനങ്ങളും കൊലപാതകങ്ങളും കാണുന്നവർക്ക് യഥാർത്ഥ ജീവിതത്തിൽ അത്തരം കാര്യങ്ങളോടുള്ള അറപ്പും വെറുപ്പും കുറഞ്ഞുവരുമെന്നതാണ് മറ്റൊരു അപകടം.

സ്ഥിരമായി കാണുന്നതും കേൾക്കുന്നതും വായിക്കുന്നതും നമ്മെ സ്വാധീനിക്കുമെന്ന് പറയേണ്ടതില്ലല്ലോ. സ്ക്രീനുകളിൽ തെളിയുന്ന രംഗങ്ങൾ നമ്മുടെ ശീലങ്ങളെയും സ്വഭാവങ്ങളെയും സംസ്കാരത്തെയുമാണ് മാറ്റുന്നത്. ഓരോരുത്തരും ഇഷ്ടപ്പെടുന്ന നായികാ നായകൻമാർക്കനുസരിച്ച് സ്വന്തം ശൈലിയിലും സംസ്കാരത്തിലും വേഷത്തിലും മാറ്റങ്ങൾ കൊണ്ടുവരുന്നതോടെ ആ അധഃപതനം കരുത്താർജിക്കുന്നു. മതം മാറിയുള്ള പ്രണയത്തെയും വിവാഹത്തെയും രാജ്യത്തിന്റെ സൗഹൃദത്തിന്റെ ഭാഗമായി അവതരിപ്പിക്കുമ്പോൾ ഇത്തരം കാര്യങ്ങൾ സ്ഥിരമായി കാണുന്നവർ അങ്ങനെ ചെയ്തില്ലെങ്കിലേ അത്ഭുതപ്പെടേണ്ടതുള്ളൂ.

തിരുവനന്തപുരം മെഡിക്കൽ കോളേജ് പീഡിയാട്രിക്സ് പ്രൊഫസറും ചൈൽഡ് സൈക്യാട്രിസ്റ്റും ബിഹേവിയറൽ പീഡിയാട്രിക്സ് യൂണിറ്റ് മേധാവിയുമായ ഡോ. ആർ ജയപ്രകാശ് തന്റെ അനുഭവം വിശദീകരിക്കുന്നത് നോക്കൂ: 'സീരിയൽ സമൂഹത്തെ ബാധിക്കുന്നതെങ്ങനെയെന്നത് രണ്ടു ദശകമായി എന്റെ പഠന വിഷയങ്ങളിലൊന്നാണ്. തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ കൗമാരപ്രായക്കാർക്ക് വേണ്ടി 'ഉണർവ്' എന്ന പദ്ധതി നടപ്പാക്കിയിരുന്നു. മെഗാസീരിയലുകൾ കുട്ടികളെ ഹാനികരമായി ബാധിക്കുന്നുണ്ടെന്നു തന്നെയാണ് പഠനങ്ങളിൽ നിന്ന് മനസ്സിലായത്. കൗമാരക്കാരെ ആകർഷിക്കുന്ന രീതിയിലാണ് സീരിയലുകൾ ഉള്ളടക്കം രൂപപ്പെടുത്തുന്നത്. കുറ്റവാളിസംഘങ്ങളെപ്പോലെ ഒരുമിച്ച് നടന്ന് കുറ്റവാസന പ്രകടിപ്പിക്കുക, സമപ്രായക്കാരുമായി ചേർന്ന് അക്രമങ്ങളിലേർപ്പെടുക തുടങ്ങിയ പ്രവണതകൾ പതിവാണ്. ഏതാനും വർഷങ്ങൾ

**സീരിയലുകൾ കാണുന്ന സ്ത്രീകളിൽ കുടുംബപ്രശ്നങ്ങൾ വളരെ കൂടുതലാണെന്ന് കൗൺസിലിംഗ് രംഗത്തെ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. പുതിയ കാലത്ത് ദമ്പതികളിൽ സംശയരോഗം വല്ലാതെ വർദ്ധിച്ചു വരുന്നതിനും സീരിയൽ ഭ്രമം കാരണമാകുന്നുണ്ട്. ടിവിയിൽ കാണുന്ന രംഗങ്ങൾ സ്വന്തം ജീവിതവുമായി താരതമ്യം ചെയ്ത് അനാവശ്യമായ സംശയങ്ങളിലേക്ക് സ്ത്രീകൾ എത്തിച്ചേരുകയാണ്. ഇത് കുടുംബ ശൈഥില്യം സൃഷ്ടിക്കുന്നു.**

ക്കു മുമ്പ് സംപ്രേഷണം ചെയ്തിരുന്ന ഫൈവ് ഫിംഗേഴ്സ് എന്ന സീരിയൽ ഉദാഹരണം. കൗമാരക്കാരായ കുട്ടികൾ ഒരുമിച്ചു നടക്കുന്നതും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതുമാണ് ഇതിലെ ഉള്ളടക്കം. ഇത്തരം ഉള്ളടക്കങ്ങൾ പരിശോധിക്കാൻ ഒരു സർക്കാർ ഏജൻസി അനിവാര്യമാണ്.'

ചാനലുകളിലൂടെ അരിച്ചിറങ്ങുന്ന അശ്ലീലത നുകരുവാൻ ആർത്തി കാട്ടുന്ന സഹോദരിമാരുടെ വഴിവിട്ട പോക്ക് അത്യന്തം അപകടകരമാണ്. പ്രേക്ഷകരെ ഉദ്വേഗത്തിന്റെ മുൾമുനയിൽ നിർത്തി ഓരോ എപ്പിസോഡുകളും അവസാനിക്കുമ്പോൾ അടുത്ത എപ്പിസോഡിനായി അക്ഷമരായി കാത്തിരിക്കുകയാണ് പലരും. എന്തുതന്നെ നഷ്ടപ്പെട്ടാലും സീരിയൽ കാണാതിരിക്കാനാവില്ലെന്ന ഒരു തരം മാനസികാവസ്ഥ സ്ത്രീസമൂഹത്തിൽ വേരു പിടിച്ചുകഴിഞ്ഞിരിക്കുന്നു. സന്താനപരിപാലനമെന്ന ഉത്തരവാദിത്തം പോലും സീരിയൽ ഭ്രമത്തിൽ സ്ത്രീകൾ മറന്നു പോകുന്നു. അടുത്ത കാലത്ത് മാത്രമുണ്ടായ ഈ സീരിയൽ വിപ്ലവം അക്ഷരാർത്ഥത്തിൽ നമ്മുടെ സ്ത്രീ സമൂഹത്തെ നിഷ്ക്രിയരാക്കുന്നുണ്ടെന്ന കാര്യം വിസ്മരിച്ചു കൂടാ.

സ്വന്തം മാതാവ് പോലും മക്കളുടെ കാമപൂർത്തീകരണത്തിനിരയാകുന്ന വാർത്ത ആധുനികലോകത്ത് മാത്രം കേട്ടുവരുന്നതാണ്. നമ്മുടെ വീടുകൾ തന്നെ ഇത്തരത്തിലുള്ള അധാർമികതയുടെ പണിപ്പുരകളാകുമ്പോൾ ഇതിലും വലിയ നീചകൃത്യങ്ങൾ സമൂഹത്തിൽ ഉടലെടുത്തില്ലെങ്കിൽ മാത്രമേ അത്ഭുതമുള്ളൂ.

സീരിയലുകൾ കാണുന്ന സ്ത്രീകളിൽ കുടുംബപ്രശ്നങ്ങൾ വളരെ കൂടുതലാണെന്ന് കൗൺസിലിംഗ് രംഗത്തെ വിദഗ്ധർ ചൂണ്ടിക്കാണിക്കുന്നു. പുതിയ കാലത്ത് ദമ്പതികളിൽ സംശയരോഗം വല്ലാതെ വർദ്ധിച്ചു വരുന്നതിനും സീരിയൽ ഭ്രമം കാരണമാകുന്നുണ്ട്. ടിവിയിൽ കാണുന്ന രംഗങ്ങൾ സ്വന്തം ജീവിതവുമായി താരതമ്യം ചെയ്ത് അനാവശ്യമായ സംശയങ്ങളിലേക്ക് സ്ത്രീകൾ എത്തിച്ചേരുകയാണ്. ഇത് കുടുംബ ശൈഥില്യം സൃഷ്ടിക്കുന്നു.

അരുംകൊലയുടെ ആസൂത്രണത്തിലും കൃത്യനിർവഹണത്തിലും മിടുക്കു കാട്ടിയ സ്ത്രീകളിൽ പലർക്കും ഹൊറർ സിനിമകളോടും ക്രൈം സീരിയലുകളോടുമാണ് കമ്പമെന്ന് കണ്ടെത്തിയിട്ടുണ്ട്. സ്ത്രീകൾ പൊതുവെ ലോലമനസ്കരാണെന്നാണ് പറയപ്പെടാറുള്ളത്. കൊടും ക്രൂരതകൾ കാണിക്കാൻ സ്ത്രീകൾക്കാകില്ലെന്നാണ് പൊതുധാരണ. എന്നാൽ സമീപ കാലത്ത് നടന്ന പല കുപ്രസിദ്ധ കൊലപാതകങ്ങളുടെയും തട്ടിപ്പുകളുടെയുമെല്ലാം പിന്നിൽ സ്ത്രീകളാണ്. ലോല മനസ്കരായ അവർ കൊലയാളികളും ക്രൂരമ


നസ്കരുമായി മാറുന്നത് എന്തുകൊണ്ടാണെന്ന് ഗൗരവത്തിൽ ചിന്തിക്കേണ്ടതുണ്ട്. സീരിയലുകൾക്കും സിനിമകൾക്കും ഇതിൽ ചെറുതല്ലാത്ത പങ്കുണ്ടെന്നാണ് പഠനങ്ങൾ തെളിയിക്കുന്നത്. പിണറായി കൂട്ടക്കൊലക്കേസിലെ പ്രതി സൗമ്യ കൊലപാതക മാർഗങ്ങൾ മനസ്സിലാക്കിയത് സീരിയലിൽ നിന്നാണെന്ന് അന്വേഷണ ഉദ്യോഗസ്ഥരോട് വെളിപ്പെടുത്തിയിരുന്നല്ലോ.

കൊച്ചി മെഡിക്കൽ ട്രസ്റ്റ് ആശുപത്രി കൺസൾട്ടന്റ് സൈക്യാട്രിസ്റ്റ് ഡോ. എൽസി ഉമ്മൻ



പറയുന്നത് കാണുക: 'സീരിയലുകൾ വീട്ടിൽ പല കുടുംബപ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. ഓരോ മുറിയിലും പ്രത്യേകം ടി.വിയില്ലാത്തതിനാൽ ടി.വി വെക്കുമ്പോൾ വീട്ടിലുള്ള എല്ലാവരെയും അത് സ്വാധീനിച്ചേക്കാം. പലപ്പോഴും പുരുഷന്മാർ വന്നു പരാതി പറയാറുണ്ട്, സ്ത്രീകൾ മണിക്കൂറുകളോളം ടെലിവിഷനു മുന്നിലാണ്, തീരാതെ എഴുന്നേൽക്കില്ല എന്നൊക്കെ. മെഗാപരമ്പര മാസങ്ങളും വർഷങ്ങളും നീളുന്നതിനാൽ അത് കണ്ടു കൊണ്ടിരിക്കാനുള്ള ആഗ്രഹവും കൂടും.

**സീരിയൽ എപ്പിസോഡുകൾക്ക് വേണ്ടിയുള്ള കാത്തിരിപ്പ് ഇന്ന് പ്രായമായവരെ കൂടി ബാധിച്ചിട്ടുണ്ട്. പൂർവ്വികർ നല്ലതായി മനസ്സിലാക്കിയ മുഴുവൻ കാര്യങ്ങളും പരിഷ്കാരത്തിന്റെ പേരിൽ നാം അകറ്റിനിർത്തിയിരിക്കുകയാണ്. ഭയഭക്തി ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന നമ്മുടെ വല്യുമ്മമാർ പോലും റിമോട്ടുമായി ടി.വി.ക്ക് മുമ്പിൽ ചമ്രം പടിഞ്ഞിരിക്കുകയും യൂട്യൂബിലും മറ്റു സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും സിനിമകൾ തിരയുകയും ചെയ്യുന്ന തിരക്കിലാണ്.**



മദ്യം കിട്ടിയില്ലെങ്കിൽ കൈ വിറയ്ക്കുമെന്ന് പറയുന്നതു പോലെ പരമ്പരയുടെ സമയത്ത് കറണ്ട് പോവുകയോ, സംപ്രേഷണം മുടങ്ങുകയോ ചെയ്താൽ അസ്വസ്ഥരാവും, ദേഷ്യം വരും. ഈ സീരിയൽ അഡിക്ഷനും പോൺ മൂവി അഡിക്ഷനുമൊക്കെ ബിഹേവിയർ അഡിക്ഷൻ എന്ന വിഭാഗത്തിൽ വരുന്നതാണ്. ബന്ധങ്ങൾക്ക് വിലയില്ലാതാകും. അല്ലെങ്കിൽ ഇങ്ങനെയാണ് ബന്ധങ്ങൾ വേണ്ടത് എന്നൊരു തെറ്റിദ്ധാരണ ഉണ്ടാകാൻ പോലും സീരിയൽ അഡിക്ഷൻ കാരണമായേക്കും. പുകവലിയും മദ്യപാനവും പോലെ തന്നെ മറ്റൊരു തരത്തിൽ ഹാനികരമാകുന്ന ചില മാതൃകകളാണ് ഈ മെഗാ പരമ്പരകളിൽ പലപ്പോഴും കാണിക്കുന്നത്. നമുക്ക് ഉൾക്കൊള്ളാനായി പോസിറ്റീവായ യാതൊന്നും ഈ പരമ്പരകളിലില്ല.'

സീരിയൽ എപ്പിസോഡുകൾക്ക് വേണ്ടിയുള്ള കാത്തിരിപ്പ് ഇന്ന് പ്രായമായവരെ കൂടി ബാധിച്ചിട്ടുണ്ട്. പൂർവ്വികർ നല്ലതായി മനസ്സിലാക്കിയ മുഴുവൻ കാര്യങ്ങളും പരിഷ്കാരത്തിന്റെ പേരിൽ നാം അകറ്റിനിർത്തിയിരിക്കുകയാണ്. ഭയഭക്തി ഹൃദയത്തിൽ സൂക്ഷിച്ചിരുന്ന നമ്മുടെ വല്യുമ്മമാർ പോലും റിമോട്ടുമായി ടി.വി.ക്ക് മുമ്പിൽ ചമ്രം പടിഞ്ഞിരിക്കുകയും യൂട്യൂബിലും മറ്റു സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും സിനിമകൾ തിരയുകയും ചെയ്യുന്ന തിരക്കിലാണ്. മഹാന്മാരുടെ ചരിത്രകഥകളും മറ്റും കേൾക്കാൻ വേണ്ടി വല്യുമ്മമാരുടെ അടുത്ത് ആകാംക്ഷയോടെ വട്ടമിട്ടിരുന്നിരുന്ന കുട്ടികൾക്കിന്ന് കേൾക്കാനാവുന്നത് സീരിയൽകഥകളാണ്

കുട്ടികളുടെ റിയാലിറ്റി ഷോകളിലുമുണ്ട് പ്രശ്നങ്ങൾ. അണിയറയിൽ കുട്ടികൾ അനുഭവിക്കേണ്ടിവരുന്ന വൈകാരികവും മാനസികവുമായ സമ്മർദ്ദവും അനാരോഗ്യകരമായ മത്സരപ്രവണതയും ഭാവിയിൽ മാനസിക-വൈകാരിക വികസനത്തിൽ ഗുരുതര പ്രത്യാഘാതങ്ങളുണ്ടാക്കും. വിജയിയാവാനും പണമുണ്ടാക്കാനും പ്രശസ്തി നേടാനുമുള്ള അടങ്ങാത്ത ആഗ്രഹം അവരിലെ നിഷ്കളങ്കതയെ ചെറുപ്പത്തിലേ ഇല്ലാതാക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമാണ്. മാത്രമല്ല, പെട്ടെന്നുണ്ടാകുന്ന പ്രശസ്തി ജീവിതത്തെക്കുറിച്ച് ചില മിഥ്യാ ധാരണകൾ അവരുടെ മനസ്സിൽ വരഞ്ഞിടുന്നു.

കുട്ടികൾക്ക് തെറ്റായ സന്ദേശങ്ങൾ നൽകുന്ന സീരിയലുകൾ കുരുന്നു ജീവനുകൾ അപകടപ്പെടുത്തുകയാണ് ചെയ്യുന്നത്. ടി.വി. പരമ്പരയിലെ സൂപ്പർ ഹീറോ ശക്തിമാൻ രക്ഷപ്പെടുത്തുമെന്ന് കരുതി ചൗധരി മെലാഗണിൽ വെന്തുമരിച്ച നാലാം ക്ലാസ് വിദ്യാർഥി ദിനേശ് പ്രഭാകറിന്റെ ദുരന്ത വാർത്ത നമുക്ക് നൽകുന്നത് ഇത്തരം അപകടങ്ങളുടെ സൂചനകളാണ്.

കവർസ്റ്റോറി

മനാസിർ പട്ല

# ഇസ്റാഅ്, മിഅ്റാജ് വിസ്മയ പ്രയാണങ്ങൾ

ഇസ്ലാമിൽ യാത്രകൾക്ക് ഏറെ പ്രാധാന്യമുണ്ട്. പൂർവ്വസൂരികളായ പ്രവാചകന്മാരും പണ്ഡിതന്മാരുമെല്ലാം ഇസ്ലാമിക പ്രബോധനാവശ്യാർത്ഥവും വിജ്ഞാനശേഖരണാർത്ഥവും വിദൂരങ്ങളിൽ സഞ്ചരിച്ചിരുന്നതായി ചരിത്രത്തിൽ കാണാം. യാത്ര ചെയ്യാൻ പ്രേരിപ്പിക്കുന്ന നിരവധി സൂക്തങ്ങൾ വിശുദ്ധ ഖുർആനിലുണ്ട്. ഈ പ്രപഞ്ചത്തെയും അല്ലാഹു നൽകിയ അനുഗ്രഹങ്ങളെയും നേരിട്ട് മനസ്സിലാക്കാനുള്ള വഴി കൂടിയാണ് യാത്രകൾ.

തിരുനബി(സ)യുടെ ജീവിതത്തിലും ഒരുപാട് യാത്രകളുണ്ടായിട്ടുണ്ട്. അതിൽ ഏറ്റവും പ്രധാനമാണ് ഇസ്റാഅ് മിഅ്റാജ് യാത്ര. തിരുനബി(സ)യുടെ മഹോന്നതിയും അമാനുഷികതയും വിളിച്ചോതുന്നതായിരുന്നു ഈ പ്രയാണം. അനേകം ഗുണപാഠങ്ങളും ലഭിച്ച സമ്മാനങ്ങളുമാണ് ഈ യാത്രയെ ഇത്രമേൽ പ്രശസ്തമാക്കിയത്.

തിരുനബി(സ)യുടെ നുബുവ്വത്തിന്റെ പത്താം വർഷമാണ് പ്രിയപത്നി ഖദീജബീവി(റ)യും അബൂത്വാലിബ്(റ)ും വിടപറഞ്ഞത്. ചരിത്രത്തിൽ ഇത് ദുഃഖവർഷം എന്നാണ് അറിയപ്പെട്ടത്. പ്രബോധനത്തിന്റെ ആദ്യഘട്ടങ്ങളിൽ തിരുനബി(സ)യെ മക്കയിലെ സത്യനിഷേധികൾ വളരെയധികം പീഡിപ്പിച്ചിരുന്നു. എങ്കിലും സത്യപാന്ഥാവിലേക്ക് ജനങ്ങൾ വന്നുകൊണ്ടിരിന്നു. ബഹുദൈവാരാധനയുടെ കൂരിരുട്ടിൽ നിന്ന് തൗഹീദിന്റെ നിത്യവെളിച്ചത്തിലേക്കെത്തിച്ചേർന്ന ആത്മനിർവൃതിയിലായിരുന്നു അവർ. ശത്രുക്കൾ അപവാദ പ്രചാരണവും സാമൂഹിക ബഹിഷ്കരണവും മാനസി

> ഈന്തപ്പനത്തോട്ടങ്ങൾ തിങ്ങിനിറഞ്ഞ ഒരു സ്ഥലത്തിറങ്ങിയപ്പോൾ ജിബ്രീൽ(അ) ചോദിച്ചു: ‘ഈ സ്ഥലം ഏതാണെന്നറിയുമോ?’ ഇല്ലെന്ന് തിരുനബി(സ) മറുപടി നൽകിയപ്പോൾ ജിബ്രീൽ(അ) വിശദീകരിച്ചു: ‘ഇതാണ് ത്വൈബ! തങ്ങൾ മക്കയിൽ നിന്ന് പലായനം ചെയ്തെത്തുന്ന ദേശം.’

ക-ശാരീരിക പീഡനങ്ങളും തുടർന്നുകൊണ്ടിരുന്നു. ആ ഘട്ടങ്ങളിലൊക്കെയും തിരുനബി(സ)ക്ക് സംരക്ഷണം നൽകിയിരുന്നത് പിതൃവ്യൻ അബൂത്വാലിബും പ്രിയപത്നി ഖദീജ(റ)യുമായിരുന്നു.

ഇരുവരുടെയും വിയോഗം നബി(സ)യെ വല്ലാതെ പ്രയാസപ്പെടുത്തി. എന്നു മാത്രമല്ല, ശത്രുക്കളുടെ പീഡനങ്ങൾ പൂർവ്വാധികം വർധിക്കുകയും ചെയ്തു. ആ ഘട്ടത്തിൽ സഹായം തേടി നബി(സ) ത്വാഇഫിലേക്ക് പോയി. എന്നാൽ അവിടെയും മർദ്ദനങ്ങളായിരുന്നു വരവേറ്റത്. റസൂൽ(സ) മക്കയിലേക്ക് തന്നെ മടങ്ങി. ഈ സാഹചര്യത്തിൽ നബി(സ)ക്ക് സമാധാനവും ആശ്വാസവും പകരാൻ കൂടിയാണ് അല്ലാഹു ഇസ്റാഅ് മിഅ്റാജ് യാത്രകൾ നിശ്ചയിച്ചത്.

ഹിജ്റയുടെ ഒരു വർഷം മുമ്പ് റജബ് 27 നായിരുന്നു ഈ അത്യത്ഭുത സംഭവം. മക്കയിലെ മസ്ജിദുൽഹറാമിൽ നിന്ന് ഫലസ്തീനിലെ മസ്ജിദുൽ അഖ്സ്വയിലേക്കുള്ള യാത്രയാണ് ഇസ്റാഅ്. മസ്ജിദുൽ അഖ്സ്വയിൽ നിന്ന് സപ്തവാനങ്ങൾ കടന്നുള്ള യാത്രയാണ് മിഅ്റാജ് എന്നറിയപ്പെടുന്നത്.

നുബുവ്വത്തിന്റെ പതിനൊന്നാം വർഷം, ഒരു തിങ്കളാഴ്ച ദിവസം. പിതൃവ്യൻ അബൂത്വാലിബിന്റെ മകൾ ഉമ്മുഹാനിഇന്റെ വീട്ടിൽ തിരുനബി(സ) വിശ്രമിക്കുമ്പോഴാണ് ജിബ്രീൽ(അ)ന്റെ നേതൃത്വത്തിൽ ഏതാനും മലക്കുകൾ വന്നത്. അവർ നബിയെ സംസം കിണറിനരികിലേക്ക് കൊണ്ടുപോയി, അവിടെ വെച്ച് തിരുനബി(സ)യുടെ നെഞ്ചുകീറി ഹൃദയശുദ്ധീകരണം നടത്തി. നടക്കാനിരിക്കുന്ന വിസ്മയയാത്രയുടെ അനുഭവങ്ങൾ ഉൾക്കൊള്ളാനുള്ള തയ്യാറെടുപ്പാണ് ഇതിന്റെ ലക്ഷ്യമെന്ന് പണ്ഡിതന്മാർ വിശദീകരിച്ചിട്ടുണ്ട്.

മസ്ജിദിൽഹറാമിനടുത്ത് പ്രത്യേകം സജ്ജമാക്കിയ ബുറാഖ് എന്ന വാഹനത്തിലാണ് പ്രയാണമാരംഭിച്ചത്. വർണിക്കാനാവാത്ത വേഗതയായിരുന്നു ആ വാഹനത്തിന്. അതുകൊ

**ഒന്നാം ആകാശത്ത് ആദംനബി(അ), രണ്ടാം ആകാശത്ത് ഈസാനബി(അ), യഹ്‌യനബി (അ) മൂന്നാം ആകാശത്ത് യൂസുഫ്നബി(അ), നാലാം ആകാശത്ത് യൂനുസ്നബി(അ), അഞ്ചാം ആകാശത്ത് ഹാറൂൻനബി(അ), ആറാം ആകാശത്ത് മൂസാനബി(അ), ഏഴാം ആകാശത്ത് ഇബ്റാഹീംനബി(അ) എന്നിവർ തിരുനബി(സ)ക്ക് സ്വീകരണം നൽകി.**



ണ്ടാണല്ലോ ഒരു മാസത്തെ ഒട്ടകയാത്രയുടെ ദൈർഘ്യമുള്ള ബൈത്തുൽ മുഖദ്ദസിലേക്കുള്ള രാപ്രയാണം വളരെ ചുരുങ്ങിയ സമയം കൊണ്ട് എത്തിച്ചേർന്നത്. ഈ പ്രയാണത്തിൽ മൂസാനബി(അ) അല്ലാഹുവിനോട് സംസാരിച്ച സ്ഥലം, ഈസാനബി(അ) പ്രസവിക്കപ്പെട്ട സ്ഥലം തുടങ്ങി അനുഗൃഹീതമായ ഒട്ടേറെ സ്ഥലങ്ങൾ തിരുനബി(സ) സന്ദർശിച്ചിരുന്നുവെന്ന് ചരിത്രങ്ങളിൽ കാണാം.

ഈന്തപ്പനത്തോട്ടങ്ങൾ തിങ്ങിനിറഞ്ഞ ഒരു സ്ഥലത്തിറങ്ങിയപ്പോൾ ജിബ്രീൽ(അ) ചോദിച്ചു: 'ഈ സ്ഥലം ഏതാണെന്നറിയുമോ?' ഇല്ലെന്ന് തിരുനബി(സ) മറുപടി നൽകിയപ്പോൾ ജിബ്രീൽ(അ) വിശദീകരിച്ചു: 'ഇതാണ് ത്വൈബ! തങ്ങൾ മക്കയിൽ നിന്ന് പലായനം ചെയ്തെത്തുന്ന ദേശം.'

തുടർന്ന് മസ്ജിദുൽ അഖ്സായിൽ നബി(സ) മുൻകാല നബിമാർക്ക് ഇമാമായി നിസ്കരിച്ചു.

ഇതിനു ശേഷമായിരുന്നു മിഅ്റാജ്. ഓരോ ആകാശത്തിലും മലക്കുകളും പൂർവ്വകാല പ്രവാചകരിൽ പ്രധാനികളും തിരുനബി(സ)യെ വരവേറ്റു. ഒന്നാം ആകാശത്ത് ആദംനബി(അ), രണ്ടാം ആകാശത്ത് ഈസാനബി(അ), യഹ്‌യനബി(അ) മൂന്നാം ആകാശത്ത് യൂസുഫ് നബി(അ), നാലാം ആകാശത്ത് യൂനുസ്നബി(അ), അഞ്ചാം ആകാശത്ത് ഹാറൂൻനബി(അ), ആറാം ആകാശത്ത് മൂസാനബി (അ), ഏഴാം ആകാശത്ത് ഇബ്റാഹീംനബി(അ) എന്നിവർ തിരുനബി(സ)ക്ക് സ്വീകരണം നൽകി. ഏഴാം ആകാശത്തെ ദിവസവും

എഴുപതിനായിരം മലക്കുകൾ പ്രദക്ഷിണം ചെയ്യുന്ന ബയ്തുൽമഅ്മൂറും സിദ്റതുൽ മുൻതഹായുമെല്ലാം തിരുനബി(സ) കണ്ടു. അവിടെ വെച്ച് ജിബ്രീൽ(അ)നെ യഥാർത്ഥ രൂപത്തിൽ കാണാനും കഴിഞ്ഞു.

തുടർന്നുള്ള യാത്രയിൽ തിരുനബി(സ) തനിച്ചായിരുന്നു. ജിബ്രീൽ(അ)ന് അതിനപ്പുറത്തേക്ക് പ്രവേശനമുണ്ടായിരുന്നില്ല. അല്ലാഹുവിനെ നേരിൽ കണ്ട് അഭിമുഖ സംഭാഷണം നടത്താനുള്ള സൗഭാഗ്യമാണ് മുത്തുനബി(സ)ക്ക് ലഭിച്ചത്. ലോകത്ത് മറ്റൊരു സ്രൃഷ്ടിക്കും ലഭിക്കാത്ത സൗഭാഗ്യമായിരുന്നു അത്.

45 സഹാബികൾ ഇസ്റാഅ് മിഅ്റാജ് സംഭവം വിശദീകരിക്കുന്ന ഹദീസുകൾ നിവേദനം ചെയ്തിട്ടുണ്ട്. ശരീരവും ആത്മാവും ചേർന്നുള്ള പ്രയാണമായിരുന്നു അതെന്നും കേവലം ആത്മാവിന്റെ മാത്രം പ്രയാണമായിരുന്നില്ലെന്നുമാണ് ഇമാമുകളിൽ ഭൂരിപക്ഷവും അഭിപ്രായപ്പെട്ടിട്ടുള്ളത്. ഹിജ്റ രണ്ടാം നൂറ്റാണ്ടിലും തുടർന്നും വന്ന ഇമാമുമാർ തിരുദൂതരുടെ ശരീരം സഹിതം തന്നെയായിരുന്നു ഈ അത്ഭുത പ്രയാണമെന്ന് ഐക്യകണ്ഠേന പറഞ്ഞിട്ടുണ്ട്.

ഈ യാത്രയിൽ അല്ലാഹു നബി(സ)ക്ക് നൽകിയ സമ്മാനമായിരുന്നു അഞ്ച് വഖ്ത് നിസ്കാരം. മുസ്‌ലിമിന്റെ ജീവവായുവാണ് നിസ്കാരം. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിലൊന്നാണത്. അകാരണമായി നിസ്കാരത്തെ ഉപേക്ഷിക്കുന്നവർക്ക് കഠിനമായ ശിക്ഷയുണ്ട്. നിസ്കാരം നിഷേധിക്കുന്നവർ മതത്തിനു പുറത്താണ്.

ഈ പ്രയാണത്തെക്കുറിച്ച് വിശുദ്ധഖുർആനിൽ ഒരു അധ്യായം തന്നെയുണ്ട്: 'തന്റെ ദാസനെ (തിരുനബിയെ) ഒരു രാത്രിയിൽ മസ്ജിദുൽ ഹറാമിൽനിന്ന് അനുഗൃഹീത ദേശത്തുള്ള മസ്ജിദുൽ അഖ്സ്വയിലേക്ക് രാപ്രയാണം ചെയ്യിച്ചവൻ എത്ര പരിശുദ്ധൻ!' (ഖുർആൻ 17:1)

തിരുനബി(സ)യുടെ ഈ പ്രയാണം സ്വപ്നദർശമാണെന്ന് വിമർശിക്കുന്നവർക്ക് മറുപടി കൂടിയാണ് പ്രസ്തുത സൂക്തം. അല്ലാഹു ഖുർആനിൽ 'തന്റെ ദാസനെ രാപ്രയാണം ചെയ്യിച്ചു' എന്നു പരാമർശിച്ചതിൽ നിന്നു തന്നെ കേവലം ആത്മാവിന്റെ പ്രയാണമായിരുന്നില്ല ഇസ്റാഉം മിഅ്റാജുമെന്ന് മനസ്സിലാക്കാവുന്നതാണ്. ദാസൻ എന്നർത്ഥമുള്ള 'അബ്ദ്' എന്ന പദം ഭൗതിക ശരീരവും ആത്മാവും കൂടിയതിനാണല്ലോ ഭാഷയിൽ പ്രയോഗിക്കാറുള്ളത്. അല്ലാമ ഇബ്നുകസീർ വിശദീകരിക്കുന്നു: 'ശരീരവും ആത്മാവും ഉൾക്കൊള്ളുന്നതിനാണ് അബ്ദ് എന്നു പ്രയോഗിക്കുക' (തഫ്സീറു ഇബ്നുകസീർ 2/263)

ഫിഖ്ഹ്

ഉവൈസ് ബുഖാരി നടുവട്ടം

# വിസർജനാനന്തര ശുദ്ധീകരണം

വിസർജന ശേഷമുള്ള ശുദ്ധീകരണത്തിൽ ഒരുപാട് കാര്യങ്ങൾ ശ്രദ്ധിക്കാനുണ്ട്. ശരിയാംവിധം ശൗച്യം ചെയ്യാത്തതിനെത്തുടർന്ന് മരണശേഷം ഖബറിൽ ശിക്ഷയനുഭവിച്ച വ്യക്തിയെക്കുറിച്ച് തിരുനബി(സ) പരാമർശിച്ചിട്ടുണ്ടല്ലോ. ശൗച്യം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങൾ വിശദീകരിക്കാം:

വിസർജന ദ്വാരത്തിലൂടെ നനവുള്ള എന്തു പുറപ്പെട്ടാലും ശൗച്യം ചെയ്യൽ നിർബന്ധമാണ്. പുറപ്പെട്ടത് പുഴു പോലുള്ളതോ, ഉണങ്ങിയ കാഷ്ഠമോ ആണെങ്കിൽ ശൗച്യംചെയ്യൽ സുന്നത്തും കീഴ്‌വായുവെങ്കിൽ കറാഹതുമാണ്. ഭക്ഷണപദാർത്ഥം കൊണ്ട് ശൗച്യം ചെയ്യൽ നിഷിദ്ധമാണ്.

ശൗച്യം ചെയ്യൽ മൂന്ന് രൂപത്തിലാകാം:

വെള്ളവും കല്ലും ഉപയോഗിച്ച് ശൗച്യം ചെയ്യലാണ് ശ്രേഷ്ഠമായത്. വെള്ളം മാത്രമുപയോഗിച്ചും കല്ല് മാത്രമുപയോഗിച്ചും ശൗച്യം ചെയ്യാവുന്നതാണ്.

വിമാനങ്ങളിലും മറ്റും ശൗച്യം ചെയ്യാനായി ടിഷ്യൂപേപ്പറും മറ്റും ഉപയോഗിക്കുന്ന പതിവുണ്ട്. ഇത്തരം വസ്തുക്കൾ ശൗച്യം ചെയ്യാൻ യോഗ്യമായതാണോ എന്ന് പരിശോധിക്കണം.

കല്ല് പോലുള്ള ഖരവസ്തുക്കൾ കൊണ്ട് ശൗച്യം ചെയ്യാം. നജസിനെ വലിച്ചെടുക്കുന്നതും ആദരിക്കപ്പെടാത്തതുമായ ശുദ്ധിയുള്ള വസ്തുവാകണം അത്. അതിനാൽ നജസു കൊണ്ടോ നജസ് കലർന്ന വസ്തുക്കൾ കൊണ്ടോ വെള്ളം വലിച്ചെടുക്കാത്തതുകൊണ്ടോ ആദരവ് കൽപ്പിക്കപ്പെടുന്ന ഭക്ഷണപദാർത്ഥം പോലുള്ള വസ്തു കൊണ്ടോ ശൗച്യം ചെയ്യാൻ പറ്റില്ലെന്ന് നമുക്ക് മനസ്സിലാക്കാം.

വെള്ളമല്ലാത്തതുകൊണ്ട് ശൗച്യം ചെയ്യുമ്പോൾ മൂന്നു പ്രാവശ്യം തടവി വൃത്തിയാക്കൽ നിർബന്ധമാണ്. വലിയ ഒരു കല്ലിന്റെ മൂന്നു ഭാഗങ്ങൾ കൊണ്ടുമാവാം. നജസിനെ നീക്കലോടൊപ്പം ഓരോ പ്രാവശ്യവും നജസുള്ള സ്ഥലം പൂർണമായും തടവണം. വെള്ളം കൊണ്ടു മാത്രം നീങ്ങുന്നതല്ലാതെ മറ്റൊന്നും ബാക്കിയാകാത്ത വിധം നജസ് നീക്കണം. മൂന്ന് തടവൽ കൊണ്ട് വൃത്തിയായില്ലെങ്കിൽ കൂടുതൽ തവണ തുടച്ച് വൃത്തിയാക്കണം.

ടിഷ്യൂ പേപ്പറും മറ്റും ഉപയോഗിക്കുന്നവർ മൂത്രം ഉണങ്ങുന്നതിനു മുമ്പ് വൃത്തിയാക്കാൻ ശ്രമിക്കണം. ഉണങ്ങിയാൽ ടിഷ്യൂ പേപ്പർ മതിയാകുന്നതല്ല; വെള്ളം തന്നെ വേണം. ശുദ്ധീകരണത്തിനു ശേഷം മൂത്രദ്വാരത്തിൽ നിന്ന് വീണ്ടും മൂത്രം ഒലിച്ചിറങ്ങിയാൽ വെള്ളം തന്നെ വേണ്ടിവരും. പുരുഷന്റെ ഹശ്ഫയും സ്ത്രീയുടെ യോനിയുടെ പാർശ്വഭാഗവും വിട്ട് മൂത്രം പരക്കുന്ന സാഹചര്യത്തിലും ടിഷ്യൂ ഉപയോഗിച്ചു കൂടാ. മൂത്രത്തിലേക്ക് വെള്ളം പോലുള്ള മറ്റുവസ്തുക്കൾ ചേർന്നാലും ടിഷ്യൂ ഒഴിവാക്കി വെള്ളം തന്നെ ഉപയോഗിക്കേണ്ടി വരും.

ആരോഗ്യം

ഹംന പടപ്പറമ്പ്

# നിസ്സാരമല്ല, കരൾ രോഗം

ഫാറ്റിലിവർ കണ്ടെത്തുമ്പോൾ ജോർജിന്റെ പ്രായം 55 വയസ്. മദ്യപാനിയല്ലാത്തതിനാൽ ഇതിനെ ഒരു ഗുരുതര പ്രശ്നമായി അദ്ദേഹം കണക്കിലെടുത്തില്ല. പിന്നീട് നടത്തിയ ആരോഗ്യപരിശോധനയിൽ ലിവർകാൻസറാണ് രോഗമെന്ന് കണ്ടെത്തി. ആലുവ രാജഗിരി ഹോസ്പിറ്റലിലെ ഹെപ്പറ്റോളജിസ്റ്റ് വിഭാഗം സീനിയർ കൺസൽട്ടന്റ് ഡോ. ജോൺ മാണാഞ്ചേരി പറയുന്നു: 'പ്രമേഹം, കൊളസ്ട്രോൾ ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾ ജോർജിൽ തീവ്രനിലയിലെത്തിയിരുന്നു. ഫൈബ്രോസ്കാനും കരളുമായി ബന്ധപ്പെട്ട മറ്റു പരിശോധനകളും നടത്തിയിരുന്നുവെങ്കിൽ ഇത്തരം രോഗങ്ങൾ നേരത്തെ തിരിച്ചറിയുകയും ഭേദമാക്കുകയും ചെയ്യാമായിരുന്നു.'

ഇന്ത്യൻ ജനസംഖ്യയുടെ 20% മുതൽ 30% പേരെ ബാധിച്ചു കൊണ്ടിരിക്കുന്ന പ്രശ്നമാണിത്. പ്രത്യേക ലക്ഷണങ്ങളില്ലാത്തതിനാൽ ഈ അവസ്ഥ മിക്ക രോഗികളും ഗുരുതരഘട്ടത്തിലാണ് തിരിച്ചറിയുന്നത്. മദ്യപാനികളല്ലാത്തവർ പൊതുവെ ഫാറ്റിലിവർ രോഗത്തിൽ നിന്ന് തങ്ങൾ മുക്തരാണെന്ന് വിശ്വസിക്കുന്നു. നേരത്തെ ആൽക്കഹോളിക് ഫാറ്റിലിവർ രോഗികളുടെ എണ്ണം സമീപകാലത്ത് ഉയർന്നുകൊണ്ടിരിക്കുകയാണ്. 'എ സിസ്റ്റമാറ്റിക് റിവ്യൂ ആൻഡ് മെറ്റാ - അനാലിസിസ്' എന്ന ശീർഷകത്തിൽ ക്ലിനിക്കൽ ആൻഡ് എക്സ്പെരിമെന്റൽ ഹെപ്പറ്റോളജി ജേണലിൽ 2022-ൽ പ്രസിദ്ധീകരിച്ച ഒരു പഠനം ഇത് സാക്ഷ്യപ്പെടുത്തുന്നുണ്ട്.


നേരത്തെ മുതിർന്നവരിലാണ് ഫാറ്റിലിവർ രോഗങ്ങൾ കൂടുതലായി കണ്ടിരുന്നതെങ്കിൽ ഇന്ന് ജീവിതശൈലി മാറ്റങ്ങൾ കാരണം 5-12 വയസ്സുള്ള കുട്ടികളിൽ മൂന്നിലൊരാൾക്കെന്ന തോതിൽ ഫാറ്റിലിവർ രോഗങ്ങൾ കണ്ടുവരുന്നുണ്ട്.




**ഇന്ത്യൻ ജനസംഖ്യയുടെ 20% മുതൽ 30% പേരെ ബാധിച്ചു കൊണ്ടിരിക്കുന്ന പ്രശ്നമാണിത്. പ്രത്യേക ലക്ഷണങ്ങളില്ലാത്തതിനാൽ ഈ അവസ്ഥ മിക്ക രോഗികളും ഗുരുതരഘട്ടത്തിലാണ് തിരിച്ചറിയുന്നത്. മദ്യപാനികളല്ലാത്തവർ പൊതുവെ ഫാറ്റിലിവർ രോഗത്തിൽ നിന്ന് തങ്ങൾ മുക്തരാണെന്ന് വിശ്വസിക്കുന്നു. നേരത്തെ ആൽക്കഹോളിക് ഫാറ്റിലിവർ രോഗികളുടെ എണ്ണം സമീപകാലത്ത് ഉയർന്നുകൊണ്ടിരിക്കുകയാണ്.**

# എന്താണ് ഫാറ്റി ലിവർ?

കരൾകോശങ്ങളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്ന അവസ്ഥയാണ് ഫാറ്റിലിവർ. ഭക്ഷണത്തെ ദഹിപ്പിച്ച് ആവശ്യത്തിനുള്ള ഊർജ്ജമായി ശരീരം ഉപയോഗിക്കുന്നുണ്ട്. കൂടുതലായെത്തുന്ന ഊർജ്ജം ശരീരം കൊഴുപ്പാക്കി കരളിനകത്ത് സംഭരിക്കുന്നു. കരളിലുണ്ടായിരിക്കേണ്ട കൊഴുപ്പിന്റെ അളവ് 5 ശതമാനത്തിനു താഴെയായിരിക്കണം. എന്നാൽ അമിതമായി ഈ ഊർജ്ജം കരളിലെത്തുകയും ശരീരം അതിനെ വേണ്ടവിധം ഉപയോഗിക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് കരളിൽ കൊഴുപ്പ് അടിഞ്ഞുകൂടുന്നത്. ഇങ്ങനെ അടിഞ്ഞു കൂടുന്ന കൊഴുപ്പ് 5 ശതമാനത്തിലധികമായാൽ അത് ക്രമേണ കരളിലെ കോശങ്ങൾക്കകത്തേക്ക് പ്രവേശിക്കുകയും കരൾ മഞ്ഞ നിറമായി മാറുകയും ചെയ്യുന്നു. തുടർന്ന് ഈ കൊഴുപ്പ് കരളിനകത്ത് നീർക്കെട്ടുണ്ടാക്കുകയും കരളിന്റെ പ്രവർത്തനം തടയുകയും പിന്നീട് കരൾ വീക്കമെന്ന അവസ്ഥയിലേക്കെത്തിക്കുകയും ചെയ്യുന്നു.



ഫാറ്റി ലിവർ രോഗം രണ്ട് തരത്തിലുണ്ട്.

1) നോൺ ആൽക്കഹോളിക് ഫാറ്റി ലിവർ ഡിസീസ് (NAFLD) മദ്യത്തിന്റെ ഉപയോഗമില്ലാതെ തന്നെ കരളിൽ കൊഴുപ്പ് വന്നടിഞ്ഞു കൂടുന്ന അവസ്ഥയാണിത്.

2) ആൽക്കഹോളിക് ഫാറ്റി ലിവർ ഡിസീസ് (NAFLD) അമിതമായ മദ്യപാനം മൂലം ഉണ്ടാകുന്ന അവസ്ഥയാണിത്. അമിതഅളവിൽ മദ്യം കഴിക്കുന്നത് ശരീരത്തിലെ മെറ്റബോളിസത്തെ ബാധിക്കുന്നതിനാൽ അത് ഫാറ്റിലിവറിന് കാരണമാകും. രണ്ടിനും വ്യത്യസ്ത കാരണങ്ങളും പശ്ചാത്തലങ്ങളുമാണെങ്കിലും രോഗങ്ങളുടെ ആഘാതം ഏതാണ്ട് തുല്യമാണ്.

ഫാറ്റി ലിവറിന്റെ പ്രാരംഭഘട്ടത്തിൽ കരൾകോശങ്ങൾക്ക് കാര്യമായ വീക്കമോ മറ്റോ ഉണ്ടാവില്ല. നോൺആൽക്കഹോളിക് സ്റ്റീറ്റോഹെപ്പറ്റയ്റ്റിസ് (NASHO) എന്നത് ഇതിന്റെ രണ്ടാം ഘട്ടമാണ്. 5 മുതൽ 33 ശതമാനമാകും ഈ സമയത്ത് കൊഴുപ്പിന്റെ അളവ്. ഈ സമയത്ത് കരളിന് വീക്കം സംഭവിക്കുകയും കേടുപാടുണ്ടാവുകയും ചെയ്യും. ഫൈബ്രോസിസ് ഇതിന്റെ ഗുരുതരമായ മൂന്നാം ഘട്ടമാണ്. 34 മുതൽ 66 ശതമാനം വരെ കൊഴുപ്പുണ്ടാകുന്ന ഈ ഘട്ടത്തിൽ കരളിലുണ്ടാകുന്ന വീക്കം സമീപത്തുള്ള ഹെപ്പറ്റിക് രക്തക്കുഴലുകളിലും നാരുകളുള്ള സ്കോർ ടിഷ്യൂ രൂപപ്പെടുത്തുന്നു. കൊഴുപ്പ് 66 ശതമാനത്തിനു മുകളിലാകുമ്പോഴുള്ള അവസാന ഘട്ടമാണ് സിറോസിസ്. ഈ അവസ്ഥയിൽ കരൾ സങ്കോചിക്കുകയും പ്രവർത്തനം നഷ്ടപ്പെടുകയും കരൾ ക്യാൻസറിനു കാരണമാവുകയും ചെയ്യും.

നോൺ ആൽക്കഹോളിക് ഫാറ്റിലിവർ ഡിസീസ് രോഗികളിൽ അധകവും സാധാരണ അഭിമുഖീകരിക്കുന്നത് ഇതിന്റെ പ്രാരംഭ ഘട്ടമാണ്.

ഇത് ഗുരുതരമായ സാഹചര്യത്തിലെത്താൻ വർഷങ്ങളെടുത്തേക്കാം. എന്നാൽ ആൽക്കഹോളിക് ഫാറ്റിലിവർ ഡിസീസ് ബാധിച്ചവരിൽ മദ്യം കഴിക്കാതിരിക്കുമ്പോൾ നില മെച്ചപ്പെടുകയും മദ്യം കഴിക്കുന്നത് തുടരുകയാണെങ്കിൽ ഗുരുതര പ്രശ്നങ്ങൾക്ക് കാരണമാവുകയും ചെയ്യും.

## തിരിച്ചറിയാം

ലക്ഷണങ്ങളില്ലാതെയോ ചെറിയ ലക്ഷണങ്ങളോടെയോ ആണ് പൊതുവെ ഫാറ്റിലിവർ രോഗം പ്രത്യക്ഷപ്പെടാറുള്ളത്. മറ്റേതെങ്കിലും രോഗത്തിന്റെ ചികിത്സക്കായി അൾട്രാസൗണ്ട് സ്കാനിംഗിന് വിധേയമാകുമ്പോഴോ രക്തപരിശോധനയ്ക്കിടയിലോ ആകസ്മികമായാണ് ഈ രോഗം നിർണയിക്കപ്പെടുന്നത്.

വിശപ്പില്ലായ്മ, ഛർദി, ശരീരഭാരം കുറയൽ, ക്ഷീണം തുടങ്ങിയ ലക്ഷണങ്ങൾ ഫാറ്റി ലിവറിന്റെ പ്രാരംഭ ഘട്ടത്തിൽ കാണപ്പെടാം. ഇത് ഗുരുതരമായ അവസ്ഥയിലേക്ക് പുരോഗമിക്കുന്ന ഘട്ടത്തിൽ ശരീരത്തിന്റെ താപനില വർദ്ധിക്കുക, ചർമ്മത്തിന് മഞ്ഞനിറം കാണപ്പെടുക, ചൊറിച്ചിൽ, ഉയർന്ന ടെൻഷൻ, കുടൽ രക്തസ്രാവം, കാലുകളിലെ നീർക്കെട്ട്, അടിവയറ്റിൽ വേദന എന്നിങ്ങനെയുള്ള ലക്ഷണങ്ങൾ അനുഭവപ്പെടാം.

ഗർഭകാലത്തുണ്ടാകുന്ന ഹോർമോൺ മാറ്റവും ആർത്തവവിരാമത്തിലേക്കുള്ള മാറ്റവും കാരണമായി ഗർഭിണികളിലും ഈ രോഗം കൂടുതലായി കണ്ടുവരുന്നു. അടിവയറ്റിൽ അസ്വസ്ഥതയും ക്ഷീണവും ഈ സമയത്തു

ണ്ടായേക്കാം. ലിവർ പ്രവർത്തനം ഗർഭകാലത്ത് അനിവാര്യമായതിനാലും അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിനും ജീവനും കാര്യമായ അപകടസാധ്യത സൃഷ്ടിക്കുന്നതിനാലും ഇത്തരം ലക്ഷണങ്ങൾ അനുഭവപ്പെട്ടാൽ ഉടനെ ചികിത്സ തേടണം.

## അപകട ഘടകങ്ങൾ

പ്രമേഹം, പൊണ്ണത്തടി എന്നിവ ഫാറ്റി ലിവർ രോഗത്തിനു കാരണമാകുന്ന ഘടകങ്ങളിൽ പ്രധാനമാണ്. പ്രായഭേദമന്യേ പലരും അഭിമുഖീകരിക്കുന്ന പ്രശ്നമാണ് അമിതവണ്ണം. ലോകത്ത് എട്ടു പേരിൽ ഒരാൾക്ക് പൊണ്ണത്തടിയുണ്ടെന്നാണ് സമീപകാല പഠനങ്ങൾ തെളിയിക്കുന്നത്. പൊണ്ണത്തടി ഒരു സൗന്ദര്യ പ്രശ്നമായി മാത്രം കാണുന്നവരാണിന്ന് അധികവും. എന്നാൽ ഒരു രോഗമായി കണ്ടാൽ മാത്രമേ പൊണ്ണത്തടിയുടെ ഗൗരവം ഉൾക്കൊള്ളാനാകൂ.

തെറ്റായ ഭക്ഷണക്രമവും മാറിയ ജീവിതശൈലിയും സൃഷ്ടിക്കുന്ന ഗുരുതര പ്രശ്നമാണ് പൊണ്ണത്തടി. ശരീരത്തെ ദോഷകരമായി ബാധിക്കുന്ന ഒരസുഖമാണത്. രക്തസമ്മർദ്ദം, ഹൃദയസ്തംഭനം, സന്ധിവേദന, ഫാറ്റിലിവർ തുടങ്ങിയ നിരവധി രോഗങ്ങൾക്കിത് കാരണമാകാറുണ്ട്. പൊണ്ണത്തടി കരളിനെ പലതരത്തിൽ ബാധിക്കും. ഭക്ഷണം ധാരാളമായി കഴിക്കുകയും ആനുപാതികമായി വ്യായാമം നടക്കാതിരിക്കുകയും ചെയ്യുമ്പോൾ ശരീരഭാരം കൂടുകയും കൊഴുപ്പ് കരളിലും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലും അടിഞ്ഞുകൂടുകയും ചെയ്യുന്നതാണ് പൊണ്ണത്തടി. ഇത് കരൾവീക്കം പോലെ ഗുരുതരമായ സങ്കീർണതകൾക്കും കരൾകാൻസറിനുമിടയാക്കുന്നു. അതുപോലെ കരൾ എൻസൈമുകളുടെ വർദ്ധനവ് രണ്ടോ മൂന്നോ മടങ്ങായി വർദ്ധിക്കാനും പൊണ്ണത്തടി കാരണമാകും.

ഫാറ്റിലിവറിന്റെ സാധ്യത വർധിപ്പിക്കുന്ന മറ്റൊരു ഘടകമാണ് പ്രമേഹം. രക്തത്തിലെ പഞ്ചസാരയുടെ അളവ് ക്രമാതീതമായി വർധിക്കുന്നതാണ് പ്രമേഹം.




പൊണ്ണത്തടി കരളിനെ പലതരത്തിൽ ബാധിക്കും. ഭക്ഷണം ധാരാളമായി കഴിക്കുകയും ആനുപാതികമായി വ്യായാമം നടക്കാതിരിക്കുകയും ചെയ്യുമ്പോൾ ശരീരഭാരം കൂടുകയും കൊഴുപ്പ് കരളിലും ശരീരത്തിന്റെ മറ്റു ഭാഗങ്ങളിലും അടിഞ്ഞുകൂടുകയും ചെയ്യുന്നതാണ് പൊണ്ണത്തടി. ഇത് കരൾവീക്കം പോലെ ഗുരുതരമായ സങ്കീർണതകൾക്കും കരൾകാൻസറിനുമിടയാക്കുന്നു. അതുപോലെ കരൾ എൻസൈമുകളുടെ വർദ്ധനവ് രണ്ടോ മൂന്നോ മടങ്ങായി വർദ്ധിക്കാനും പൊണ്ണത്തടി കാരണമാകും.

ലോകമെമ്പാടും പ്രമേഹരോഗികളുടെ എണ്ണം വർദ്ധിച്ചു വരികയാണ്. പൊണ്ണത്തടി പോലെ ആഹാരക്രമത്തിലെ വ്യത്യാസവും ജീവിതശൈലീ വ്യതിയാനവുമാണ് പ്രമേഹം വർധിക്കാനും കാരണമാകുന്നതെന്ന് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഇത് കരൾ ഉൾപ്പെടെയുള്ള ആന്തരികാവയവങ്ങളെ നശിപ്പിക്കുന്നതാണ്. പഞ്ചസാര വലിയ അളവിൽ ഗ്ലൂക്കോസിനെ ഉപാപചയം നടത്തുകയും കൊഴുപ്പായി സംഭരിക്കുകയും ചെയ്യുന്നതിലൂടെ കരളിൽ വീക്കമുണ്ടാകും. നിലവിൽ, ഫാറ്റിലിവർ രോഗത്തിന്റെ പ്രാഥമിക ചികിത്സാ സമീപനം പ്രമേഹം, പൊണ്ണത്തടി തുടങ്ങിയ ഘടകങ്ങളെ നിയന്ത്രിക്കുക എന്നതാണ്.

മദ്യപാനം, ഉറക്കമില്ലായ്മ, വ്യായാമില്ലായ്മ, ക്രമരഹിത ഭക്ഷണം തുടങ്ങിയ ശീലങ്ങളും ഫാറ്റിലിവർ സാധ്യത വർദ്ധിപ്പിക്കുന്നു.

## പ്രതിരോധ മാർഗം

പ്രാരംഭഘട്ടത്തിൽ തന്നെ തിരിച്ചറിഞ്ഞാൽ ജീവിതശൈലിയിൽ മാറ്റം വരുത്തുന്നതിലൂടെ ഫാറ്റിലിവർ നിയന്ത്രിക്കാനും ക്രമേണ പൂർണ്ണമായി ഭേദമാക്കാനും കഴിയും. ഓരോ ദിവസവും കുറഞ്ഞത് 30 മുതൽ 45 മിനിറ്റ് വരെ നടത്തം, സൈക്ലിംഗ് പോലുള്ള വ്യായാമം, അനുയോജ്യമായ ഭക്ഷണക്രമം എന്നിവ

അനിവാര്യമാണ്. സ്ഥിരമായി വ്യായാമം ചെയ്യുന്നവർ ഓട്സ്, ഫിഷ് പോലുള്ള കലോറി കൂടിയ ഭക്ഷണങ്ങൾ മെനുവിൽ ഉൾപ്പെടുത്തുന്നതും ഫാറ്റിലിവർ പ്രതിരോധിക്കാനുള്ള മാർഗങ്ങളാണ്.

വ്യായാമം ശീലിക്കാത്തവർ കലോറി കൂടിയ ഭക്ഷണങ്ങൾ, ബേക്കറികൾ, മധുരം എന്നിവ കഴിക്കാതിരിക്കുക. അവക്കാഡോ, ബ്ലൂബെറി, മുന്തിരി തുടങ്ങിയ പഴങ്ങളും കാബേജ്, ബ്രോക്കോളി, കോളിഫ്ളവർ തുടങ്ങിയ പച്ചക്കറികളും ധാന്യങ്ങൾ, ഇലക്കറികൾ തുടങ്ങിയ നാരുകളടങ്ങിയ ഭക്ഷണവും മെനുവിൽ ഉൾപ്പെടുത്തുക. പൊണ്ണത്തടി കുറയ്ക്കാനും കൊളസ്ട്രോൾ നിയന്ത്രിക്കാനും പ്രമേഹത്തിന് പരിഹാരം കാണാനും നാരുകളടങ്ങിയ ഭക്ഷണത്തിനു കഴിയും. കൊഴുപ്പ് കുറഞ്ഞ പാലുൽപന്നങ്ങൾ ഭക്ഷണത്തിൽ ഉൾപ്പെടുത്താവുന്നതാണ്. കൊഴുപ്പുള്ള ഭക്ഷണം പരമാവധി ഒഴിവാക്കുന്നതാണ് ഉത്തമം. രക്തത്തിലെ കൊഴുപ്പിനെ സംസ്കരിക്കാനുള്ള കരളിന്റെ ശേഷി കുറയുന്നതു കാരണം ഇത്തരം രോഗികൾ കൊഴുപ്പടങ്ങിയ ഭക്ഷണങ്ങൾ കൂടുതൽ കഴിച്ചാൽ അവസ്ഥ വഷളാകും. മാംസം, ചീസ്, പനീർ എന്നിവ പരിമിതപ്പെടുത്തുക. രാവിലെയും ഉച്ചക്കും മിതമായും രാത്രിയിൽ വളരെ കുറഞ്ഞയളവിലും ഭക്ഷണം കഴിക്കുക.

ഉപ്പും പഞ്ചസാരയും പരിമിതപ്പെടുത്തുക. രക്തത്തിലെ പഞ്ചസാരയുടെയും കൊളസ്ട്രോളിന്റെയും അളവ് കൃത്യമായി നിലനിർത്തുന്നത് ഫാറ്റിലിവർ കുറയ്ക്കാൻ സഹായിക്കും. ദിവസവും കുറഞ്ഞത് 2 ലിറ്റർ വെള്ളം കുടിക്കുക. ശരീരത്തിലടങ്ങിയ വിഷാംശം പുറന്തള്ളാനും ശരീരത്തിന് ഉന്മേഷം നൽകാനും വെള്ളത്തിനു കഴിയും. അമിതവണ്ണമുള്ളവർ ശരീരഭാരം ചിട്ടയായ വ്യായാമത്തിലൂടെയും ആഹാരനിയന്ത്രണത്തിലൂടെയും അഞ്ചു മുതൽ പത്തു ശതമാനം വരെ കുറച്ചാൽ ഫാറ്റിലിവറിനെ ഗണ്യമായി കുറക്കാൻ കഴിയും. പുകവലിയും മദ്യപാനവും പൂർണ്ണമായി നിർത്തുക. മദ്യപാനം ശരീരഭാരം വർദ്ധിക്കാനും കരളിൽ കൊഴുപ്പടിഞ്ഞു കൂടാനും കാരണമാകും. ഫാറ്റിലിവർ അസുഖമുള്ളവർ എണ്ണ, മൈദ എന്നിവ അടങ്ങിയ ഭക്ഷണങ്ങളും സോഫ്റ്റ് ഡ്രിങ്ക്സും ഒഴിവാക്കണം.

ഒമേഗ 3 അടങ്ങിയ ചാള, അയല, നത്തോലി പോലുള്ളവ ഭക്ഷണത്തിൽ ഉൾപ്പെടുത്താം. നട്സ്, ഒലിവ് ഓയിൽ, കാപ്പി എന്നിവ കഴിക്കാം.

മരുന്നുകൊണ്ട് ചികിത്സിക്കാനാകാത്ത രോഗമായതിനാൽ ഫാറ്റിലിവർ രോഗികൾക്ക് ഭക്ഷണ വ്യായാമങ്ങളിലൂടെ പ്ലാനുകളിൽ കൃത്യമായ ചിട്ടയുണ്ടായിരിക്കൽ അനിവാര്യമാണ്.

ആരോഗ്യം

മുനീബ റൈഹാൻ

# പ്രസവ ശേഷമുള്ള വിഷാദരോഗം

സ്ത്രീകൾക്ക് കൂടുതൽ പരിഗണയും പരിചരണവും ആവശ്യമായ സമയമാണ് പ്രസവാനന്തര സമയം. ശാരീരികമായ തളർച്ച ദിവസങ്ങൾക്കകം മാറുമെങ്കിലും മാനസികമായ തളർച്ചയിൽ നിന്ന് കരകയറാൻ കൂടുതൽ കാലമെടുത്തേക്കാം. ഈ അവസ്ഥയിൽ വിഷാദരോഗം വരാനുള്ള സാധ്യത കൂടുതലാണ്. കുഞ്ഞിന്റെയോ ഉമ്മയുടെയോ മരണത്തിനു വരെ ഇത് കാരണമായേക്കാം. 80% സ്ത്രീകളിൽ ഈ വിഷാദരോഗത്തിന്റെ ലക്ഷണങ്ങൾ കാണപ്പെടാറുണ്ട്. വിഷാദമാണ് താൻ അനുഭവിക്കുന്നതെന്നു പലരും തിരിച്ചറിയാറില്ലെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

ഗർഭസമയത്ത് സ്ത്രീയുടെ ശരീരത്തിൽ ഉയർന്ന അളവിൽ കാണുന്ന ഹോർമോണുകൾ പ്രസവശേഷം പെട്ടെന്ന് കുറയുന്നതാണിതിന്റെ പ്രഥമ കാരണം. വിഷാദരോഗം പൊതുവെ മൂന്നിനമുണ്ട്.

### 1. പോസ്റ്റ് പാർട്ടം ബ്ലൂസ്

പ്രസവം കഴിഞ്ഞ തൊട്ടടുത്ത രണ്ടോ മൂന്നോ ദിവസം വെറുതെയുള്ള കരച്ചിൽ. ഉന്മേഷക്കുറവ്, കുഞ്ഞിനോട് ദേഷ്യം തോന്നൽ, പെട്ടെന്ന് സങ്കടം വരൽ, ആളുകളോട് ഇടപഴകാൻ തോന്നാതിരിക്കൽ എന്നിവ ഇതിന്റെ ലക്ഷണങ്ങളാണ്. വീട്ടുകരിൽ നിന്നും ഭർത്താവിൽ നിന്നും ലഭിക്കുന്ന ആശ്വാസവാക്കുകൾ ഈ അവസ്ഥയിൽ നിന്ന് പെട്ടെന്നു മോചനം ലഭിക്കാൻ സഹായകമാകും. അത്ര ഗൗരവമേറിയതല്ലെങ്കിലും രോഗാവസ്ഥ വേഗത്തിൽ തിരിച്ചറിയൽ പ്രധാനമാണ്.

### 2. പോസ്റ്റ് പാർട്ടം ഡിപ്രഷൻ

പോസ്റ്റ് പാർട്ടം ബ്ലൂസിനെക്കാൾ ഗൗരവമുള്ള ഘട്ടമാണിത്. ഈ അവസ്ഥയിൽ സ്ത്രീ ഒറ്റയ്ക്ക് റൂമിലിരിക്കുക, വെറുതെ കരയുക, ആരോടും മിണ്ടാതിരിക്കുക, കുഞ്ഞിനെ നോക്കാതിരിക്കുക എന്നിങ്ങനെയുള്ള സ്വഭാവങ്ങൾ കാണിച്ചേക്കാം. ഇത് ഒരു മാസങ്ങളോളം നീണ്ടുനിൽക്കുകയും ചെയ്തേക്കാം.

### 3. പോസ്റ്റ് പാർട്ടം സൈക്കോസിസ്

ഏറ്റവും അപകടരമായ ഘട്ടമാണിത്. ഈ ഘട്ടത്തിൽ ആത്മഹത്യ പോലുള്ള സാഹസങ്ങൾക്കു വരെ സ്ത്രീ മുതിർന്നേക്കാം.

ഈ ഘട്ടങ്ങളിലെല്ലാം സ്വന്തം ഭർത്താവിന്റെ സാന്നിധ്യവും ആശ്വാസവാക്കുകളുമായിരിക്കും സ്ത്രീകൾ കൂടുതൽ ആഗ്രഹിക്കുക. എന്നാൽ, ഈ സമയത്ത് ഭർത്താക്കന്മാർ ഭാര്യമാരുടെ അടുത്തേക്ക് പോകുന്നതു പോലും കുറ്റമായി കാണുന്നവരാണ് പലരും. അടുത്ത കൂട്ടുകാരുമായും കുടുംബക്കാരുമായും കാര്യങ്ങൾ തുറന്നു സംസാരിക്കുന്നത് പ്രസവാനന്തര മാനസിക പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു പരിധിവരെ സഹായിക്കും.




സിയാദ് സഖാഫി പാറന്നൂർ

# ഖാളിയുടെ അധികാരങ്ങളും പ്രവർത്തനരീതികളും

ഇസ്ലാമിൽ ഖാളിസ്ഥാനത്തിന് വലിയ പ്രാധാന്യമുണ്ട്. ഭരണകൂടമോ തത്തുല്യ സ്ഥാനമുള്ള കേന്ദ്രമോ നിയമിക്കുന്ന ഖാളി ഒരു ജഡ്ജി(ഹാകിം)യുടെ പദവിയിലായിരിക്കും. തന്റെ മുന്നിലെത്തുന്ന പ്രശ്നങ്ങൾക്കുള്ള ഇസ്ലാമിക നിയമം പ്രഖ്യാപിക്കാനും അത് നടപ്പാക്കാനും ഖാളിക്കു കഴിയണം.

ഇസ്ലാമിക നിയമം പ്രമാണങ്ങൾക്കനുസരിച്ച് പറഞ്ഞുകൊടുക്കുന്നയാളാണ് മുഫ്തി. ഇതിനും മീതെയാണ് ഖാളിയുടെ സ്ഥാനം. ഇസ്ലാമിക നിയമമനുസരിച്ച് വിധി പ്രഖ്യാപിക്കാനും അത് നടപ്പിൽ വരുത്താനുമുള്ള അധികാരം ഖാളിക്കുണ്ടെന്നതാണ് കാരണം. ഈ പദവി ഖാളിക്കു ലഭിക്കണമെങ്കിൽ വിധി നടപ്പിൽ വരുത്തുവാൻ പ്രാപ്തിയുള്ള ഒരു വ്യക്തിയോ ഭരണകൂടമോ ഖാളിയെ നിയമിക്കണം. ഖാളിക്ക് സ്വയം നിയമിതനാവാൻ കഴിയില്ല. ഖാളിയെ നിയമിച്ചവരുടെ പിൻബലവും വിധി നടപ്പിൽ വരുത്തുന്നതിൽ അവരുടെ പ്രാപ്തിയും ഖാളിയുടെ ശക്തി വർദ്ധിപ്പിക്കും.

ഇതിന് അഞ്ചു ഘടകങ്ങൾ അനിവാര്യമാണ്.

1. നിയമിക്കുന്ന ഒരു വ്യക്തിയോ കേന്ദ്രമോ വേണം.
2. ഇവരാൽ നിയമിതനാകുന്ന ഒരു ഖാളി ഉണ്ടാവണം.
3. നിയമനം ഏതു വിഷയത്തിലാണെന്ന വ്യക്തത വേണം.
4. നിയമിക്കപ്പെടുന്ന പ്രദേശം വ്യക്തമാക്കപ്പെടണം.
5. നിയമിക്കുന്നതിനുള്ള വചനങ്ങൾ വേണം. (ജമൽ: 5-335)

ഇസ്ലാമിക രാഷ്ട്രങ്ങളിലും മുസ്ലിംകൾക്ക് സ്വതന്ത്രമായി മതനിയമങ്ങൾ അനുസരിച്ച് ജീവിക്കാനും ക്രിമിനൽ, സിവിൽ നിയമങ്ങളിൽ ഇസ്ലാമിക നിയമമനുസരിച്ച് വിധി നടപ്പാക്കാനും സ്വാതന്ത്ര്യമുള്ള പ്രദേശങ്ങളിലാണ് പ്രസ്തുത ഘടകങ്ങൾ ബാധകമാവുക. എന്നാൽ, ഇന്ന് നമ്മുടെ നാടുകളിൽ നിയമിതരാകുന്ന ഖാളിമാരുടെ അധികാരങ്ങൾ പരിമിതമാണ്. നാട്ടിലെ കൈകാര്യകർത്താക്കളാണ് വർത്തമാന കാലത്ത് നാടുകളിൽ ഖാളിമാരെ നിയമിക്കാറുള്ളതെന്ന് നേരത്തെ വിവരിച്ചുവല്ലോ. അതിനാൽ അവർക്ക് അധികാരമുള്ള വിഷയങ്ങളിൽ മാത്രമേ ഖാളിക്കും ഇടപെടാൻ അധികാരമുള്ളൂ.

ഖാളിയെ നിയമിക്കുമ്പോൾ ഏതെല്ലാം വിഷയത്തിലാണ് നിയമനം എന്ന് വ്യക്തമാക്കേണ്ടതുണ്ട്. ഇമാം ഖാളിയെ ചുമത

ലപ്പെടുത്തുമ്പോൾ നിശ്ചിത വിഷയത്തിലാണെന്നു പറഞ്ഞാൽ അതിൽ മാത്രമേ അധികാരം ഉണ്ടാവുകയുള്ളൂ. വിഷയങ്ങൾ നിർണ്ണയിച്ചു പറഞ്ഞിട്ടില്ലെങ്കിൽ അധികാരപ്പെടുത്തിയ ഇമാമിന് അധികാരമുള്ള വിഷയങ്ങളിലെല്ലാം ഖാളിക്കും അധികാരമുണ്ടാകും. നാട്ടിലെ കൈകാര്യകർത്താക്കളാണ് ഏൽപ്പിക്കുന്നതെങ്കിൽ അവർക്ക് ഇടപെടാൻ അധികാരമുള്ള വിഷയങ്ങളിൽ മാത്രമേ ഖാളിക്കും അധികാരം ഉണ്ടാവുകയുള്ളൂ എന്നു പറയാനുള്ള കാരണം ഇതാണ്. അതിനാൽ, ക്രിമിനൽ നിയമങ്ങളിലോ വൈവാഹിക നിയമങ്ങളിൽ പ്രത്യേക ആക്റ്റുകൾ നിലവിലുള്ള പൊതു നിയമങ്ങളിലോ ഖാളിക്ക് അധികാരമുണ്ടാവുകയില്ല. എന്നാൽ ഭരണകൂടം കൈകടത്താത്ത മത വിഷയങ്ങളിൽ ഖാളിക്ക് അധികാരമുണ്ട്. ആരാധനാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങൾ, വിവാഹം, അനന്തര സ്വത്ത്, ഇമാമത്ത്, ഖുത്വുബ, മാസപ്പിറവി, തന്റെ സ്ഥാനവും അധികാരവും അംഗീകരിക്കുന്നവർക്കിടയിലുള്ള പ്രശ്നങ്ങൾക്ക് തീർപ്പു കൽപ്പിക്കൽ തുടങ്ങിയ കാര്യങ്ങളെല്ലാം ഖാളിയുടെ നിയന്ത്രണത്തിലും അധികാരത്തിലും വരുന്നതാണ്.



## വിവാഹം

ഇക്കാലത്ത് ഖാളിമാർ ഏറ്റവും കൂടുതൽ ഇടപെടുന്ന കാര്യങ്ങളിലൊന്നാണ് നികാഹ്. നാട്ടിലെ എല്ലാ നികാഹുകളും ഖാളിയുടെയോ നാഇബ് ഖാളിയുടെയോ കാർമികത്വത്തിലാണ് നടക്കുന്നത്. നികാഹിന്റെ ഖുത്വുബ നിർവഹിക്കാനും രക്ഷിതാവിനും വരനും നികാഹ് സമയത്ത് ചൊല്ലേണ്ട വചനങ്ങൾ (ഈജാബും ഖബൂലും) പറഞ്ഞു കൊടുക്കാനും ദുആ ചെയ്യാനും പണ്ഡിതന്മാരായ ഖാളിമാരുടെ സാന്നിധ്യം വിലപ്പെട്ടതാണ്. അതിനുപുറമെ, നികാഹിന്റെ സാധുതക്ക് നീതിമാന്മാരായ രണ്ട് സാക്ഷികൾ നിർബന്ധമാണല്ലോ. എന്തുകൊണ്ടും അതിനും അനുയോജ്യർ ഖാളിമാർ തന്നെയാണ്. സദസ്സിൽ ധാരാളം പേരുണ്ടായാലും നീതിമാന്മാരുടെ നിബന്ധനയൊത്തവർ ചുരുക്കമായിരിക്കുമല്ലോ. ഖാളിയെ കൊണ്ട് അതും പരിഹരിക്കപ്പെടുമെന്നർത്ഥം.

ചില ഘട്ടങ്ങളിൽ വലിയ്യിന്റെ സ്ഥാനത്തു നിന്ന് നികാഹ് ചെയ്തു കൊടുക്കേണ്ട ഉത്തരവാദിത്തവും ഖാളിക്കുണ്ടാകാം. തന്റെ അധികാരപരിധിയിലുള്ള മഹല്ലുകളിലെ പെൺകുട്ടികളെ വിവാഹം കഴിച്ചു കൊടുക്കേണ്ട അധികാരം ഖാളിക്കുണ്ടാവുന്ന സാഹചര്യങ്ങൾ കർമശാസ്ത്ര പണ്ഡിതർ വിശദീകരിച്ചിട്ടുണ്ട്.

1. രക്ഷിതാവ് മരണപ്പെട്ട സ്ത്രീക്ക് വലിയ്യുകളിൽ ഒരാളുമില്ലാത്ത സാഹചര്യത്തിൽ ഖാളിയാണ് നികാഹ് ചെയ്തു കൊടുക്കേണ്ടത്. 'മുസ്‌ലിം ഭരണാധിപൻ രക്ഷിതാവില്ലാത്തവരുടെ രക്ഷിതാവാണ്' എന്ന് ഹദീസിൽ വന്നിട്ടുണ്ട്. ഹദീസിൽ പരാമർശിച്ച 'സുൽത്വാൻ' എന്ന പ്രയോഗത്തിൽ ഇമാം, ഖാളി, അവരുടെ പ്രതിനിധികൾ തുടങ്ങി അധികാരമുള്ളവരെല്ലാം ഉൾപ്പെടുന്നതാണ്. (ഫത്ഹുൽമുഈൻ: 360)

2. ശറഇന്റെ വീക്ഷണ പ്രകാരം വലിയ്യില്ലാത്ത സാഹചര്യം. അതായത് വലിയ്യ് സ്ഥലത്തുണ്ടെങ്കിലും വിവാഹം ചെയ്തു കൊടുക്കാൻ തടസ്സമാകുന്ന ശറഇയ്യായ എന്തെങ്കിലും അയോഗ്യതകളുണ്ടെങ്കിൽ ഖാളിക്കാണതിന്റെ ബാധ്യത.

3. രക്ഷിതാവ് ജീവിച്ചിരിപ്പുണ്ടോ ഇല്ലയോ എന്ന കാര്യം വ്യക്തമല്ലാത്ത സാഹചര്യം. (രക്ഷിതാവിന്റെ തിരോധാനം മുതൽ മരണം സ്ഥിരീകരിക്കാൻ വേണ്ട കാലദൈർഘ്യം ഉണ്ടായിട്ടില്ലെങ്കിലാണ് ഖാളിയിലേക്ക് നീങ്ങുന്നത്. മരണം സ്ഥിരപ്പെടുന്ന പക്ഷം അടുത്ത സ്ഥാനത്തുള്ള വലിയ്യിനാണ് ഉത്തരവാദിത്തം.

4. ഹജ്ജിനോ ഉംറക്കോ രക്ഷിതാവ് ഇഹ്റാം ചെയ്യുക.

5. പ്രായപൂർത്തിയും ബുദ്ധിയുമുള്ള ഒരു സ്ത്രീ അനുയോ



ജ്യനായ ഒരു പുരുഷന് തന്നെ വിവാഹം കഴിച്ചു കൊടുക്കണമെന്ന് രക്ഷിതാവിനോടാവശ്യപ്പെടുകയും അദ്ദേഹമത് സാധിപ്പിച്ചുകൊടുക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഖാളിക്ക് വിവാഹം ചെയ്തുകൊടുക്കാം. ഇതിന് രണ്ട് നിബന്ധനകളുണ്ട്. ഒന്ന്: ഖാളിയുടെ അടുത്ത് ഈ വിഷയം സ്ഥിരീകരിക്കപ്പെടണം.

രണ്ട്: രക്ഷിതാവിൽ നിന്നുള്ള വിസമ്മതം മൂന്നുതവണ ആവർത്തിക്കാതിരിക്കണം. മൂന്നുതവണ ആവർത്തിച്ചാൽ നിലവിലുള്ള വലിയ്യ് ഫാസിഖ് എന്ന പദവിയിലേക്കിറങ്ങും അപ്പോൾ വിവാഹം ചെയ്തുകൊടുക്കാനുള്ള അധികാരം അടുത്ത സ്ഥാനത്തുള്ള വലിയ്യിലേക്ക് നീങ്ങുന്നതാണ്. ഖാളിക്കതിൽ അധികാരമുണ്ടാവുകയില്ല. മകൾക്ക് നിശ്ചിത പുരുഷൻ അനുയോജ്യനായിരിക്കെ പിതാവ് വിസമ്മതിക്കൽ ചെറുദോഷമാണ്. ചെറുദോഷം മൂന്നുതവണ ആവർത്തിച്ചാൽ ഫാസിഖാണെന്ന് സ്ഥിരീകരിക്കപ്പെടുമല്ലോ. ഫാസിഖാകുമ്പോഴാണ് തൊട്ടടുത്തുള്ള രക്ഷിതാവിലേക്ക് അധികാരം നീങ്ങുക.

6. രക്ഷിതാവ് നിസ്കാരം ഖസ്ർ ആക്കാനുള്ള ദൂരത്തിലായിരിക്കുക. (ഏകദേശം 132 കിലോമീറ്റർ) വിവാഹം ചെയ്തു കൊടുക്കാൻ സ്ഥലത്തുള്ള ആരെയും അദ്ദേഹം ഏൽപ്പിച്ചുകൊടുത്തിട്ടില്ലെങ്കിലാണ് ഖാളിയിലേക്ക് നീങ്ങുക. എന്നാൽ 132 കിലോമീറ്റർ ദൂരപരിധിക്കുള്ളിലാണെങ്കിൽ സമ്മതം അനിവാര്യമാണ്.

7. രക്ഷിതാവ് സ്ഥലത്ത് ഹാജറുണ്ടായിട്ടും വഴി സുരക്ഷിതമല്ലാത്തതിനാലോ തടവിലായതനാലോ മറ്റോ എത്തിച്ചേരാൻ കഴിയാതിരിക്കുക.

8. വിവാഹം ചെയ്തു കൊടുക്കാനുള്ള എല്ലാ കഴിവും യോഗ്യതയുമുള്ളതോടൊപ്പം രക്ഷിതാവ് അതിനു വിസമ്മതിച്ച് ഒളിവിൽ പോവുക. (തവാരീ)

9. അധികാരഭാവം നടിച്ച് രക്ഷിതാവ് അതിൽ നിന്നു പിന്തിരിയുക. (തഅസ്സുർ)

10. രക്ഷിതാവ് സ്ത്രീയെ തന്റെ പ്രായപൂർത്തിയാകാത്ത മകന് വിവാഹം ചെയ്തു കൊടുക്കാനുദ്ദേശിക്കുക.

11. മുജ്ബിർ അല്ലാത്ത രക്ഷിതാവ് (ഉപ്പയോ, വല്യുപ്പയോ അല്ലാത്തവർ) സ്ത്രീയെ തന്റെ ചെറിയ പൗത്രന് വിവാഹം ചെയ്തു കൊടുക്കാനുദ്ദേശിക്കുക.

12. പിതാവോ വല്യുപ്പയോ ഇല്ലാത്ത പ്രായപൂർത്തിയെത്തിയ ഭ്രാന്തുള്ള സ്ത്രീയുടെ നികാഹ് ചെയ്തുകൊടുക്കേണ്ട ബാധ്യതയും ഖാളിക്കാണ്.

പ്രസ്തുത ഘട്ടങ്ങളിൽ സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കാനുള്ള അവകാശം ഖാളിക്കാണുള്ളത്.

ഇത്തരം സങ്കീർണമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ള കർമ്മശാസ്ത്ര വിധിവിലക്കുകൾ നന്നായറിയുന്നവരാവണം ഖാളിമാർ. അല്ലാതിരുന്നാൽ വലിയ അപകടങ്ങളിൽ ചെന്നുചാടും.

## അനാചാരങ്ങൾ നിയന്ത്രിക്കാം

വിവാഹ, വിവാഹേതര ആഘോഷവേളകളിൽ അനാചാരങ്ങളും അനാശാസ്യ പ്രവണതകളും ഇസ്‌ലാമിക വിരുദ്ധമായ കാര്യങ്ങളും ഇന്ന് വ്യാപകമാണ്. ഇത് ഒരു പരിധിവരെ തടഞ്ഞു നിർത്താൻ ഖാളിമാരുടെ നേതൃത്വത്തിൽ ഉമറാക്കളുടെയും മഹല്ല്കമ്മറ്റികളുടെയും ആത്മാർത്ഥ ഇടപെടലുകൾക്ക് സാധിക്കും. മഹല്ലിലുള്ള വിശ്വാസികൾക്ക് നികാഹ്, മരണം, ജാതി തെളിയിക്കാനാവശ്യമായ സർട്ടിഫിക്കറ്റ്, വിവാഹ സർട്ടിഫിക്കറ്റ് തുടങ്ങിയ കാര്യങ്ങളിൽ പള്ളിയുമായും മഹല്ല്ജമാഅത്തുമായും പല ഘട്ടങ്ങളിലും ബന്ധപ്പെടേണ്ടി വരുമല്ലോ. ഇസ്‌ലാമിക വിശ്വാസാചാരങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് മഹല്ല് ജമാഅത്തിന്റെ സഹകരണം ഉണ്ടാവില്ലെന്നും ആനുകൂല്യങ്ങളൊന്നും ലഭിക്കില്ലെന്നും ഉറച്ച തീരുമാനമെടുക്കാൻ കഴിയണം.

**പ്രായപൂർത്തിയും ബുദ്ധിയുമുള്ള ഒരു സ്ത്രീ അനുയോജ്യനായ ഒരു പുരുഷന് തന്നെ വിവാഹം കഴിച്ചു കൊടുക്കണമെന്ന് രക്ഷിതാവിനോടാവശ്യപ്പെടുകയും അദ്ദേഹമത് സാധിപ്പിച്ചുകൊടുക്കാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഖാളിക്ക് വിവാഹം ചെയ്തുകൊടുക്കാം.**

**ഇസ്‌ലാമിക വിശ്വാസാചാരങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് മഹല്ല് ജമാഅത്തിന്റെ സഹകരണം ഉണ്ടാവില്ലെന്നും ആനുകൂല്യങ്ങളൊന്നും ലഭിക്കില്ലെന്നും ഉറച്ച തീരുമാനമെടുക്കാൻ കഴിയണം. നിയമം ലംഘിക്കുന്നവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കണം. നിയമങ്ങൾ നടപ്പാക്കുമ്പോൾ തുടക്കത്തിൽ ഒരുപക്ഷേ പ്രയാസം നേരിട്ടേക്കാം. എന്നാൽ, ശിക്ഷ നടപ്പാക്കിത്തുടങ്ങുമ്പോൾ ജനങ്ങൾക്ക് കാര്യം ബോധ്യമായിത്തുടങ്ങും.**



നിയമം ലംഘിക്കുന്നവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കണം. നിയമങ്ങൾ നടപ്പാക്കുമ്പോൾ തുടക്കത്തിൽ ഒരുപക്ഷേ പ്രയാസം നേരിട്ടേക്കാം. എന്നാൽ, ശിക്ഷ നടപ്പാക്കിത്തുടങ്ങുമ്പോൾ ജനങ്ങൾക്ക് കാര്യം ബോധ്യമായിത്തുടങ്ങും. അനിസ്‌ലാമിക പ്രവർത്തനങ്ങൾ കാരണം മഹല്ല്ജമാഅത്തിൽ നിന്ന് പുറത്താക്കപ്പെടുന്നവരെ സ്വീകരിക്കാൻ കാത്തിരിക്കുന്ന സംഘടനകളും കമ്മിറ്റികളുമുള്ള കാലമാണിത്. അവരാണ് ഇത്തരം സൽപ്രവർത്തനങ്ങൾക്ക് വലിയ ശാപമാവാറുള്ളത്. രാഷ്ട്രീയവും കുടുംബമഹിമയും നോക്കാതെ ഒന്നിച്ച് തീരുമാനമെടുത്ത് മുന്നിട്ടിറങ്ങിയാൽ ഒരു പരിധിവരെ ഇത്തരം ദുരാചാരങ്ങളിൽ നിന്ന് സമുദായത്തെ രക്ഷിക്കാൻ കഴിയും.

## ബോധവൽക്കരണം പ്രധാനം

വിവാഹ നിശ്ചയം, നികാഹ് തുടങ്ങിയ സദസ്സുകളിൽ അനാചാരങ്ങളെക്കുറിച്ച് ബോധവൽക്കരിക്കാൻ ലഭിക്കുന്ന അവസരങ്ങൾ ഖാളി ഉപയോഗപ്പെടുത്തണം. പള്ളിയിലും മറ്റു മതവേദികളിലും നടക്കുന്ന പ്രഭാഷണങ്ങളും ക്ലാസുകളും കേൾക്കാത്ത വലിയൊരു വിഭാഗം ഇത്തരം സദസ്സുകളിൽ സജീവമായിരിക്കും. അവരെ ടാർഗറ്റ് ചെയ്ത് ഹൃദയത്തിൽ തട്ടുന്ന ഉപദേശങ്ങളിലൂടെ മാറ്റിയെടുക്കാൻ സാധിക്കുന്നിടത്താണ് ഖാളിയുടെ വിജയം. അവഗണിച്ച് മാറ്റിനിർത്തുന്നതിനെക്കാൾ നല്ലത് കൂടെ നിർത്തി സംസ്കരിക്കുന്നതാണല്ലോ.

## മസ്‌ലഹത്ത് കമ്മിറ്റികൾ

ഇസ്‌ലാമിക രാഷ്ട്രങ്ങളിലും ഖാളിമാർക്ക് ഹാകിമിന്റെ പദവി ലഭിക്കുന്ന സ്ഥലങ്ങളിലും പ്രശ്നങ്ങൾക്ക് തീർപ്പു കൽപ്പിക്കലും പരിഹാരം നിർദ്ദേശിക്കലും ഖാളിമാരുടെ ചുമതലയാണ്. ഇന്ന് നിലവിലുള്ള ഖാളിമാർക്ക് ഇത്തരം കേസുകളിൽ വിധി പറയാൻ ഭരണകൂടത്തിന്റെ അനുമതിയില്ല. ഇവയെല്ലാം കോടതികളിൽ നിക്ഷിപ്തമാണ്. എന്നാലും മഹല്ലുകളിൽ നടക്കുന്ന പ്രശ്നങ്ങൾക്ക് ഉചിതമായ തീരുമാനം പറഞ്ഞുകൊടുക്കാനും തന്റെ അധികാരം അംഗീകരിക്കുന്നവർക്കിടയിലുള്ള തർക്കങ്ങൾക്ക് പരിഹാരം കണ്ടെത്താനും അതാത് നാടുകളിലുള്ള ഖാളിമാർ മുന്നോട്ടുവരണം. ഇത്തരം വിഷയങ്ങൾക്ക് ഖാളിമാരെ ഉപയോഗപ്പെടുത്താൻ മഹല്ല് നിവാസികളും

സന്നദ്ധരാവണം.

മഹല്ലുകൾ കേന്ദ്രീകരിച്ച് ഖാളിമാരുടെ നേതൃത്വത്തിൽ മസ്‌ലഹത്ത് കമ്മിറ്റികളുണ്ടാക്കുകയും പക്ഷപാതരഹിതമായി പ്രവർത്തനങ്ങൾ നടത്തുകയും ചെയ്താൽ മുസ്‌ലിംസമൂഹത്തിനത് വലിയ ഉപകാരമാകും. നാടുകളിലും കുടുംബങ്ങളിലുമുണ്ടാകുന്ന ചെറിയ പ്രശ്നങ്ങൾ ആദ്യഘട്ടത്തിൽ പരിഹരിക്കാൻ കഴിയാത്തതിനാൽ കോടതികളിൽ വരെയെത്തുന്ന ഗൗരവമുള്ള കേസുകളായി മാറുന്ന സംഭവങ്ങൾ ധാരാളമുണ്ട്. ഇതുകാരണം സമയനഷ്ടവും ധനനഷ്ടവും അനുഭവിക്കുന്നതിനു പുറമെ മുസ്‌ലിംകൾ പൊതുവെ പ്രശ്നക്കാരാണെന്ന മിഥ്യാധാരണ സമൂഹത്തിൽ വ്യാപകമാവുകയും ചെയ്യുന്നു.

## വിധികളിലെ നീതി

ഖാളിമാരും മസ്‌ലഹത്ത് കമ്മിറ്റികളും തങ്ങളുടെ വിധികളിൽ നീതി പാലിക്കുന്നവരാവണം. അനീതി കാണിക്കുന്നവർക്ക് വലിയ ശിക്ഷയാണ് അല്ലാഹുവിന്റെ കോടതിയിലുണ്ടാവുക. ഖുർആൻ പറയുന്നു: 'തീർച്ചയായും, അല്ലാഹു കൽപ്പിക്കുന്നത് നീതി പാലിക്കാനും നന്മ ചെയ്യാനും കുടുംബബന്ധമുള്ളവർക്ക് നൽകാനുമാണ്.' (സൂറത്തുന്നഹ്ൽ)

മറ്റൊരു വചനത്തിൽ അല്ലാഹു പറയുന്നു: 'തീർച്ചയായും, അല്ലാഹു വിശ്വസിച്ചേൽപ്പിച്ച അമാനത്തുകൾ അവയുടെ അവകാശികൾക്ക് കൊടുത്തു വീട്ടണമെന്നും ജനങ്ങൾക്കിടയിൽ നീതിപൂർവ്വം തീർപ്പ് കൽപ്പിക്കണമെന്നും കൽപ്പിക്കുന്നു.' (സൂറത്തുന്നിസാഅ് 58)

പരലോകത്ത് അർശിന്റെ തണൽ നൽകപ്പെടുന്നവരിൽ ആദ്യ വിഭാഗം നീതിമാന്മാരായ ഭരണാധികാരികളാണ്. നൽകപ്പെട്ട അധികാരം എത്ര വലുതാണെങ്കിലും ചെറുതാണെങ്കിലും അതിനോട് നീതി പാലിക്കണം.

നബി(സ)യുടെ നീതിയിലധിഷ്ഠിതമായ വിധികളും കല്പനകളും ഇവിടെ പ്രസ്താവ്യമാണ്. മോഷണം നടത്തിയ മഖ്സൂമിയ ഗോത്രക്കാരിയായ ഒരു സ്ത്രീയുടെ ശിക്ഷാവിധി നടപ്പാക്കാനൊരുങ്ങുമ്പോൾ പ്രഗത്ഭ സ്വഹാബിയായ ഉസാമ(റ) ശിക്ഷയിൽ ഇളവു നൽകണമെന്നാവശ്യപ്പെട്ട് നബി(സ)യോട് സംസാരിച്ചു. അപ്പോൾ അവിടുന്ന് ഗൗരവപൂർവ്വം പ്രസംഗിച്ചു: 'ജനങ്ങളേ, നിങ്ങളുടെ മുൻഗാമികൾ വഴിപിഴക്കാനുള്ള കാരണം, അവരിൽ ഉന്നതരായവർ മോഷണം നടത്തിയാൽ വെറുതെ വിടുകയും ബലഹീനർ മോഷണം നടത്തിയാൽ ശിക്ഷ നടപ്പാക്കുകയും ചെയ്യുന്ന പ്രവണതയാണ്. അല്ലാഹുവാണ് സത്യം, മുഹമ്മദിന്റെ മകൾ ഫാത്വിമ മോഷ്ടിച്ചാലും അവളുടെ കൈ മുറിക്കുക തന്നെ ചെയ്യും.' (ബുഖാരി) ഒരു യഥാർത്ഥ ഭരണാധികാരിയുടെ അടിയുറച്ച പ്രഖ്യാപനമാണിത്. ഇതിൽനിന്ന് പാഠമുൾക്കൊണ്ടാവണം ജനങ്ങൾക്കിടയിലുള്ള പ്രശ്നങ്ങൾ പരിഹരിക്കേണ്ടത്.

## വിധി പറയുന്നവരറിയാൻ

വിധി പറയുന്ന ഖാളി പാലിക്കേണ്ട മര്യാദകൾ ശൈഖ് സൈനുദ്ദീൻ മഖ്ദൂം(റ) വിശദീകരിക്കുന്നു:

'വ്യത്യസ്ത പദവികളുള്ളവരാണെങ്കിലും വാദിയെയും പ്രതിയെയും ഖാളി നിർബന്ധമായും തുല്യനിലയിൽ മാനിക്കണം. സലാം മടക്കൽ, നോട്ടം, സംസാരം, ശ്രദ്ധിച്ചുകേൾക്കൽ, മുഖപ്രസന്നത, എഴുന്നേൽക്കൽ തുടങ്ങിയ കാര്യങ്ങളിലൊന്നും ഒരു കക്ഷിയോട് കൂടുതൽ അനുഭാവം കാണിക്കാൻ പാടില്ല. ഒരു കക്ഷി സലാം പറഞ്ഞാൽ മറുകക്ഷി കൂടി സലാം പറയുന്നതുവരെ കാത്തിരിക്കണം. അനിവാര്യ ഘട്ടങ്ങളിൽ സലാം മടക്കുന്നതിനിടയിൽ ഇടവേള ദീർഘിക്കുന്നതിൽ വിട്ടുവീഴ്ചയുണ്ട്. ഒരുമിച്ച് സലാം മടക്കുന്നതിനു വേണ്ടി മറുകക്ഷിയോടും സലാം പറയാൻ ആവശ്യപ്പെടാം. അറിവുകൊണ്ടോ സ്വതന്ത്രപൗരത്വം കൊണ്ടോ മഹത്വമുള്ളവരോടു പോലും തമാശ പറയരുത്. രണ്ടു കക്ഷികളെയും ഒരുമിച്ച് മുന്നിൽ തന്നെ ഇരുത്തുന്നതാണ് ഉത്തമം. (ഫത്ഹുൽമുഈൻ)

## മുൻഗണന ആർക്ക്?

വിധി തേടി കൂടുതൽ പേർ വരുമ്പോൾ ആദ്യം വരുന്നവരെ ആദ്യം പരിഗണിക്കണം. മുഫ്തിയും അധ്യാപകരുമെല്ലാം ആദ്യമെത്തുന്നവർക്ക് തന്നെയാണ് മുൻഗണന നൽകേണ്ടത്. അതുപോലെയാണ് ഇവിടെയും. എല്ലാവരും ഒരുമിച്ചു വരികയോ ആദ്യമെത്തിയവരെ തിരിച്ചറിയാതിരിക്കുകയോ ചെയ്താൽ നറുക്കിടണം. എന്നാൽ യാത്രികരെപ്പോലുള്ളവർ വ്യക്തിപരമായ നിർബന്ധ കാര്യങ്ങളിൽ പരിമിത സമയത്തിനകം വിധി തേടിയെത്തുമ്പോൾ അവരെ ആദ്യം പരിഗണിക്കണമെന്ന് ഇബ്നുഹജർ(റ) പറഞ്ഞിട്ടുണ്ട്.

## എങ്ങനെ വേണം ന്യായസഭ?

വിധി പറയുന്ന സ്ഥലം തുറസ്സായതും വിശാലവുമായിരിക്കൽ സുന്നത്താണ്. പള്ളിയെ ന്യായവേദിയാക്കൽ കറാഹത്താണ്. പള്ളിയിൽ ശബ്ദകോലാഹലങ്ങൾ ഉയരാൻ സാധ്യതയുള്ളതിനാലാണിത്. എന്നാൽ, പള്ളിയിലിരിക്കുമ്പോൾ യാദൃച്ഛികമായി വരുന്ന പ്രശ്നങ്ങൾക്ക് തീർപ്പു കൽപ്പിക്കുന്നതിനു വിരോധമില്ല. (ഫത്ഹുൽമുഈൻ)

## പാരിതോഷികം സ്വീകരിക്കാമോ?

ഖാളിയാകും മുമ്പ് പാരിതോഷികം നൽകുന്ന പതിവില്ലാത്തവർ ഒരാൾ ഖാളിയായ ശേഷം അയാൾക്ക് പാരിതോഷികം നൽകുകയോ പാരിതോഷികം നൽകൽ പതിവുള്ളവർ ഖാളിയായതിനു ശേഷം കൂടുതൽ നൽകുകയോ മുന്തിയ ഇനം നൽകുകയോ ചെയ്യുന്നുവെങ്കിൽ ആ ഹദ്‌യകൾ സ്വീകരിക്കൽ ഖാളിക്ക് ഹറാമാണ്. തന്റെ അധികാരപരിധിയിലുള്ളവരിൽ നിന്ന് സ്വീകരി

**ഇസ്‌ലാമിക വിശ്വാസാചാരങ്ങൾക്ക് വിരുദ്ധമായ പ്രവർത്തനങ്ങൾ നടത്തുന്നവർക്ക് മഹല്ല് ജമാഅത്തിന്റെ സഹകരണം ഉണ്ടാവില്ലെന്നും ആനുകൂല്യങ്ങളൊന്നും ലഭിക്കില്ലെന്നും ഉറച്ച തീരുമാനമെടുക്കാൻ കഴിയണം. നിയമം ലംഘിക്കുന്നവർക്കെതിരെ കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കണം. നിയമങ്ങൾ നടപ്പാക്കുമ്പോൾ തുടക്കത്തിൽ ഒരുപക്ഷേ പ്രയാസം നേരിട്ടേക്കാം. എന്നാൽ, ശിക്ഷ നടപ്പാക്കിത്തുടങ്ങുമ്പോൾ ജനങ്ങൾക്ക് കാര്യം ബോധ്യമായിത്തുടങ്ങും.**

ക്കുന്നതാണ് നിഷിദ്ധമാവുന്നത്. വിധിയിൽ പക്ഷപാതിത്വം കാണിക്കാനിടയായേക്കുമല്ലോ. 'ജീവനക്കാരുടെ പാരിതോഷികങ്ങൾ നിഷിദ്ധമാണ്' എന്ന് ഹദീസിൽ വന്നിട്ടുണ്ട്. മുകളിൽ പറഞ്ഞതല്ലാത്ത രൂപങ്ങളിൽ പാരിതോഷികങ്ങൾ സ്വീകരിക്കാം. അധികാരം ലഭിക്കുന്നതിനു മുമ്പ് നൽകിയവർ (അത് ഒരുതവണയാണെങ്കിലും ശരി) പൂർവാധികമോ മുന്തിയ ഇനമോ നൽകാതിരിക്കുമ്പോഴും സ്വീകരിക്കാം. നിലവിലുള്ളതോ വരാനിരിക്കുന്നതോ ആയ വ്യവഹാരത്തിലൊന്നും കക്ഷിയല്ലാത്തവരും അധികാരപരിധിക്കു പുറത്തുള്ളവരും നൽകുന്നത് സ്വീകരിക്കാം. (ഫത്ഹുൽ മുഈൻ)

## മാസപ്പിറവി തീരുമാനിക്കൽ

ഖാളിയുടെ വളരെ പ്രധാനപ്പെട്ട ചുമതലയാണ് ഹിജ്റ വർഷപ്രകാരം മാസം തീരുമാനിക്കൽ. ഹിലാൽ (മാസപ്പിറവി) കണ്ടതിന്റെ അടിസ്ഥാനത്തിൽ മാസം തീരുമാനിക്കലും നോമ്പ്, പെരുന്നാൾ പോലുള്ള കാലഗണന അടിസ്ഥാനപ്പെടുത്തിയുള്ള ആരാധനകളുടെ ദിവസം നിശ്ചയിക്കലും ഖാളിയുടെ ഉത്തരവാദിത്തമാണ്. ഇതിൽ ജ്യോതിശാസ്ത്രം അവലംബിക്കാൻ പറ്റില്ല. ഹിലാൽ കാണുക തന്നെ വേണം. കണ്ടില്ലെങ്കിൽ മാസം 30 പൂർത്തിയായതായി കണക്കാക്കണം. നബി(സ) പറഞ്ഞു: 'മാസപ്പിറവി കണ്ടതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ നോമ്പനുഷ്ഠിക്കുക. മാസപ്പിറവി കണ്ടതിന്റെ അടിസ്ഥാനത്തിൽ നിങ്ങൾ നോമ്പ് അവസാനിപ്പിക്കുകയും ചെയ്യുക. ആകാശം മേഘാവൃതമായാൽ ശഅ്ബാൻ 30 പൂർത്തിയാക്കുക.'' (ബുഖാരി:1773)

മാസം ഉദിച്ചുവോ എന്ന കാര്യം ഖാളി സ്വയം നിരീക്ഷിച്ച് ബോധ്യപ്പെടണമെന്നില്ല. നീതിമാന്മാരായ വ്യക്തികളുടെ സാക്ഷ്യത്തിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെട്ടാൽ മതി. റമളാൻ മാസം സ്ഥിരപ്പെടാൻ നീതിമാനായ ഒരു വ്യക്തി ഖാളിയുടെ അടുത്ത് സാക്ഷി പറഞ്ഞാൽ മതിയാകും.

ഇമാം ഇബ്നുഹജർ(റ) പറയുന്നു: 'റമളാൻ നോമ്പ് സ്ഥിരപ്പെടാൻ നീതിമാനായ ഒരു വ്യക്തിയുടെ സാക്ഷ്യം മതിയാകും. 'നിശ്ചയം, ഞാൻ ഹിലാൽ കണ്ടതായി സാക്ഷ്യം വഹിക്കുന്നു' എന്നോ 'ഹിലാൽ വെളിവായിരിക്കുന്നുവെന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു' എന്നോ ഖാളിയുടെ മുമ്പാകെ നീതിമാനായ ഒരു വ്യക്തി സാക്ഷ്യം വഹിച്ചാൽ റമളാൻ സ്ഥിരപ്പെടുന്നതാണ്.' (തുഹ്ഫ: 3/375)

റമളാൻ മാസം സ്ഥിരപ്പെടാൻ ഒരു സാക്ഷി മതി. എന്നാൽ, പെരുന്നാൾ സ്ഥിരപ്പെടാൻ രണ്ട് സാക്ഷികൾ അനിവാര്യമാണ്. ഇബ്നുഅബ്ബാസ്(റ) നിവേദനം. ഒരു അഅ്റാബി നബി(സ)യെ സമീപിച്ച് പറഞ്ഞു: 'നിശ്ചയം, ഞാൻ ഹിലാൽ കണ്ടിരിക്കുന്നു.' അപ്പോൾ നബി(സ) അദ്ദേഹത്തോട് ചോദിച്ചു: 'നീ അല്ലാഹുവല്ലാതെ ആരാധ്യനില്ലെന്ന് സാക്ഷ്യം വഹിക്കുന്നവനാണോ?'

'അതേ.' അദ്ദേഹം പറഞ്ഞു. നബി(സ) വീണ്ടും ചോദിച്ചു: 'മുഹമ്മദ് പ്രവാചകനാണെന്ന് നീ സാക്ഷ്യം വഹിക്കുന്നുണ്ടോ?' അതിനും അദ്ദേഹം 'അതേ' എന്ന് മറുപടി പറഞ്ഞു. അപ്പോൾ നബി(സ) ബിലാൽ(റ)വിനോട് പറഞ്ഞു: 'ജനങ്ങളെ അറിയിക്കൂ... അവർ നാളെ നോമ്പെടുത്തുകൊള്ളട്ടെ.' (അബൂദാവൂദ് 1993)

പെരുന്നാൾ സ്ഥിരപ്പെടാൻ ഖാളിയുടെ അടുത്ത് നീതിമാന്മാരായ രണ്ട് ആളുകൾ സാക്ഷ്യം വഹിക്കണം.

ഇമാം നവവി (റ) പറയുന്നു: 'രണ്ട് സാക്ഷികളുണ്ടെങ്കിൽ മാത്രമേ പെരുന്നാൾ സ്ഥിരപ്പെടുകയുള്ളൂ.' (ശറഹുൽ മുഹദ്ദബ് 6/275)

നോമ്പ് സ്ഥിരപ്പെടാൻ ഒരു സാക്ഷി മതിയെന്നും പെരുന്നാൾ സ്ഥിരപ്പെടാൻ രണ്ട് സാക്ഷികൾ വേണമെന്നും പറഞ്ഞത് സൂക്ഷ്മത പരിഗണിച്ചാണ്. ആദ്യത്തേത് ഒരു ആരാധന ആരംഭിക്കുകയാണല്ലോ. അത് തീരുമാനിക്കാൻ ഒരാൾ പറഞ്ഞാലും മതി. എന്നാൽ, പെരുന്നാൾ ദിവസം തീരുമാനിക്കുമ്പോൾ ചെയ്തുകൊണ്ടിരിക്കുന്ന ഒരു നിർബന്ധ കർമം അവസാനിപ്പിക്കുകയാണ്. ഇതിൽ കൂടുതൽ സൂക്ഷ്മത വേണമെന്നത് കണക്കിലെടുത്താണ് രണ്ടാളുകൾ വേണമെന്നു പറഞ്ഞത്.

ഇമാം നവവി(റ) പെരുന്നാളിന് രണ്ട് സാക്ഷികൾ വേണമെന്ന് പറഞ്ഞതിനുശേഷം വിശദീകരിക്കുന്നു: പെരുന്നാൾ സ്ഥിരീകരിക്കൽ നിർബന്ധമായ ഒരു കാര്യത്തെ നിർത്തലാക്കാനുള്ളതാണ്. ഫർളിനോടുള്ള സൂക്ഷ്മത കണക്കിലെടുത്താണ് അതിൽ്രണ്ടു സാക്ഷികൾ വേണമെന്നു നിശ്ചയിക്കപ്പെട്ടത്.' (ശറഹുൽ മുഹദ്ദബ്)

ലൈഫ്സ്റ്റൈൽ

ആദിൽ തിനൂർ

# വികൃത ലൈംഗികതയും സാമൂഹ്യ വിപത്തുകളും

എന്തിനെയും എങ്ങനെയും ആസ്വദിക്കുക എന്ന പൈശാചിക മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനത്തിൽ ലിബറലിസം സമ്മാനിച്ച ഒരു സാമൂഹിക വിപത്താണ് എൽ.ജി.ബി.ടി ആക്ടിവിസം. സ്ത്രീ-പുരുഷ ലൈംഗികതയാണ് സ്വാഭാവികമെന്നും അതല്ലാത്ത ലൈംഗികതളെല്ലാം പ്രകൃതിവിരുദ്ധമാണെന്നുമുള്ള പൊതുബോധമാണ് ഹെട്രോ നോർമേറ്റീവ് എന്നറിയപ്പെടുന്നത്. ഇത്തരമൊരു ചിന്താഗതിയെ തകർക്കുന്നതിന്റെ ആദ്യപടിയാണ് ജൻഡർ ന്യൂട്രൽ യൂണിഫോം. സ്വവർഗാനുരാഗം മുതൽ മൃഗരതി വരെയുള്ള ഏതു തരം ലൈംഗികാസ്വാദനവും സ്വന്തം ഇഷ്ടത്തോടെയും ഉഭയകക്ഷി സമ്മതത്തോടെയുമാണെങ്കിൽ യാതൊരു കുഴപ്പവുമില്ലെന്നും അവയെല്ലാം സ്വാഭാവികവും പ്രകൃതിപരവുമാണെന്നുള്ള ചിന്തയെയാണ് ക്വിയർ നോർമേറ്റീവ് എന്ന് പറയുന്നത്. സമൂഹം ഒന്നുകിൽ ഹെട്രോ നോർമേറ്റീവ് അല്ലെങ്കിൽ ക്വിയർ നോർമേറ്റീവ് ആയിരിക്കും. ഇങ്ങനെയുള്ള ഹെട്രോ നോർമേറ്റീവായ സമൂഹത്തെ ഇല്ലാതാക്കി പകരം ക്വിയർ നോർമേറ്റീവ് സമൂഹത്തെ സൃഷ്ടിക്കുകയാണ് ജെൻഡർ പൊളിറ്റിക്സിന്റെ താത്പര്യം. അത്തരമൊരു സമൂഹനിർമ്മിതിക്കാവശ്യമായ കരുക്കൾ നീക്കുന്നത് നയപരം, രാഷ്ട്രീയം, സാമൂഹികം എന്നക്രമത്തിലാണ്.



2016 സെപ്തംബർ 6ന് സ്വവർഗരതി ഇന്ത്യയിൽ നിയമവിധേയമാക്കി സുപ്രീംകോടതി ഉത്തരവിറക്കിയതോടെ ഇന്ത്യൻ ജുഡീഷ്യറി പോലും തങ്ങൾക്കനുകൂലമാണെന്ന് അവർ തെളിയിക്കുകയും ചെയ്തു. എയ്ഡ്സ് ബോധവത്കരണത്തിന്റെയും രോഗീപുനരധിവാസത്തിന്റെയും പേരിലാണ് ലോകത്തെ വിവിധ നഗരങ്ങളിൽ സ്വർഗാനുരാഗികളുടെ സംഘടന രൂപപ്പെട്ടത്. 1989ൽ രൂപവത്കരിക്കപ്പെട്ട എയ്ഡ്സ് വിവേചനവിരുദ്ധ സംഘടനയാണ് ഇന്ത്യയിലും സ്വവർഗലൈംഗികത നിയമവിധേയമാക്കാൻ നടത്തിയ സമരങ്ങളുടെ ചുക്കാൻ പിടിച്ചത്. പിന്നീട് 1994ൽ സ്ഥാപിതമായ നാസ് ഫൗണ്ടേഷൻ ഓഫ് ഇന്ത്യ എന്ന സംഘടന ഇതിനുവേണ്ടി മുന്നിട്ടിറങ്ങി. എയ്ഡ്സ് ബാധിതർക്കിടയിൽ പുനരധിവാസം എന്ന പേരിലായിരുന്നു തുടക്കം. സ്വവർഗ ലൈംഗികബന്ധങ്ങളെ കുറ്റമായി കാണുന്ന ഐ.പി.സി 377 വകുപ്പിനെതിരെ നടത്തിയ നിയമപോരാട്ടത്തിലൂടെയാണ് ഈ സംഘടന ശ്രദ്ധിക്കപ്പെട്ടത്. ഇതിനുവേണ്ട സാമ്പത്തിക സഹായം എയ്ഡ്സ് പുനരധിവാസത്തിന്റെ മറവി

> **സ്വവർഗാനുരാഗം പ്രകൃതിപരമല്ലെന്നുമാത്രമല്ല ഒരു സാമൂഹിക വിപത്ത് കൂടിയാണ്. പ്രകൃതിയുടെ ധർമ്മികതക്കെതിരാണ് സ്വവർഗലൈംഗികത. ഇന്ത്യ ഉൾപ്പെടെയുള്ള പ്രധാന രാജ്യങ്ങളിൽ ലൈംഗിക തൊഴിലാളികളുടെയും സ്വവർഗാനുരാഗികളുടെയും രക്തദാനം വിലക്കിയുള്ള ഉത്തരവ് മാത്രം പരിശോധിച്ചാൽ മതിയാകും സമൂഹത്തിൽ ഇത്തരം ചിന്താവൈകൃതങ്ങൾ ഉണ്ടാക്കിത്തീർക്കുന്ന വിപത്ത് മനസ്സിലാക്കാൻ.**

ലാണെന്നോർക്കണം. ഈ പണം ഉപയോഗിച്ചത് രോഗികൾക്ക് ചികിത്സ നൽകാനോ പുനരധിവസിപ്പിക്കാനോ അല്ലെന്നും ലൈംഗികവൈകൃതങ്ങൾക്കനുകൂലമായ നിയമനിർമാണത്തിനും അത് നടപ്പിലാക്കാനുമാണെന്നുമുള്ള കാര്യം വ്യക്തമാണ്. ലൈംഗികമായി പ്രയാസമനുഭവിക്കുന്ന ന്യൂനപക്ഷങ്ങൾ പീഡനമനുഭവിക്കുന്നുവെന്ന് പറഞ്ഞ് സഹതാപതരംഗം സൃഷ്ടിക്കുകയും അതിലൂടെ ഹെട്രോ നോർമേറ്റീവായ സമൂഹത്തെ പതിയെ തങ്ങളുടെ വരുതിയിലാക്കുകയുമാണിവർ ചെയ്യുന്നത്.

ക്വിയർ നോർമേറ്റീവ് ചിന്തകൾ ശാസ്ത്രലോകത്ത് ഇടം നേടിയത് സമരങ്ങളിലൂടെയും പ്രക്ഷോഭങ്ങളിലൂടെയുമായിരുന്നു. 1884 ൽ പ്രവർത്തനമാരംഭിച്ച മനോരോഗ ചികിത്സകന്മാരുടെ കൂട്ടായ്മയാണ് അമേരിക്കൻ സൈകാട്രിക്സ് അസോസിയേഷൻ. (എ.പി.എ) ഈ സംഘടനയുടെ മൂലഗ്രന്ഥത്തിന്റെ നാലാം പതിപ്പുവരെ സ്വവർഗരതിയെ മനോവൈകല്യങ്ങളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ അഞ്ചാം പതിപ്പിറങ്ങിയപ്പോൾ ഇത് രോഗമല്ലാതായി മാറിയതിനു പിന്നിൽ ശാസ്ത്രപരീക്ഷണങ്ങളായിരുന്നില്ല. മറിച്ച് ഗവേഷകരെ ഭയപ്പെടുത്തിയും അവരുടെ വീടുകളിലും അവർ നടത്തുന്ന പരിപാടികളിലും സൃഷ്ടിച്ച കലാപാന്തരീക്ഷമായിരുന്നു.

എൽ.ജി.ബി.ടി ആക്ടിവിസ്റ്റുകൾ അവരുടെ പ്രവർത്തനങ്ങൾക്ക് ജനപ്രീതി നേടാൻ കലാ-സാഹിത്യ മാധ്യമങ്ങളെ വലിയ തോതിൽ പ്രയോജനപ്പെടുത്തിയതായി കാണാം. വി.ടി നന്ദകുമാറിന്റെ നോവലിനെ ആസ്പദമാക്കി പുറത്തിറക്കിയ 'രണ്ട് പെൺകുട്ടികൾ' എന്ന സിനിമയാണ് ഈ വിഷയം സംബന്ധമായ മലയാളത്തിലെ ആദ്യ ചലചിത്രം. തുടർന്ന് നിരവധി മലയാള സിനിമ-സീരിയലുകൾ ഈ വിഷയം ആസ്പദമാക്കി പുറത്തു വന്നിട്ടുണ്ട്. അതൊക്കെ വലിയ ജനസ്വാധീനം നേടിയിട്ടുണ്ടെന്നത് നമ്മുടെ ക്യാമ്പസുകളുടെ നിലവിലെ സാംസ്കാരികാന്തരീക്ഷത്തിന്റെ മൂല്യച്യുതി വിളിച്ചോതുന്നു. കേരളത്തിലെ പ്രധാന കോളേജുകളിലെല്ലാം ഇതിന്റെ നേർചിത്രങ്ങൾ നാം കണ്ടതാണ്. ഇത്തരം ലിബറൽ ചിന്താഗതികൾ സമൂഹത്തിൽ പ്രചരിപ്പിക്കാനുള്ള ഒരു ഉപാധിയായി നമ്മുടെ പല വിദ്യാർത്ഥി സംഘടനകളും മാറിയിട്ടുണ്ടെന്നതാണ് സത്യം.

സ്വവർഗാനുരാഗം പ്രകൃതിപരമല്ലെന്നുമാത്രമല്ല ഒരു സാമൂഹിക വിപത്ത് കൂടിയാണ്. പ്രകൃതിയുടെ ധർമ്മികതക്കെതിരാണ് സ്വവർഗലൈംഗികത. ഇന്ത്യ ഉൾപ്പെടെയുള്ള പ്രധാന രാജ്യങ്ങളിൽ ലൈംഗിക തൊഴിലാളികളുടെയും സ്വവർഗാനുരാഗികളുടെയും രക്തദാനം വിലക്കിയുള്ള ഉത്തരവ് മാത്രം പരിശോധിച്ചാൽ മതിയാകും സമൂഹത്തിൽ ഇത്തരം ചിന്താവൈകൃതങ്ങൾ ഉണ്ടാക്കിത്തീർക്കുന്ന വിപത്ത് മനസ്സിലാക്കാൻ. സ്വവർഗാനുരാഗികൾക്കിടയിലെ മാരകരോഗവ്യാപനവും അത് പ്രകൃതിവിരുദ്ധമാണെന്ന വസ്തുത വിളിച്ചോതുന്നുണ്ട്. അമേരിക്കയിലെ 'സെന്റേഴ്സ് ഫോർ ഡിസീസ് കൺട്രോളി'ന്റെ 2015ലെ കണക്കനുസരിച്ച് അവിടെയുള്ള പന്ത്രണ്ട് ലക്ഷം എയ്ഡ്സ് രോഗികളിൽ 55 ശതമാനവും സ്വവർഗാനുരാഗികളാണ്. ഇതു പോലെത്തന്നെയാണ് മറ്റു ലൈംഗിക രോഗങ്ങളായ ഗൊണോറിയ, ക്ലമിഡിയ, ഹ്യൂമൻ പാപ്പിലോമ വൈറസ് എന്നിവയുടെയും അവസ്ഥ. സ്വവർഗാനുരാഗികൾക്ക് എതിർവർഗാനുരാഗികളെക്കാൾ ഗുദക്യാൻസറുണ്ടാകാൻ പതിനേഴു മടങ്ങ് സാധ്യതയുണ്ടെന്നാണ് കണ്ടെത്തൽ. സ്റ്റാഫ് ബാക്ടീരിയകൾ പരത്തുന്ന പുതിയ ഒരു തരം ത്വക്ക് രോഗം സാൻഫ്രാൻസിസ്കോ, ബോസ്റ്റൺ, ന്യൂയോർക് തുടങ്ങിയ സ്ഥലങ്ങളിലെ സ്വവർഗപ്രണയിനികൾക്കിടയിൽ പടർന്നുപിടിച്ചിരിക്കുന്നതായി 'സാൻഫ്രാൻസിസ്കോ ക്രോണിക്കിൾ' എന്ന പ്രമുഖപത്രം റിപ്പോർട്ട് ചെയ്തിരുന്നു. നിലവിലുള്ള ആന്റിബയോട്ടികൾക്ക് വഴങ്ങാത്ത ബാക്ടീരിയകളാണ് ഈ അസുഖമുണ്ടാക്കുന്നത്. അതിനാൽ ഇതിനെ ചികിത്സിച്ച് ഭേദമാക്കൽ ഒരു വെല്ലുവിളിയായിരിക്കയാണ് ആരോഗ്യവകുപ്പിന്.

ഇത്രയേറെ മാരകരോഗങ്ങൾ പടർന്നുപിടിച്ചിട്ടും പ്രകൃതിപരമെന്ന വാദം ആക്ടിവിസ്റ്റുകൾ ഉന്നയിക്കുന്നത് മൃഗങ്ങളിൽ സ്വവർഗാനുരാഗമുണ്ടെന്ന ന്യായം മുൻനിർത്തിയാണ്. വിവേചനബുദ്ധിയുള്ള മനുഷ്യന് സവിശേഷമായ ജീവിതശൈലിവേണമെന്ന മിനിമംബോധം പോലും ഇവർക്കില്ലാതെ പോയി എന്നു പറയാം. എച്ച്.ഐ.വിയും ഹെപ്പറ്റയ്റ്റിസും കൂടുതലായി കാണുന്നതും സ്വവർഗ്ഗഭോഗികളിലാണ്. ധാർമിക, സാംസ്കാരിക, മാനവികബോധമുള്ളവർക്ക് ഇത്തരം മാറ്റങ്ങളെയും ലൈംഗികവൈകൃതങ്ങളെയും ഭീതിയോടെ മാത്രമേ കാണാൻ സാധിക്കൂ.

ലൈഫ്സ്റ്റൈൽ

സകരിയ എം.കെ പാലത്തുങ്കര

# ആനന്ദത്തിന്റെ അടരുകൾ തേടി



ആനന്ദം തേടിയുള്ള യാത്രയിലാണ് മനുഷ്യരെല്ലാം. എന്നാൽ ആ യാത്രയിൽ പലരും പാതിവഴിയിൽ വീണു പോകുന്നു. അംഗഭംഗങ്ങൾ വരുന്നു. ചിലത് മരണത്തിൽ കലാശിക്കുന്നു. എന്തുകൊണ്ടായിരിക്കും ഇങ്ങനെ സംഭവിക്കുന്നത്?

ലഹരിയാണ് ആനന്ദത്തിന്റെ സത്തയെന്ന് കരുതുന്നവരുണ്ട്. ജീവിതയാത്രയിലെ ദുർഘടമായ പാതകളിലൂടെ സഞ്ചരിക്കുമ്പോൾ ദാഹശമനിയായും കേവലം വിനോദോപാധിയായുമാണ് പലരും ആദ്യം ലഹരി രുചിക്കുന്നത്. പക്ഷേ, പിന്നീട് ലഹരിയാസക്തിയിൽ അവരുടെ ജീവൻ പൊലിയുന്നു. മരണത്തെയാണ് താൻ പണം കൊടുത്ത് വാങ്ങുന്നതെന്ന പൂർണ ബോധ്യമുണ്ടെങ്കിലും ഒരു തിരിഞ്ഞുനോട്ടം സാധ്യമാകാതെ വരുന്നു. ഇത് സമൂഹത്തിന്റെ ധാർമ്മികമായ കെട്ടുറപ്പിനെ കൂടിയാണ് ബാധിക്കുന്നത്.

മാനസിക പിരിമുറുക്കത്തിൽ നിന്ന് പുറത്തു കടക്കാൻ സിനിമകളെയും സീരിയലുകളെയും കൂടെകൂട്ടുന്നവരുണ്ട്. എന്നാൽ അത് രൂപപ്പെടുത്തുന്ന സാംസ്കാരിക മൂല്യച്യുതിയെ അവർ അറിയാതെ പോകുന്നു. അനുകരണം മനുഷ്യപ്രകൃതമാണ്. കാണുന്ന കാര്യങ്ങളെ എങ്ങനെ ജീവിതത്തിൽ കൊണ്ടുവരാം എന്നവർ ആലോചിക്കുന്നു. കാല്പനികമായ ദൃശ്യങ്ങളെ യഥാർത്ഥ ജീവിതത്തിലേക്ക് പകർത്താൻ ശ്രമിക്കുന്നു. ഇതിലൂടെയാണ് സമൂഹത്തിലെ ക്രമസമാധാനം നഷ്ടപ്പെടുന്നത്. സിനിമസ്റ്റൈൽ കൊലപാതകമെന്ന തലക്കെട്ടിൽ വരുന്ന വാർത്തകൾ ശ്രദ്ധിച്ചിട്ടുണ്ടാകുമല്ലോ.

പ്രശ്നപരിഹാരത്തിനുള്ള അവസാനത്തെ അഭയകേന്ദ്രമായി പലരും കാണുന്നത് ആത്മഹത്യയാണ്. അച്ഛൻ വഴക്കു പറഞ്ഞതിന്, ഭർത്താവ് ചീത്ത പറഞ്ഞതിന് തുടങ്ങിയ നിസ്സാരകാരണങ്ങളാണ് പലരെയും ആത്മഹത്യയിലേക്കെത്തിക്കുന്നത്. ‘ഏറെ ഇഷ്ടപ്പെടുന്ന ഒരു വസ്തു കളഞ്ഞുപോകുമ്പോൾ ഒരു പാവത്താൻ കാട്ടിക്കൂട്ടുന്ന വിക്രിയകൾ ഓർക്കുക. ഏതാണ്ട് അത്തരത്തിലൊരു വിഡ്ഢിത്തം തന്നെയാണ് ആത്മഹത്യ’ എന്ന് സാമൂഹിക ശാസ്ത്രജ്ഞനായ എഡ്വേർഡ് പറയുന്നു. കുരുന്നുകളെപ്പോലും ആത്മഹത്യയിലേക്കെത്തിക്കുന്ന വിധം സമൂഹത്തിന്റെ മാനസികദൃഢത നഷ്ടപ്പെടുത്തുന്നതിൽ കാല്പനിക ചലച്ചിത്രങ്ങളുടെ പങ്ക് ചെറുതല്ല.

ഇസ്‌ലാം ആത്മഹത്യയെ ശക്തമായി നിരോധിക്കുന്നു. കഠിനമായ ശിക്ഷയുണ്ടെന്ന് താക്കീത് നൽകുന്നു. മുത്തുനബി(സ) പറഞ്ഞു: ‘ആയുധമുപയോഗിച്ച് ആത്മഹത്യ ചെയ്തവൻ ഉയിർത്തെഴുന്നേൽപ്പു നാളിൽ ആ ആയുധം കയ്യിലേന്തി വരും. അതുകൊണ്ടവൻ ശരീരത്തിൽ പ്രഹരമേൽപ്പിച്ചുകൊണ്ടിരിക്കും. ശാശ്വതമായ നരകമാണവനു ലഭിക്കുക. വിഷം കഴിച്ച് ആത്മഹത്യ ചെയ്തവൻ വളരെ പ്രയാസപ്പെട്ട്, അതിതീവ്രമായ വേദന സഹിച്ച് ആ വിഷം കുടിച്ചുകൊണ്ടിരിക്കും. ശാശ്വതമായ നരകമാണവനു ലഭിക്കുക. പർവ്വതത്തിനു മുകളിൽ നിന്ന് ചാടി ആത്മഹത്യ ചെയ്തവൻ ഉയരത്തിൽ നിന്ന് വീണ്ടും വീണ്ടും താഴേക്ക് ചാടിക്കൊണ്ടിരിക്കും. അവനും നരകമാണുള്ളത്.’ ആത്മഹത്യയുടെ അനന്തരഫലത്തെക്കുറിച്ചാണ് ഈ

**ചെറിയ തോതിൽ ആത്മവിചിന്തനത്തിനു തയ്യാറായാൽ അവസാനിക്കുന്ന പ്രശ്നങ്ങളാണ് നമ്മിൽ പലർക്കുമുള്ളത്. അപരനെ നോക്കി ഹൃദ്യമായൊന്ന് പുഞ്ചിരിക്കുമ്പോൾ, കൂട്ടുകാരന്റെ കൈ പിടിച്ച് കടൽക്കരയിലൂടെ നടക്കുമ്പോൾ, മറ്റുള്ളവരുടെ പ്രശ്നങ്ങൾക്ക് കാതോർക്കുമ്പോൾ നമ്മിൽ നാമറിയാതെ ആനന്ദത്തിന്റെ സൂര്യനുദിക്കുന്നതു കാണാം. ഹൃദയത്തിൽ സന്തോഷത്തിന്റെ വിത്തുകൾ തളിരിടുന്നതു കാണാം.**



ഹദീസ് സൂചിപ്പിക്കുന്നത്.

ചെറിയ തോതിൽ ആത്മവിചിന്തനത്തിനു തയ്യാറായാൽ അവസാനിക്കുന്ന പ്രശ്നങ്ങളാണ് നമ്മിൽ പലർക്കുമുള്ളത്. അപരനെ നോക്കി ഹൃദ്യമായൊന്ന് പുഞ്ചിരിക്കുമ്പോൾ, കൂട്ടുകാരന്റെ കൈ പിടിച്ച് കടൽക്കരയിലൂടെ നടക്കുമ്പോൾ, മറ്റുള്ളവരുടെ പ്രശ്നങ്ങൾക്ക് കാതോർക്കുമ്പോൾ നമ്മിൽ നാമറിയാതെ ആനന്ദത്തിന്റെ സൂര്യനുദിക്കുന്നതു കാണാം. ഹൃദയത്തിൽ സന്തോഷത്തിന്റെ വിത്തുകൾ തളിരിടുന്നതു കാണാം. ഹൃദ്യമായൊന്ന് ചിരിക്കാൻ ഇരുപത്തിരണ്ട് പേശികൾ മാത്രം മതി. പക്ഷേ, മുഖം കറുപ്പിച്ചിരിക്കാൻ നാല്പത്തിമൂന്ന് പേശികൾ ചലിക്കണമെന്നാണ് ശരീരശാസ്ത്രം. നാമെന്തിന് നമ്മുടെ ഊർജ്ജമിങ്ങനെ പാഴാക്കണം? പുഞ്ചിരി സ്വദഖയാണെന്നാണ് നബിവചനം. പുഞ്ചിരിയിലൂടെ ആത്മീയവും ഭൗതികവുമായ നേട്ടം നമ്മിലേക്കെത്തുന്നു.

ശത്രുവിനോട് പോലും സൗഹാർദത്തോടെ പെരുമാറാൻ സാധിക്കുക എന്നത് എത്ര മനോഹരമായ ജീവിതഗുണമാണെന്ന് ആലോചിച്ചു നോക്കൂ. ശത്രുവിൽ തീർച്ചയായും അത് മാനസാന്തരമുണ്ടാക്കും. ഒരു പരുക്കൻ മുണ്ട് പുതച്ച് മുത്തുനബി(സ) ഒരു വഴിയിലൂടെ നടന്നുപോകവെയാണ് ഗൗരവക്കാരനായ ഒരു ഗ്രാമീണൻ വന്ന് മുണ്ട് പിടിച്ചു വലിച്ചത്. ശക്തമായ വലിയിൽ തിരുമേനിയിൽ പോറലേറ്റു. ഗ്രാമീണൻ പറഞ്ഞു: 'മുഹമ്മദ്, അല്ലാഹു നൽകിയ സമ്പത്തിൽ നിന്ന് താങ്കളുടെ അനുയായികളോട് എനിക്കൽപ്പം തരാൻ പറയൂ.' മുത്തുനബി(സ) അയാളെ നോക്കി പുഞ്ചിരിച്ചു. ആവശ്യപ്പെട്ടത് കൊടുക്കാൻ അനുയായികളോട് ആവശ്യപ്പെടുകയും ചെയ്തു. നോക്കൂ, എത്ര മഹത്തരമായ സമീപനം! മുത്തുനബി(സ) പഠിപ്പിക്കുന്നു: 'ആരെങ്കിലും പ്രതികരിക്കാൻ കഴിവുണ്ടായിരിക്കെ ദേഷ്യമടക്കി വെച്ചാൽ അന്ത്യനാളിൽ അവനെ വിളിക്കും. അവനിഷ്ടമുള്ള സ്വർഗീയാസ്വാദനങ്ങൾ തിരഞ്ഞെടുക്കാനുള്ള അവസരം നൽകും.'

അസൂയ മനുഷ്യന്റെ കൊടിയ ശത്രുവാണ്. അപരന്റെ നേട്ടങ്ങളിൽ സന്തോഷിക്കാൻ നമുക്കു കഴിയണം. അനിനു സന്മനസ്സു കാണിക്കാതെ നശിക്കണമെന്നാഗ്രഹിക്കുന്നത് എത്ര മൗഢ്യമാണ്. മുത്തുനബി(സ) പറഞ്ഞു: 'നിങ്ങൾ അസൂയയെ സൂക്ഷിക്കണം. തീ വിറകു തിന്നുന്നതു പോലെ അസൂയ നന്മകളെ കാർന്നു തിന്നും.'

മറ്റുള്ളവരുടെ സന്തോഷത്തിൽ പങ്കുചേരുമ്പോഴാണ് നമുക്കിടയിൽ സാഹോദര്യമുണ്ടാകുന്നത്. മുത്തുനബി(സ) പഠിപ്പിക്കുന്നു: 'ഭൗതിക കാര്യങ്ങളിൽ നിങ്ങൾ നിങ്ങളെക്കാൾ താഴേക്കിടയിലുള്ളവരിലേക്ക് നോക്കൂ. നിങ്ങളെക്കാൾ മുകളിലുള്ളവരെ നോക്കരുത്. നിങ്ങൾക്ക് അല്ലാഹു ചെയ്തു തന്ന അനുഗ്രഹങ്ങളെ വില കുറച്ചു കാണാതിരിക്കാൻ അതാണുത്തമം.' എത്ര സുന്ദരമായ വചനം. തെരുവിലേക്കിറങ്ങി നോക്കൂ. എത്ര ജനങ്ങളാണ് മരം കോച്ചുന്ന തണുപ്പും അത്യുഷ്ണവും സഹിച്ച് ഉടുതുണിക്ക് മറുതുണിയില്ലാതെ

നടപ്പാതകളിൽ കിടന്നുറങ്ങുന്നത്. എത്രയെത്ര ബാല്യങ്ങളാണ് ഒരു നേരത്തെ ഭക്ഷണത്തിനുവേണ്ടി ഹോട്ടലുകൾക്കു പിന്നിലെ കുപ്പകൾ ചികയുന്നത്!

അവരെ സഹായിക്കുമ്പോൾ, അന്നം നൽകുമ്പോൾ അനിർവചനീയമായ ഒരാനന്ദം നുകരാൻ കഴിയും. അവരുടെ നിഷ്കളങ്കമായ ചിരി നമ്മെ സന്തോഷിപ്പിക്കും. ഒരു പൊതിച്ചോറുമായി അവരിലേക്കിറങ്ങി നോക്കൂ. അവർ നിങ്ങളെ സ്നേഹം കൊണ്ട് പൊതിയും. അവരുടെ ആത്മാർത്ഥമായ പ്രാർത്ഥനകൾ മാത്രം മതിയാകും നമുക്ക് ഇരുലോകവിജയം നേടാൻ. വിശ്വാസിയുടെ ഹൃദയത്തിൽ സന്തോഷം പകരുന്നത് സ്വദഖയാണെന്ന മഹദ് വചനമെത്ര മനോഹരം! അപ്പോൾ പ്രയാസങ്ങൾ നമുക്കൊന്നുമല്ലാതാകും. എണ്ണമറ്റ അനുഗ്രഹങ്ങൾ സദാ ചൊരിയുന്ന അല്ലാഹുവിനെ നാം സ്തുതിച്ചുകൊണ്ടേയിരിക്കും.

നാല് ചുമരുകൾക്കുള്ളിലെ സ്ക്രീൻ സ്പേസിൽ നിന്ന് പ്രകൃതിയുടെ മനോഹാരിതയിലേക്ക് കണ്ണോടിച്ചു നോക്കൂ. ഉള്ളിൽ സന്തോഷത്തിന്റെ ചില്ലകൾ പടരുന്നതു കാണാം. പക്ഷിമൃഗാദികളുടെ താളങ്ങൾ ഹൃദയത്തെ കവർന്നെടുക്കും. പരുന്നൊഴുകുന്ന നദികളിലേക്ക് കണ്ണുനട്ടിരിക്കുമ്പോൾ ആശ്വാസത്തിന്റെ കുളിർകാറ്റ് ഹൃദയത്തിലേക്കടിച്ചു വീശും. കണ്ണിൽ പുതുവെളിച്ചം തെളിയും.

പരസ്പര സ്നേഹവും കരുതലുമുള്ള ജീവിതത്തിന് മധുരമേറെയാണ്. അയൽവാസിയോട് സൗഹാർദ്ദത്തോടെ പെരുമാറുമ്പോൾ ഒരു സ്നേഹസമൂഹം രൂപപ്പെടുന്നു. അയൽവാസി പട്ടിണി കിടക്കുമ്പോൾ വയറു നിറയ്ക്കരുതെന്ന സത്യമത ദർശനം എത്ര മനോഹരം! അവിശ്വാസിയാണെങ്കിലും അയൽവാസിയെ ബഹുമാനിക്കണം. മുത്തുനബി(സ) ഒരിക്കൽ പറഞ്ഞു: 'നിങ്ങൾക്കിടയിൽ സ്നേഹം വർദ്ധിപ്പിക്കുന്ന ഒരു കാര്യം ഞാൻ പറഞ്ഞു തരാം; സലാം പറയുന്നത് വർദ്ധിപ്പിക്കുക.' അപരന്റെ രക്ഷക്കു വേണ്ടിയുള്ള പ്രാർത്ഥന കൂടിയാണല്ലോ ഇസ്‌ലാമിലെ അഭിവാദനം. അതിലൂടെ പരസ്പര സൗഹാർദം രൂപപ്പെടുന്നു.

ലൈഫ്സ്റ്റൈൽ

അബൂലിയാന

# പുതുവർഷം: നല്ല ശീലങ്ങൾ നട്ടുവളർത്താം

വീണ്ടുമൊരു പുതുവർഷം വരുന്നു. കഴിഞ്ഞ വർഷാദ്യത്തിലെടുത്ത പ്രതിജ്ഞകൾ അവലോകനം ചെയ്യാനും വീഴ്ചകൾ പരിഹരിച്ച് പുതിയൊരു തുടക്കം കുറിക്കാനും നല്ല ശീലങ്ങൾ വളർത്തിയെടുക്കാനും ഈ പുതുവർഷം ഉപയോഗപ്പെടുത്താം.

## ആരോഗ്യം സൂക്ഷിക്കാം

ആരോഗ്യസംരക്ഷണത്തിൽ പ്രധാനമാണ് ഭക്ഷണശീലം. ആരോഗ്യത്തിന് ഹാനികരമായ ഫാസ്റ്റ്ഫുഡ് ഭക്ഷണങ്ങൾ ഒഴിവാക്കാനും പകരം ആരോഗ്യദായകമായ ഭക്ഷണ വിഭവങ്ങൾ മെനുവിൽ ഉൾപ്പെടുത്താനും പ്രതിജ്ഞയെടുക്കാം. കൃത്യമായ സമയത്ത് ഭക്ഷണം കഴിക്കുക, ഉറങ്ങുക, ഉണരുക പ്രഭാതത്തിൽ 10 -15 മിനിറ്റ് വ്യായാമം ചെയ്യുക എന്നിവയെല്ലാം ആരോഗ്യ സംരക്ഷണത്തിനുള്ള ലളിതവും മികച്ചതുമായ മാർഗ്ഗങ്ങളാണ്. മുതിർന്നവർ ദിനേന മൂന്നു ലിറ്റർ വെള്ളം കുടിക്കാൻ ശ്രദ്ധിക്കുക. ദഹനസംബന്ധമായ പ്രശ്നങ്ങൾ ഒരു പരിധിവരെ നിയന്ത്രിക്കാൻ ഇതുവഴി സാധിക്കും.

## അറിവുകൾ നേടാം

വിജ്ഞാന സമ്പാദനത്തിന് പ്രായപരിധിയില്ല. വായനകളിൽ നിന്നും പ്രഭാഷണങ്ങളിൽ നിന്നും ലഭിക്കുന്ന ഉപകാരപ്രദമായ പൊതുവിജ്ഞാനങ്ങളും മതപാഠങ്ങളും കുറിച്ചു വെക്കാം. നുറുങ്ങറിവുകൾ രേഖപ്പെടുത്താൻ പ്രത്യേക നോട്ടുപുസ്തകമോ ഡയറിയോ സൂക്ഷിക്കാം. ദിനേന 10 -20 മിനിറ്റ് വായനക്കു വേണ്ടി മാറ്റിവെക്കാം. മനസ്സിന്റെ വ്യായാമമാണ് വായന. ബുദ്ധിയുടെ വികാസത്തിനും മാനസികമായ ഉന്മേഷത്തിനും വായന ഉത്തമമാണ്. നൈസർഗികമായ കഴിവുകൾ മെച്ചപ്പെടുത്തുന്നതിനും പുതിയ നൈപുണികൾ നേടിയെടുക്കുന്നതിനും ഭാഷാപഠനങ്ങൾക്കും ഇന്ന് നിരവധി മാർഗ്ഗങ്ങളുണ്ട്. കൃത്യമായി ഉപയോഗപ്പെടുത്തിയാൽ പഠന മേഖലയിലും ഉദ്യോഗതലത്തിലും അവ വലിയ മുതൽക്കൂട്ടാവും.

## സ്ക്രീൻടൈം നിയന്ത്രിക്കാം

വിവര സാങ്കേതികവിദ്യയും ഡിജിറ്റൽ സംവിധാനങ്ങളും ജീവിതത്തിൽ ഒഴിച്ചുകൂടാനാവാത്ത ഘടകങ്ങളാണിന്ന്. ഉണർന്നിരിക്കുന്ന സമയത്തിൽ ഭൂരിഭാഗവും സ്ക്രീനിൽ ചെലവഴിക്കുന്നവരാണ് പലരും. ശാരീരികവും മാനസികവുമായ ആരോഗ്യത്തെ ഇത് ദോഷകരമായി ബാധിക്കുന്നു. സ്ക്രോൾ ചെയ്തു കാണുന്നതിനുപകരം ഉപകാരപ്രദമായ വിഭവങ്ങൾ മാത്രം സെർച്ച് ചെയ്ത് കണ്ടെത്തുന്ന ശീലം വളർത്തിയെടുത്താൽ സോഷ്യൽ മീഡിയകളിൽ അനാവശ്യമായി ചെലവഴിക്കുന്ന സമയം പകുതിയിലേറെ ചുരുക്കാൻ സാധിക്കും. ദിനേന ഒന്നോ രണ്ടോ മണിക്കൂർ 'നോ സ്ക്രീൻ ടൈം' ആയി ആചരിക്കാം. വീടിനു പുറത്തിറങ്ങി മക്കൾക്കൊപ്പം കളിക്കാനും തൊടിയിലിറങ്ങി കൃഷി ചെയ്യാനുമെല്ലാം ഈ സമയം ഉപയോഗപ്പെടുത്താം.

സ്നേഹതീരം

പി.എം നാസർ മുസ്‌ലിയാർ

# കാണാമറയത്തെ കാവലാളുകൾ

മദ്റസ ആറാം തരത്തിലെ തസ്കിയ ക്ലാസാണ് രംഗം. മനുഷ്യർ ചെയ്തുകൂട്ടിയ പാപങ്ങളുടെ ഭാരം എത്രയായാലും മനസ്സറിഞ്ഞ് തൗബ ചെയ്താൽ പടച്ചവൻ പൊറുത്തുതരും. നൂറു പേരെ നിഷ്കരുണം കൊന്നുകളഞ്ഞ ഒരാൾക്ക് റബ്ബിന്റെ കാരുണ്യം കൊണ്ട് സ്വർഗം ലഭിച്ചിട്ടുണ്ട്.

അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വിശാലത നമുക്ക് അളന്നു തിട്ടപ്പെടുത്താൻ കഴിയുന്നതിലും അപ്പുറമാണെന്ന് വിദ്യാർത്ഥികളെ തെര്യപ്പെടുത്താൻ ഉസ്താദ് ഒരു ചോദ്യം ചോദിച്ചു: ‘ജീവികൾ പരസ്പരം സ്നേഹിക്കുകയും കാരുണ്യം കാണിക്കുകയും ചെയ്യുന്നത് നാം കാണാറുണ്ടല്ലോ, എന്നാൽ മനുഷ്യരായാലും മൃഗങ്ങളായാലും പക്ഷികളായാലും കൂടുതൽ സ്നേഹവും കാരുണ്യവും കാണിക്കാറുള്ളത് ആരു തമ്മിലാണെന്നറിയാമോ?’

ഉസ്താദിന്റെ ചോദ്യത്തിന് പലരും പല മറുപടികൾ പറഞ്ഞു. അവസാനം ശരിയുത്തരം പറഞ്ഞത് ശാദി മുഹമ്മദാണ്:

‘ഉമ്മ കുഞ്ഞിനോട് കാണിക്കുന്ന സ്നേഹമാണ് ഉസ്താദേ...’

‘വളരെ കൃത്യം.’ ഉസ്താദവനെ അഭിനന്ദിച്ചു.

ശാദിമോന്റെ ഉപ്പ മൂന്ന് വർഷം മുമ്പ് ഒരപകടത്തിൽ മരണപ്പെട്ടതാണ്. പിതാവിന്റെ മരണശേഷം ഉമ്മ തന്നോട് കാണിക്കുന്ന സ്നേഹത്തിന്റെ ആഴം അനുഭവിച്ചറിഞ്ഞതുകൊണ്ടാകാം ശാദി മുഹമ്മദ് അങ്ങനെ പറഞ്ഞത്.

ശാദിമോന്റെ മറുപടി കേട്ട സഹപാഠികൾ ഒരേസമയം സന്തോഷിക്കുകയും സങ്കടപ്പെടുകയും ചെയ്തു.

‘ആ ഉപ്പയുടെ ഖബർ അല്ലാഹു സ്വർഗ്ഗമാക്കിക്കൊടുക്കട്ടേ...’



ഉസ്താദ് പ്രാർത്ഥിച്ചു. സഹപാഠികൾ ആമീൻ പറഞ്ഞു.

ഉസ്താദ് അല്ലാഹുവിന്റെ കാരുണ്യത്തെക്കുറിച്ച് വിശദീകരിച്ചുതുടങ്ങി: ‘എന്നാൽ കൂട്ടുകാർക്ക് കേൾക്കണോ... ഒരു മാതാവ് സ്വന്തം കുഞ്ഞിനോട് കാണിക്കുന്ന സ്നേഹവും വാത്സല്യവും അല്ലാഹു നമ്മോട് കാണിക്കുന്ന സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും നൂറിൽ ഒരംശം മാത്രമേ ആവുകയുള്ളൂ. അതുകൊണ്ട് ഏതെങ്കി

ലും ദുർബല നിമിഷത്തിൽ ജീവിതത്തിൽ വല്ല തെറ്റുകളും വന്നു പോയിട്ടുണ്ടെങ്കിൽ അല്ലാഹു നമ്മെ കൈവെടിയുമോ എന്ന ഭയം വേണ്ട. മനസ്സറിഞ്ഞ് തൗബ ചെയ്താൽ കാരുണ്യവാനായ റബ്ബ് നമ്മെ കൈവെടിയില്ല.

ഉമ്മ ഒരത്ഭുത ജീവിയാണ്. പത്തുമാസത്തോളം ഒരു കുഞ്ഞിനെ വയറ്റിൽ ചുമന്നുകൊണ്ടു നടക്കാനോ നൊന്തു പ്രസവിക്കാനോ മുലയൂട്ടി, താരാട്ടു പാടി, ലാളിച്ചു വളർത്താനോ അവർക്ക് പ്രയാസമൊന്നും തോന്നാത്തത് അവരിൽ അല്ലാഹു സന്നിവേശിപ്പിച്ച വറ്റാത്ത കാരുണ്യത്തിന്റെ തേന്മഴ കാരണമാണ്.

ജാഹിലിയ്യ കാലത്ത് ഒരു മകൻ വൃദ്ധയായ സ്വന്തം മാതാവിനെ ഒരു കൊട്ടയിലാക്കി മലമുകളിൽ ഉപേക്ഷിക്കാൻ കൊണ്ടുപോയ ഒരു കഥയുണ്ട്. ഇടക്ക് കാൽ തടഞ്ഞു വീഴാൻ പോയപ്പോൾ മകനോട് കൊട്ടയിൽ ചുരുണ്ടു കിടന്നിരുന്ന ഉമ്മ പറഞ്ഞുവത്രേ: 'മോനേ, വീഴല്ലേ... സൂക്ഷിച്ചു നടക്കണേ...'

വ്യാഖ്യാനങ്ങൾക്കതീതമായ വിശാലമായ ഒരു സ്നേഹപൂങ്കാവനമാണ് ഉമ്മ. പക്ഷേ, മക്കൾക്കതു തിരിച്ചറിയാൻ കഴിയുന്നില്ലെന്നതാണ് സത്യം.

മാതാപിതാക്കളുടെ മനം നിറഞ്ഞ്, നയനം നനഞ്ഞുള്ള പ്രാർത്ഥനയാണ് മക്കളുടെ ഇഹപര വിജയത്തിന്റെ നിദാനം. ഈജിപ്തിലെ ഒരു മാംസ വിൽപ്പനക്കാരന് മൂസാനബി(അ)ന്റെ സ്വർഗ്ഗത്തിലെ കൂട്ടുകാരനാവാൻ കഴിഞ്ഞത് മാതാവിന്റെ മനം നിറഞ്ഞ പ്രാർത്ഥനയുടെ ഫലമായായിരുന്നല്ലോ. മരണാസന്ന വേളയിൽ സ്വഹാബിയായ അൽഖമ(റ)ന് കലിമ ചൊല്ലാൻ കഴിയാതിരുന്നതിനു കാരണവും ഉമ്മയുടെ പൊരുത്തം ലഭിക്കാത്തതിനാലായിരുന്നവല്ലോ.

തിരക്കുകൾ കാരണം ഒന്നിനും സമയം ലഭിക്കാത്ത വർത്തമാന കാലത്ത് മരുപ്പച്ച തേടിയോടുന്ന മക്കൾക്ക് മാതാപിതാക്കൾ ഭാരമായി മാറുകയാണ്. കൂണുകൾ കണക്കെ മുളച്ചുപൊന്തി തഴച്ചു വളരുന്ന വൃദ്ധസദനങ്ങൾ അതിന്റെ ഉദാഹരണമാണ്.

തന്നെ വൃദ്ധസദനത്തിലേക്കു തള്ളിയ മകനുവേണ്ടി ഞാൻ ഇത്രയൊന്നും കഷ്ടപ്പെടേണ്ടതില്ലായിരുന്നു എന്നെങ്ങാനും അവർക്ക് തോന്നിപ്പോയാൽ മതി, നാം ദുനിയാവിലും ആഖിറത്തിലും ഗതികിട്ടാതെ അലയേണ്ടിവരും. പ്രായമായി ഓർമക്കുറവ് ബാധിച്ച ഉമ്മ ഒരുവട്ടം ചോദിച്ചത് ഒന്നുകൂടെ ചോദിച്ചാൽ മതി, പലർക്കും ശുണ്ഠി പിടിക്കാൻ. അപ്പോഴവർ ഉമ്മയെ ശകാരവാക്കുകൾ പറഞ്ഞ് ഭീഷണിപ്പെടുത്തിയേക്കും. ചെറുപ്പത്തിൽ ഉമ്മ എത്ര തവണ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുതന്നിട്ടാണ് നാം പലതും പറയാൻ പഠിച്ചത്. മാതാവിന്റെ കാലിനടിയിലാണല്ലോ മക്കളുടെ സ്വർഗ്ഗം. അവർക്ക് പാദസേവ ചെയ്ത് നാം അത് നേടിയെടുക്കണം.

യമനിലെ ഖറൻ പ്രദേശത്ത് ഒരു യുവാവുണ്ടായിരുന്നു, ഉവൈസുബ്നു ആമിറുൽഖറനി. മുത്തുനബി(സ)യെ മദീനയിൽ പോയി സന്ദർശിക്കാനും അതുവഴി സ്വഹാബിയാകാനുമുള്ള അവസരം പോലും മാതാവിന് വേണ്ടിയുള്ള ഖിദ്മത്ത് കാരണം അദ്ദേഹത്തിനു തടസ്സമായി. ആ തടസ്സം പക്ഷേ നബി(സ)ക്കും ഏറെ ഇഷ്ടമായി. 'ഖൈറുത്താബിഈൻ...' (താബിഉകളിലെ ഉത്തമരായവർ) എന്നാണ് തിരുനബി(സ) അദ്ദേഹത്തെ പരിചയപ്പെടുത്തിയത്. സ്വർഗാവകാശികളായി നബി(സ) പരിചയപ്പെടുത്തിയ ഉമറുബ്നുൽഖത്താബ്(റ), അലിയ്യുബ്നു അബീത്വാലിബ്(റ) തുടങ്ങിയവർ അവരെ നേരിൽകണ്ട് ദുആ ചെയ്യാൻ വസിയ്യത്ത് ചെയ്തത് നബി(സ)യുടെ ഉപദേശം കൂടി മാനിച്ചുകൊണ്ടായിരുന്നല്ലോ.

വിവാഹശേഷമാണ് പല മക്കളും മാതാപിതാക്കളോട് അനാദരവ് കാണിച്ചുതുടങ്ങുന്നത്. തനിക്ക് ഇത്ര നല്ലൊരു ഭാര്യയെ/ഭർത്താവിനെ ലഭിച്ചത് മാതാപിതാക്കൾ ഇവരെ ധാർമികചിട്ടയോടെ വളർത്തി വലുതാക്കിയതുകൊണ്ടാണല്ലോ എന്ന് ഭാര്യഭർത്താക്കന്മാർ ചിന്തിച്ചാൽ പിന്നെ എവിടെയാണ് പ്രശ്നം? സ്രഷ്ടാവിന് നന്ദി ചെയ്യണമെന്ന് അല്ലാഹു ഖുർആനിൽ പറഞ്ഞിടത്തെല്ലാം മാതാപിതാക്കളോടും നന്ദി കാണിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടല്ലോ.

പാതിരാ കഴിഞ്ഞാലും മക്കൾക്കുവേണ്ടി ഉറക്കമൊഴിച്ച് പ്രാർത്ഥനാനിരതമായ മനസ്സുമായി ഉമ്മയുമുപ്പയും കാത്തിരിക്കുന്നതുകൊണ്ടാവാം തട്ടാതെ മുട്ടാതെ നാമങ്ങനെ ജീവിച്ചു പോകുന്നത്. 'കാണാമറയത്തെ ആ കാവലാൾ' വിട പറഞ്ഞാൽ പിന്നെ ഈ ജീവിതത്തിന് പരിരക്ഷ ലഭിക്കാൻ ഭൂമിലോകത്ത് സമാനമായ മറ്റൊന്നില്ലെന്ന തിരിച്ചറിവ് നമ്മെ ചിന്തിപ്പിക്കേണ്ടതാണ്.

**അല്ലാഹുവിന്റെ കാരുണ്യത്തിന്റെ വിശാലത നമുക്ക് അളന്നുതിട്ടപ്പെടുത്താൻ കഴിയുന്നതിലും അപ്പുറമാണെന്ന് വിദ്യാർത്ഥികളെ തെര്യപ്പെടുത്താൻ ഉസ്താദ് ഒരു ചോദ്യം ചോദിച്ചു: 'ജീവികൾ പരസ്പരം സ്നേഹിക്കുകയും കാരുണ്യം കാണിക്കുകയും ചെയ്യുന്നത് നാം കാണാറുണ്ടല്ലോ, എന്നാൽ മനുഷ്യരായാലും മൃഗങ്ങളായാലും പക്ഷികളായാലും കൂടുതൽ സ്നേഹവും കാരുണ്യവും കാണിക്കാറുള്ളത് ആരു തമ്മിലാണെന്നറിയാമോ?'**

ചോദ്യോത്തരം/ ശാഫിഈ

ചെറുശ്ശോല അബ്ദുൽ ജലീൽ സഖാഫി

# തക്ബീറും നിയ്യത്തും ഒരുമിച്ചാകൽ

***ചോദ്യം:*** *നിസ്കാരത്തിന്റെ നിയ്യത്ത് തക്ബീറത്തുൽ ഇഹ്റാമിനോട് 'മുഖാറനത്'ആയി വേണമെന്നാണല്ലോ. എന്താണ് ഈ മുഖാറനത്തിന്റെ ഉദ്ദേശ്യം? നിയ്യത്തിൽ ആവശ്യമായ കാര്യങ്ങളെല്ലാം തക്ബീറിനോട് ചേർത്തുകൊണ്ടുവന്നാൽ മതിയാവില്ലേ? മതിയെങ്കിൽ 'തൗസീഅ്' (വിഹിതമാക്കൽ) മതിയാവുകയില്ലെന്ന് പറയുന്നതിന്റെ അർഥമെന്താണ്?*

*നിയ്യത്തിൽ അനിവാര്യമായതെല്ലാം തക്ബീറിലെ ഏതെങ്കിലും ഒരു അക്ഷരത്തോട് ചേർത്തു കൊണ്ടുവരണമെന്ന് ഉസ്താദുമാർ പറഞ്ഞതോർക്കുന്നു. ഇത് സാധ്യമാകുമോ? സാധ്യമാവുകയില്ലെങ്കിൽ 'തൗസീഅ്' അല്ലാതെ മറ്റു മാർഗ്ഗമുണ്ടോ?*

*അബ്ദുറഹീം മാട്ടൂൽ*

**ഉത്തരം:** നിയ്യത്തും തക്ബീറതുൽഇഹ്റാമും തമ്മിലുള്ള മുഖാറനതിന്റെ വിവക്ഷ എന്താണെന്നതിൽ വ്യത്യസ്ത വീക്ഷണങ്ങളുണ്ട്. ശാഫിഈ മദ്ഹബിലെ ഏറ്റവും പ്രബലമായ വീക്ഷണം 'മുഖാറന ഹഖീഖിയ്യഃ' തന്നെ വേണമെന്നാണ്. അഥവാ നിയ്യത്തിൽ പരിഗണിക്കപ്പെടേണ്ട സർവ്വ കാര്യങ്ങളും തക്ബീറിലെ സർവ്വ അക്ഷരങ്ങൾക്കൊപ്പവും നിർബന്ധമാണ്. തക്ബീറിലെ ആദ്യ അക്ഷരം മുതൽ അവസാന അക്ഷരം വരെ ഓരോ അക്ഷരം ഉച്ചരിക്കുമ്പോഴും നിയ്യത്തിലെ സർവ്വ കാര്യങ്ങളും മനസ്സിലുണ്ടാവണം. ഉദാഹരണമായി, ളുഹ്ർ നിസ്കരിക്കുമ്പോൾ നിയ്യത്തിൽ നിർബന്ധമായ 'ഫർളായ ളുഹ്ർ നിസ്കാരം ഞാൻ നിർവ്വഹിക്കുന്നു' എന്ന മൂന്നു കാര്യങ്ങൾ തക്ബീറിന്റെ ആദ്യ അക്ഷരം മുതൽ അവസാന അക്ഷരം കഴിയുന്നതുവരെ ഓരോ അക്ഷരത്തിനൊപ്പവും മനസ്സിലുണ്ടാവൽ നിർബന്ധമാണ്.

ഇതനുസരിച്ച് നിയ്യത്തിൽ പരിഗണനാർഹമായ സർവ്വ കാര്യങ്ങളും തക്ബീറിലെ ഏതെങ്കിലും ഒരക്ഷരം ഉച്ചരിക്കുമ്പോൾ മാത്രം മനസ്സിലുണ്ടായാൽ മതിയാവുകയില്ല. അപ്രകാരം, നിയ്യത്തിൽ ആവശ്യമായ ചില കാര്യങ്ങൾ ചില അക്ഷരങ്ങൾക്കൊപ്പവും നിയ്യത്തിലെ മറ്റു കാര്യങ്ങൾ തക്ബീറിലെ മറ്റു അക്ഷരങ്ങൾക്കൊപ്പവും എന്ന രീതിയും മതിയാകുന്നതല്ല. ഇപ്രകാരം നിയ്യത്തിന്റെ ഭാഗങ്ങൾ തക്ബീറിന്റെ അക്ഷരങ്ങൾക്ക് ഭാഗം ചെയ്തു നൽകുന്നതിനെക്കുറിച്ചാണ് ഗ്രന്ഥങ്ങളിൽ 'തൗസീഅ്' എന്നു പറഞ്ഞിട്ടുള്ളത്. (തുഹ്ഫ-2/1819)

മേൽപ്പറഞ്ഞ വിധത്തിലുള്ള 'മുഖാറന ഹഖീഖിയ്യഃ' സാധാരണഗതിയിൽ ഏറെ പ്രയാസമാണെന്ന് വ്യക്തമാണ്. എന്നാൽ, മേൽപ്പറഞ്ഞ മുഖാറന ഹഖീഖിയ്യഃ നിർബന്ധമില്ലെന്നും മുഖാറന ഉർഫിയ്യഃ മതിയാകുമെന്നും മദ്ഹബിൽ പരിഗണനാർഹമായ വീക്ഷണമുണ്ട്. അതനുസരിച്ച് പ്രവർത്തിക്കൽ അനുവദനീയമാണ്.

'മുഖാറന ഉർഫിയ്യഃ' മതിയാകുമെന്നത് ഇമാമുൽ ഹറമൈനി(റ), ഇമാം ഗസ്സാലി(റ) തുടങ്ങിയവർ സ്വീകരിച്ച നിലപാടാണ്. ഇമാം നവവി(റ) മജ്മൂഅ്, തൻഖീഹ് തുടങ്ങിയ ഗ്രന്ഥങ്ങളിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. ഇമാം സുബ്കി(റ), ഇമാം ഇബ്നു രിഫ്അഃ(റ), ഇമാം സർകശി(റ), ഇമാം അദ്റഈ(റ) തുടങ്ങിയവർ ഇത് അംഗീകരിച്ചിട്ടുണ്ട്. ഈ നിലപാട് സ്വീകരിച്ചില്ലെങ്കിൽ ആക്ഷേപാർഹമായ വസ്വാസിൽ പെട്ടുപോകുമെന്ന് ഇമാം സുബ്കി(റ) ഓർമ്മപ്പെടുത്തിയിട്ടുണ്ട്. (തുഹ്ഫ-2/19)

'മുഖാറന ഉർഫിയ്യഃ' എന്നാൽ തക്ബീർ ചൊല്ലുമ്പോൾ കഴിവിനനുസരിച്ച് പരമാവധി നിയ്യത്ത് മനസ്സിൽ കൊണ്ടുവരലാണെന്നും തക്ബീറിന്റെ ആദ്യഭാഗമോ അവസാനഭാഗമോ മധ്യഭാഗമോ ഉച്ചരിക്കുമ്പോൾ മനസ്സിൽ നിയ്യത്ത് ഉണ്ടായിരിക്കലാണെന്നും നിയ്യത്തിൽ ആവശ്യമായ കാര്യങ്ങളെല്ലാം തക്ബീർ ചൊല്ലുന്നതിനു തൊട്ടുമുമ്പ് മനസ്സിൽ കൊണ്ടുവന്നാൽ മതിയാകുമെന്നുമെല്ലാം വ്യാഖ്യാനങ്ങളുണ്ട്. നേരത്തെ പറഞ്ഞിട്ടുള്ള തൗസീഅ് അഥവാ നിയ്യത്തിന്റെ ഓരോ ഭാഗം തക്ബീറിന്റെ ഓരോ ഭാഗത്തോടൊപ്പം മനസ്സിൽ കരുതൽ മതിയാകുമെന്നും അഭിപ്രായമുണ്ട്. (ഹാശിയതുൽ ഖൽയൂബി-1/164)


മുഖാറനയുടെ ഉദ്ദേശ്യവും തൗസീഅ് മതിയാവുകയില്ലെന്നതിന്റെ അർഥവും അപകടകരമായ വസ്വാസിൽ പെട്ടുപോകാതിരിക്കാൻ മുഖാറന ഉർഫിയ്യഃ മതിയാകുമെന്ന അഭിപ്രായം സ്വീകരിക്കാവുന്നതാണെന്നും മേൽ വിശദീകരണത്തിൽ നിന്ന് വ്യക്തമായിട്ടുണ്ടല്ലോ.

***ചോദ്യം: മരണപ്പെട്ട പിതാവിന്റെ നോമ്പുകൾ ബന്ധുക്കൾ നോറ്റു വീട്ടുന്നതിനു പകരം ബന്ധുക്കളല്ലാത്ത മറ്റാരെയെങ്കിലും ഏൽപ്പിക്കാമോ? അങ്ങനെ ഏൽപ്പിക്കപ്പെട്ടവർ നോമ്പനുഷ്ഠിച്ചാൽ മതിയാകുമോ? പണം നൽകി നോമ്പുനോൽപ്പിക്കുന്നതിൽ തെറ്റുണ്ടോ?***
***അബ്ദുല്ല പിലാത്തറ***

**ഉത്തരം:** വാർദ്ധക്യം, ഭേദമാകുമെന്ന് പ്രതീക്ഷയില്ലാത്ത രോഗം എന്നിവ മുഖേന ഒഴിവാക്കിയ നോമ്പുകൾ ഖളാഅ് വീട്ടേണ്ടതില്ല. ഒരു നോമ്പിന് ഒരു മുദ്ദ് വീതം ധാന്യം സ്വദഖ ചെയ്യലാണ് നിർബന്ധമുള്ളത്. മറ്റു കാരണങ്ങൾ മുഖേന നഷ്ടപ്പെട്ടതും ഖളാഅ് വീട്ടാൻ അവസരം ലഭിക്കാത്തതുമായ നോമ്പുകൾക്ക് പരിഹാരം ചെയ്യേണ്ടതില്ല. കാരണമില്ലാതെ നഷ്ടപ്പെടുത്തിയതോ വല്ല കാരണത്താലും ഒഴിവാക്കിയതാണെങ്കിലും ഖളാഅ് വീട്ടാൻ അവസരം ലഭിച്ചിട്ടും ഖളാഅ് വീട്ടാതിരുന്നതോ ആണെങ്കിൽ പരിഹാരം ചെയ്യേണ്ടതുണ്ട്.

ഒരു നോമ്പിന് ഒരു മുദ്ദ് വീതം ധാന്യം സ്വദഖ ചെയ്യുക; അല്ലെങ്കിൽ നോമ്പ് നോറ്റുവീട്ടുക എന്നതാണ് പരിഹാരം. മയ്യിത്തുമായി രക്തബന്ധമുള്ളവർക്കോ ബന്ധുവിന്റെ സമ്മതപ്രകാരം മറ്റുള്ളവർക്കോ നോമ്പനുഷ്ഠിക്കാവുന്നതാണ്. ഇമാം ഇബ്നുഹജർ(റ) പറയുന്നു: 'മരണപ്പെട്ടവരുടെ നോമ്പുകൾ നോറ്റു വീട്ടേണ്ടത് അവരുമായി രക്തബന്ധമുള്ളവരാണ്. എന്നാൽ മരണത്തിനു മുമ്പ് അദ്ദേഹം തന്നെ വസ്വിയ്യത്ത് ഏൽപ്പിച്ചതനുസരിച്ചോ ബന്ധുവിന്റെ സമ്മതപ്രകാരമോ ബന്ധുക്കളല്ലാത്തവർ നോമ്പനുഷ്ഠിച്ചാൽ സാധുവാകുന്നതാണ്. അത് വേതനം നൽകിക്കൊണ്ടായാലും മതിയാകുന്നതാണ്.' (തുഹ്ഫ 3/438)

മരണപ്പെട്ട പിതാവിന്റെ നോമ്പുകൾ ബന്ധുവിന്റെ സമ്മതപ്രകാരം മറ്റുള്ളവർ നോറ്റുവീട്ടിയാൽ മതിയാകുമെന്നും പണം നൽകിക്കൊണ്ട് നോമ്പ് നോൽക്കാനേൽപ്പിക്കുന്നതിൽ തെറ്റില്ലെന്നും മേൽ ഉദ്ധരണിയിൽ നിന്ന് വ്യക്തമാണല്ലോ.



***ചോദ്യം: ഒരാൾ തന്റെ രോഗം സുഖമായാൽ ഏർവാടി മഖാമിലേക്ക് ഒരു നിശ്ചിത സംഖ്യ കൊടുക്കുമെന്ന് മനസ്സിൽ കരുതിയാൽ അല്ലെങ്കിൽ പറഞ്ഞാൽ അത് നേർച്ചയാകുമോ? നിർബന്ധമാകുമോ? നേർച്ചയാകില്ല എന്ന് ചിലർ പറഞ്ഞു. ശരിയാണോ?***
***റംല താനൂർ***

**ഉത്തരം:** ഇസ്‌ലാമിക നിയമപ്രകാരം നിർബന്ധമല്ലാത്ത ഒരു സൽകർമ്മത്തെ നിർബന്ധബാധ്യതയായി ഏറ്റെടുക്കുന്നതിനാണ് നദ്ർ (നേർച്ച) എന്നുപറയുന്നത്. നേർച്ചയിൽ, ആവശ്യമായ വാക്യം ഉച്ചരിക്കുകയോ എഴുതുകയോ വേണം. എങ്കിൽ മാത്രമേ നേർച്ചയിലൂടെ അത് നിർബന്ധബാധ്യതയായിത്തീരുകയുള്ളൂ. മനസ്സിൽ കരുതിയതുകൊണ്ട് മാത്രം നിർബന്ധ ബാധ്യതയാവുകയില്ല. എങ്കിലും ഒരു സൽകർമ്മം ചെയ്യാൻ മനസ്സിൽ കരുതിയാൽ തന്നെ അക്കാര്യം നിർവഹിക്കൽ ശക്തമായ സുന്നത്താണ്. ചെയ്യാൻ കരുതിയ സൽകർമ്മം ചെയ്യാതിരിക്കുന്നത് ആക്ഷേപാർഹമാണ്. ഇമാം ഇബ്നുഹജർ(റ) തുഹ്ഫ 10/67 ൽ ഇക്കാര്യം രേഖപ്പെടുത്തിയിട്ടുണ്ട്.

'നിർബന്ധബാധ്യതയായി ഏറ്റെടുക്കുന്നു' എന്നറിയിക്കുന്ന വാക്യമായിരിക്കണമെന്നും നിബന്ധനയുണ്ട്. കേവല വാഗ്ദാനം അറിയിക്കുന്ന വാക്യം പറഞ്ഞാൽ നേർച്ചയാവുകയില്ല. അതിനാൽ പറയപ്പെട്ട കാര്യം നിർബന്ധ ബാധ്യതയാകുന്നതല്ല.

ഇമാം ഇബ്നുഹജർ(റ) എഴുതുന്നു: നേർച്ചയിൽ നിർബന്ധത്തെ കുറിക്കുന്ന വാചകം വേണമെന്നുണ്ട്. 'എന്റെ രോഗിക്ക് ശിഫാഅ് ലഭിച്ചാൽ നിശ്ചിത പള്ളി ഞാൻ ഇമാറത്ത് ചെയ്യും' എന്നു പറയുന്നത് നിഷ്ഫലമാണ്. അതുകൊണ്ട് നേർച്ചയാവുകയില്ല. കാരണം അത് കേവല വാഗ്ദാനമാണ്. എന്നാൽ, 'നിർബന്ധബാധ്യതയായി ഏറ്റെടുക്കുന്നു' എന്നാണ് നിയ്യത്തെങ്കിൽ അത് മുഖേന നേർച്ചയാകുന്നത് വിദൂരമല്ല. (തുഹ്ഫ 10/74) നിർബന്ധത്തെ അറിയിക്കുന്ന, അല്ലെ

ങ്കിൽ നേർച്ചയുടെ വാക്യമോ നിയ്യത്തോ ഇല്ലാതെ 'എനിക്ക് നിശ്ചിത കാര്യം ലഭിച്ചാൽ ഞാൻ നിശ്ചിത കാര്യം നൽകും' എന്നത് നിഷ്ഫലമാണ്. അത് നേർച്ചയാവുകയില്ല. എന്നാൽ പ്രസ്തുത വാക്യം നിർബന്ധത്തെ കുറിക്കുന്ന വാക്യമല്ലെങ്കിലും നിർബന്ധമായി ഏറ്റെടുക്കുന്നു എന്ന നിയ്യത്തുണ്ടെങ്കിൽ അത് നേർച്ചയാകുന്നതും അക്കാര്യം നിർബന്ധമാകുന്നതുമാണ്. നേർച്ചയിൽ നിയ്യത്ത് മാത്രം മതിയാവുകയില്ലെങ്കിലും വാക്യം പറയുന്നിടത്ത് അനുബന്ധങ്ങളിൽ നിയ്യത്ത് മതിയാകുന്നതാണ്. (തുഹ്ഫ - 10/76)

രോഗം സുഖമായാൽ ഏർവാടി മഖാമിലേക്ക് നിശ്ചിത സംഖ്യ കൊടുക്കും എന്ന് പറയുമ്പോൾ 'നേർച്ചയാക്കുകയാണ്/നിർബന്ധ ബാധ്യതയായി ഏറ്റെടുക്കുകയാണ്' എന്ന നിയ്യത്തുണ്ടെങ്കിൽ അത് നേർച്ചയായി പരിഗണിക്കപ്പെടുന്നതും അത് നിർബന്ധമായിത്തീരുന്നതുമാണെന്നും അത്തരം നിയ്യത്തില്ലെങ്കിൽ അത് നേർച്ചയാവുകയില്ലെന്നും മേൽ ഉദ്ധരണിയിൽ നിന്ന് മനസ്സിലാകുന്നതാണ്.

***ചോദ്യം: ചില പ്രശ്നപരിഹാരങ്ങൾക്കു വേണ്ടി ചില ഉസ്താദുമാരെയോ ചികിത്സക്കാരെയോ സമീപിക്കുമ്പോൾ 'നിങ്ങൾ നിശ്ചിത ആവശ്യത്തിലേക്ക് നിശ്ചിത സംഖ്യ നൽകണമെന്ന്/നിശ്ചിത എണ്ണം സ്വലാത്ത് ചൊല്ലണമെന്ന് നിയ്യത്ത് ചെയ്തിരിക്കുന്നു/നേർച്ചയാക്കിയിരിക്കുന്നു' എന്ന് അവർ പറയാറുണ്ട്. അവർ അങ്ങനെ പറയുന്നതുകൊണ്ട് ആ കാര്യം നമുക്ക് നിർബന്ധമാകുമോ? നമ്മൾ നേർച്ചയാക്കുന്നില്ലല്ലോ.***

**ഉത്തരം:** അവർ അങ്ങനെ പറയുന്നതുകൊണ്ട് നിങ്ങൾക്കത് നിർബന്ധമാവുകയില്ല. ഒരാൾ ഒരു കാര്യം ചെയ്യുമെന്ന് മറ്റൊരാൾ നേർച്ചയാക്കുന്നത് നിരർത്ഥകമാണ്. എന്നാൽ അക്കാര്യം നിർവഹിക്കുന്നതിൽ താങ്കൾക്ക് പ്രയാസമില്ലെങ്കിൽ അത് നിർവഹിക്കൽ തന്നെയാണ് നല്ലത്.

ആരോഗ്യം

# വിറ്റാമിൻ - എ ഭക്ഷണങ്ങൾ

ശരീരത്തിനാവശ്യമായ പോഷകങ്ങൾ നൽകുന്നതിനും നല്ല ആരോഗ്യം നിലനിർത്തുന്നതിനും വിറ്റാമിനുകൾ അനിവാര്യമാണ്. ആരോഗ്യമുള്ള ചർമ്മത്തിന് വിറ്റാമിൻ - എ അടങ്ങിയ ഭക്ഷണങ്ങൾ നിർണായകമാണ്.

ദിവസവും കഴിക്കേണ്ട മികച്ച ചില വിറ്റാമിൻ - എ അടങ്ങിയ ഭക്ഷണങ്ങൾ

### കരൾ
മൃഗങ്ങളുടെ മാംസത്തിൽ നിന്നുള്ള കരൾ വിറ്റാമിൻ - എയുടെ ഏറ്റവും സമ്പന്നമായ ഉറവിടമാണ്. ചർമ്മ സംബന്ധമായ പ്രശ്നങ്ങൾ പലതും പരിഹരിക്കാൻ കരൾ കഴിക്കുന്നതു സഹായിക്കും.

### ക്യാരറ്റ്
ഒരു കപ്പ് അരിഞ്ഞ കാരറ്റ് ഒരാൾക്കാവശ്യമായ ശരാശരി വിറ്റാമിൻ - എയുടെ 334% നൽകുമെന്നാണ് കണക്ക്. ആരോഗ്യകരമായ മിനുസമുള്ള ചർമ്മം നൽകാൻ ക്യാരറ്റ് കഴിക്കുന്നത് ഉത്തമമാണ്.

### തക്കാളി
കുറഞ്ഞ കലോറിയും ഉയർന്ന ധാതുക്കളും അടങ്ങിയ തക്കാളിയിൽ യഥേഷ്ടം വിറ്റാമിൻ - എയുമുണ്ട്. ഒരു ഇടത്തരം തക്കാളി വിറ്റാമിൻ - എയുടെ 20% നൽകും.

### മത്തങ്ങ
100 ഗ്രാം മത്തങ്ങ കഴിക്കുന്നത് ശരീരത്തിനാവശ്യമായ വിറ്റാമിൻ - എയുടെ 170% നൽകും.

### മധുരക്കിഴങ്ങ്
ഒരു മധുരക്കിഴങ്ങ് ശരീരത്തിന് ഒരു ദിവസത്തേക്കാവശ്യമായ ശരാശരി വിറ്റാമിൻ - എയുടെ 438% നൽകുന്നു. ചർമ്മകോശങ്ങൾക്കാവശ്യമായ പോഷണം നൽകാനും അണുബാധകളകറ്റാനും സഹായിക്കുന്നു.

### ചുവന്നമുളക്
വിറ്റാമിൻ - എ കൂടാതെ കരോട്ടിനോയിഡുകളുടെയും ആന്റിഓക്സിഡന്റുകളുടെയും കലവറയാണ് ചുവന്നമുളക്. പ്രതിദിനം ആവശ്യമായ വിറ്റാമിൻ - എയുടെ 42% നൽകുന്നു.

### ഇലക്കറികൾ
ഇലകൾ ഭക്ഷണത്തിൽ കൂടുതൽ ഉൾപ്പെടുത്തുന്നത് ചർമ്മ സംബന്ധമായ രോഗങ്ങളിൽ നിന്ന് മുക്തി നേടാൻ സഹായിക്കും. വിറ്റാമിൻ - എ, മാംഗനീസ്, കാൽസ്യം, ഇരുമ്പ്, വിറ്റാമിൻ - സി എന്നിവയാൽ സമ്പന്നമാണ് ഇലക്കറികൾ.

### മത്സ്യം
വിറ്റാമിൻ - എയാൽ സമ്പന്നമായ മത്സ്യം ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതും ചർമ്മസംരക്ഷണത്തിന് ഉത്തമമാണ്.

### പാലുൽപ്പന്നങ്ങൾ
ഒരു കപ്പ് പാലിൽ പ്രതിദിനം ആവശ്യമായ വിറ്റാമിൻ - എയുടെ 10% - 14% അടങ്ങിയിട്ടുണ്ട്.

ആത്മയാനം – 5

അലി സഖാഫി പുൽപ്പറ്റ

# ഭക്തിയുള്ളവരാണ് പണ്ഡിതന്മാർ



പാരത്രികപണ്ഡിതർക്കുള്ള മികച്ച മാതൃകയാണ് ഹാതിമുൽഅസ്വമ്മ്(റ). അദ്ദേഹത്തിൽ നിന്നുണ്ടായ ഒരനുഭവം ശിഷ്യൻ അബ്ദുല്ലാഹിൽ ഖവാസ്(റ) പങ്കുവെക്കുന്നു:

''ഞങ്ങൾ 320 പേരടങ്ങുന്ന ഒരു സംഘം ഹാതിമുൽഅസ്വമ്മ്(റ)വിന്റെ കൂടെ ഹജ്ജിനു പുറപ്പെട്ടു. വെള്ളവുമില്ല, ഭക്ഷണവുമില്ല. ഒരു ദിവസം ഞങ്ങൾ റയ്യ് നഗരത്തിലെ ഒരു വ്യാപാരിയുടെ അടുത്തെത്തി. അന്നു രാത്രി അദ്ദേഹം ഞങ്ങളെ സൽക്കരിച്ചു. പുലർകാലത്ത് വ്യാപാരി ചോദിച്ചു:

''അബൂഅബ്ദിർറഹ്മാൻ, താങ്കൾക്കിനി വല്ലതും ആവശ്യമുണ്ടോ? ഞാൻ ഒരു രോഗിയായ പണ്ഡിതനെ സന്ദർശിക്കാനുദ്ദേശിക്കുന്നു.''

ഹാതിം: ''പണ്ഡിതനെ സന്ദർശിക്കുന്നത് മഹത്വമുള്ള കാര്യമാണല്ലോ. പണ്ഡിതനിലേക്ക് നോക്കുന്നതു തന്നെ ആരാധനയാണ്. അതിനാൽ ഞാനും താങ്കളെ അനുഗമിക്കാനുദ്ദേശിക്കുന്നു.''

റയ്യ് പട്ടണത്തിലെ ന്യായാധിപനായ മുഹമ്മദുബ്നു മുഖാതിലായിരുന്നു രോഗിയായ ആ പണ്ഡിതൻ.

ഞങ്ങൾ വ്യാപാരിയുടെ കൂടെ നടന്ന് ആ പണ്ഡിതന്റെ വീട്ടുപടിക്കലെത്തി. മനോഹരമായ കവാടം, അംബരചുംബിയായ വീട്! ഹാതിം ചിന്താനിമഗ്നനായി. ''ഒരു ആലിമിന്റെ വീട്ടിലേക്കുള്ള പ്രവേശന കവാടമാണോ ഇത്?'' അദ്ദേഹം ചോദിച്ചു.

അവർക്കകത്തേക്കു കടക്കാൻ അനുമതി ലഭിച്ചു. സുന്ദരമായ ഒരു സൗധം. ചിത്രാലങ്കൃത വിരികൾ തൂക്കിയിട്ടിരിക്കുന്നു. അംഗരക്ഷകരും ഭൃത്യന്മാരും ആശ്രിതരും ധാരാളം! ഹാതിം ചിന്തയിലാണ്ടു.

ഖാളി ഉപവിഷ്ഠനായ സഭയിലേക്ക് അവർ പ്രവേശിച്ചു. മൃദുല മെത്തയിൽ അദ്ദേഹം കിടക്കുകയാണ്. തലക്കരികിൽ ഒരു വിശറിയും പിടിച്ച് ഭൃത്യനുമുണ്ട്.

വ്യാപാരി ഖാളിയുടെ സമീപത്തിരുന്ന് സുഖവിവരങ്ങളന്വേഷിച്ചു. ഹാതിം രംഗങ്ങൾ വീക്ഷിച്ച് അവിടെ നിന്നു. ഇബ്നു മുഖാ

**അല്ലാഹുവിനെ ഭയക്കുകയും സൂക്ഷ്മതയോടെ ജീവിക്കുകയും ചെയ്യുന്നവരാണ് ശരിയായ ആലിമുകൾ. ''അല്ലാഹുവിന്റെ അടിമകളിൽ നിന്ന് അവനെ ഭയക്കുന്നവരാണ് പണ്ഡിതന്മാർ'' (ഫാത്വിർ 28) എന്ന ഖുർആൻ വാക്യത്തിൽ നിന്ന് അല്ലാഹുവിനെ ഭയക്കാത്തവർ ആലിമുകളല്ലെന്ന് ഗ്രഹിക്കാം. വിവരങ്ങളുടെ കൂമ്പാരമല്ല ഇൽമ്. പ്രത്യുത പരംപൊരുളായ പ്രപഞ്ച സ്രഷ്ടാവിന്റെ അസ്തിത്വവും സാന്നിധ്യവും മനസ്സിലാക്കലാണ്.**

തിൽ അദ്ദേഹത്തോട് ഇരിക്കാൻ ആംഗ്യം കാണിച്ചു.

ഹാതിം: ''ഞാൻ ഇരിക്കുന്നില്ല.''

ഇബ്നു മുഖാതിൽ: ''താങ്കൾക്ക് വല്ല ആവശ്യവുമുണ്ടോ?''

ഹാതിം: ''അതേ, ഒരു മസ്അല ചോദിക്കാനുണ്ട്.''

ഇബ്നു മുഖാതിൽ: ''എങ്കിൽ ചോദിക്കുക.''

ഹാതിം: ''താങ്കൾ എഴുന്നേറ്റ് നേരെയിരുന്നാലും. എന്നിട്ട് ചോദിക്കാം.''

ഇബ്നു മുഖാതിൽ നിർദ്ദേശിച്ചതിനെ തുടർന്ന് ഭൃത്യന്മാർ അദ്ദേഹത്തെ താങ്ങിയിരുത്തി.

ഹാതിം: ''താങ്കൾക്ക് ഇത്രയും വിജ്ഞാനങ്ങൾ എവിടെ നിന്നു ലഭിച്ചു?''

ഇബ്നു മുഖാതിൽ: ''വിശ്വസ്തരായ ജ്ഞാനികളിൽ നിന്ന്.''

ക്കും വിജ്ഞാനങ്ങൾ പകർന്നു തന്നു. കൂടുതൽ പാറാവുകാരും ഭൃത്യന്മാരുമുള്ള വീട്ടുകാർക്കാണ് അല്ലാഹുവിന്റെ അടുക്കൽ കൂടുതൽ സ്ഥാനമെന്ന് അവരിൽ ആരെങ്കിലും പഠിപ്പിച്ചിട്ടുണ്ടോ?''

ഇബ്നു മുഖാതിൽ: ''ഇല്ല.''

ഹാതിം: ''പിന്നെ താങ്കൾ എങ്ങനെയാണ് കേട്ടിട്ടുള്ളത്?''

ഇബ്നു മുഖാതിൽ: ''ഭൗതിക വിഭവങ്ങളിൽ വിരക്തി പ്രകടിപ്പിക്കുകയും പാരത്രിക നേട്ടങ്ങളിൽ അതീവ തല്പരരാവുകയും അഗതികളെ സ്നേഹിക്കുകയും പരലോകത്തിന് മുൻഗണന കൽപ്പിക്കുകയും ചെയ്യുന്നവർക്കാണ് അല്ലാഹുവിന്റെ അടുക്കൽ കൂടുതൽ സ്ഥാനമുള്ളത്.''

ഹാതിം: ''എങ്കിൽ താങ്കൾ ആരെയാണ് പിൻപറ്റുന്നത്? തിരുനബി(സ)യെയും സച്ചരിത



**അബൂയസീദീൽബിസ്താമി(റ) ഒരിക്കൽ തന്റെ ശിഷ്യന്മാരോട് പറഞ്ഞു: ''ഇന്നലെ പുലർകാലം വരെ ലാഇലാഹ ഇല്ലല്ലാഹു എന്ന് പറയാൻ ഞാൻ ശ്രമിച്ചെങ്കിലും എനിക്കതിനു കഴിഞ്ഞില്ല.'' കാരണമന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ''ബാല്യകാലത്ത് ഞാൻ പറഞ്ഞ ഒരു വാക്ക് എനിക്കോർമ്മ വരികയും അതിന്റെ കാഠിന്യം എന്നെ അലട്ടുകയും ഒറ്റപ്പെടുത്തുകയും ചെയ്തു. ആ പരിഭ്രാന്തിയാണ് എനിക്ക് പ്രതിബന്ധമായത്.''**

ഹാതിം: ''അവർക്ക് ആരിൽ നിന്നാണ്?''

ഇബ്നു മുഖാതിൽ: ''തിരുദൂതരുടെ അനുചരന്മാരിൽ നിന്ന്.''

ഹാതിം: ''അവർക്കോ?''

ഇബ്നു മുഖാതിൽ: ''തിരുദൂതരിൽ നിന്ന്.''

ഹാതിം: ''അവിടുത്തേക്കോ?''

ഇബ്നു മുഖാതിൽ: ''ജിബ്രീലിൽ നിന്ന്.''

ഹാതിം: ''അല്ലാഹു ജിബ്രീലിനും അദ്ദേഹം തിരുദൂതർക്കും അവിടുന്ന് അനുചരന്മാർക്കും അവർ വിശ്വസനീയരായ ജ്ഞാനികൾക്കും അവർ താങ്കൾ

രായ അനുചരന്മാരെയുമാണോ? അതോ ഭൂമിയിൽ ആദ്യമായി ഇഷ്ടികയും കുമ്മായവുമുപയോഗിച്ച് ഗോപുരം പണിത നംറൂദിനെയും ഫിർഔനെയുമാണോ? ദുഷ്ട പണ്ഡിതന്മാരേ, ദുനിയാവിനു പിറകെ ഓടുന്ന പാമരന്മാർ 'പണ്ഡിതന്റെ അവസ്ഥ ഇതാണെങ്കിൽ ഞാൻ അവനെക്കാൾ ദുഷിച്ചവനാവുകയില്ല' എന്ന് നിങ്ങളെപ്പോലുള്ളവരെ നോക്കി പറയില്ലേ?''

ഇത്രയും പറഞ്ഞ് ഹാതിം അവിടം വിട്ടു. അത് കേട്ടതോടെ ഇബ്നു മുഖാതിലിന്റെ രോഗം മൂർച്ഛിച്ചു. ഹാതിമും ഇബ്നു മുഖാതിലും തമ്മിൽ നടന്ന സംഭാഷണത്തെക്കുറിച്ചറിഞ്ഞ റയ്യ് നിവാസികൾ അദ്ദേഹത്തോട് പറഞ്ഞു:

'അബൂ അബ്ദിർറഹ്മാൻ, ഇദ്ദേഹത്തെക്കാൾ മോശം അവസ്ഥയിൽ ജീവിക്കുന്ന ഒരു പണ്ഡിതൻ ഖസ്വീനിലുണ്ട്.' അവർ ത്വനാഫസീ എന്ന പണ്ഡിതനെ പരിചയപ്പെടുത്തി. ഹാതിം ഒട്ടും വൈകാതെ അദ്ദേഹത്തിന്റെയടുത്ത് ചെന്ന് പറഞ്ഞു:

''അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ, ഞാൻ ഒരു അനറബിയാണ്. താങ്കൾ എനിക്ക് ദീനിന്റെ ബാലപാഠങ്ങൾ പഠിപ്പിച്ചു തന്നാലും! എങ്ങനെയാണ് ഞാൻ നിസ്കാരത്തിന് അംഗശുദ്ധി വരുത്തേണ്ടത്?''

'പഠിപ്പിച്ചു തരാം' എന്നു പറഞ്ഞ് ത്വനാഫസീ തന്റെ



ഭൃത്യനോട് പാത്രത്തിൽ അല്പം വെള്ളം കൊണ്ടുവരാനാവശ്യപ്പെട്ടു. വെള്ളം ലഭിച്ചയുടനെ ത്വനാഫസീ ഇരുന്നുകൊണ്ട് വുളൂഅ് ചെയ്ത് കാണിച്ചുകൊടുത്തു. തുടർന്ന് ഇതുപോലെ വുളൂഅ് ചെയ്തു കാണിക്കാൻ അദ്ദേഹം ഹാതിമിനോട് നിർദ്ദേശിച്ചു. ഹാതിം ഇരുന്ന് വുളൂഅ് ചെയ്യാൻ തുടങ്ങി. കൈ കഴുകിയപ്പോൾ നാലു പ്രാവശ്യം ആവർത്തിച്ചു. അതു കണ്ട് ത്വനാഫസീ പറഞ്ഞു:

''മനുഷ്യാ..., താങ്കൾ അമിതമാക്കിയിരിക്കുന്നു?''

ഹാതിം: ''ഞാൻ എന്താണ് അമിതമാക്കിയത്?''

ത്വനാഫസീ: ''താങ്കൾ കൈ നാലു തവണ കഴുകിയിരിക്കുന്നു.''

ഹാതിം: ''സുബ്ഹാനല്ലാഹ്..! ഞാൻ ഒരു കപ്പ് വെള്ളം അമിതമായി ചെലവഴിച്ചിരിക്കുന്നു! താങ്കൾ ഈ കാണുന്നവയിലൊന്നും അമിതവ്യയം ചെയ്തിട്ടുമില്ല!?''

ആഗതൻ പഠിക്കാനല്ല, തന്നെ ഉദ്ബോധിപ്പിക്കാനാണു വന്നതെന്ന് ത്വനാഫസീ തിരിച്ചറിഞ്ഞു. ഉടനെ അദ്ദേഹം റൂമിനകത്ത് കയറി വാതിലടച്ചു. പിന്നെ നാൽപതു ദിവസം ജനങ്ങളെ കാണുകയേ ചെയ്തില്ല.

റയ്യിലെയും ഖസ്‌വീനിലെയും വ്യാപാരികളിലൂടെ ഈ രണ്ടു സംഭാഷണങ്ങളും പ്രചരിച്ചു. ഹാതിം ബാഗ്ദാദിലെത്തിയപ്പോൾ തദ്ദേശീയരെല്ലാം അദ്ദേഹത്തിന് ചുറ്റും കൂടി. അവർ പറഞ്ഞു:

''അബൂ അബ്ദിർറഹ്മാൻ, താങ്കൾ ഒരു അനറബിയാണല്ലോ. എന്നിട്ടും താങ്കളോട് സംസാരിക്കുന്നവരെയെല്ലാം താങ്കൾ ഖണ്ഡിക്കുന്നു.''

ഹാതിം: ''മൂന്ന് തത്വങ്ങൾ മുറുകെ പിടിക്കുന്നതുകൊണ്ടാണ് ഞാൻ പ്രതിയോഗികളെ അതിജയിക്കുന്നത്. പ്രതിപക്ഷത്തുള്ളവർക്ക് സത്യം ബോധ്യപ്പെട്ടാൽ ഞാൻ ആഹ്ലാദിക്കും, അവർക്ക് അബദ്ധം സംഭവിച്ചാൽ ഞാൻ ദുഃഖിക്കും, അവരോട് അവിവേകം കാണിക്കാതിരിക്കാൻ ഞാൻ ശ്രദ്ധിക്കും.''

അദ്ദേഹത്തെക്കുറിച്ചറിഞ്ഞ അഹ്മദുബ്നു ഹൻബൽ(റ) പറഞ്ഞു: 'സുബ്ഹാനല്ലാഹ്! എത്രമേൽ ബുദ്ധിശാലിയാണദ്ദേഹം!' അഹ്മദ്(റ) അദ്ദേഹത്തെ സന്ദർശിച്ചു ചോദിച്ചു: ''അബൂഅബ്ദിർറഹ്മാൻ, ദുനിയാവിന്റെ കെണിയിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗമെന്താണ്?''

ഹാതിം: ''അബൂഅബ്ദില്ലാഹ്, നാലു തത്വങ്ങൾ പാലിച്ചാലല്ലാതെ ദുനിയാവിൽ സുരക്ഷിതനാവുകയില്ല; ജനങ്ങളുടെ അവിവേകങ്ങൾക്ക് മാപ്പു നൽകുക, അവരോട് അവിവേകം കാണിക്കാതിരിക്കുക, താങ്കളുടെ വസ്തുക്കൾ അവർക്ക് നൽകുക, താങ്കൾ അവരിൽ നിന്ന് ഒന്നും പ്രതീക്ഷിക്കാതിരിക്കുക. ഇവ നിറവേറ്റിയാൽ താങ്കൾ രക്ഷപ്പെട്ടു.'' പിന്നീടദ്ദേഹം മദീനയിലേക്ക് പോയി.

അല്ലാഹുവിനെ ഭയക്കുകയും സൂക്ഷ്മതയോടെ ജീവിക്കുകയും ചെയ്യുന്നവരാണ് ശരിയായ ആലിമുകൾ. ''അല്ലാഹുവിന്റെ അടിമകളിൽ നിന്ന് അവനെ ഭയക്കുന്നവരാണ് പണ്ഡിതന്മാർ'' (ഫാത്വിർ 28) എന്ന ഖുർആൻ വാക്യത്തിൽ നിന്ന് അല്ലാഹുവിനെ ഭയക്കാത്തവർ ആലിമുകളല്ലെന്ന് ഗ്രഹിക്കാം. വിവരങ്ങളുടെ കൂമ്പാരമല്ല ഇൽമ്. പ്രത്യുത പരംപൊരുളായ പ്രപഞ്ച സ്രഷ്ടാവിന്റെ അസ്തിത്വവും സാന്നിധ്യവും മനസ്സിലാക്കലാണ്. അതിൽ നിന്നാണ് ഭയഭക്തിയും ഭൗതികവിരക്തിയും ഉരുവപ്പെടുക. ഇവയില്ലാതെ അല്ലാഹുവിലേക്കടുക്കാൻ ഒരു മാർഗ്ഗവുമില്ല.

അബൂയസീദീൽബിസ്താമി(റ) ഒരിക്കൽ തന്റെ ശിഷ്യന്മാരോട് പറഞ്ഞു: ''ഇന്നലെ പുലർകാലം വരെ ലാഇലാഹ ഇല്ലല്ലാഹു എന്ന് പറയാൻ ഞാൻ ശ്രമിച്ചെങ്കിലും എനിക്കതിനു കഴിഞ്ഞില്ല.'' കാരണമന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ''ബാല്യകാലത്ത് ഞാൻ പറഞ്ഞ ഒരു വാക്ക് എനിക്കോർമ്മ വരികയും അതിന്റെ കാഠിന്യം എന്നെ അലട്ടുകയും ഒറ്റപ്പെടുത്തുകയും ചെയ്തു. ആ പരിഭ്രാന്തിയാണ് എനിക്ക് പ്രതിബന്ധമായത്.'' മുഴുവൻ ഉത്തമ ഗുണങ്ങളും സമ്മേളിച്ച ആ മഹാത്മാവിന്റെ വാക്കുകൾ നമ്മെ ചിന്തിപ്പിക്കേണ്ടതാണ്.

പഠിച്ച കാര്യങ്ങൾ പ്രവർത്തിച്ചതിനു ശേഷമല്ലാതെ കൂടുതൽ അറിവുകൾ നിങ്ങൾ പഠിക്കരുതെന്ന് ഇഞ്ചീലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 'പഠിച്ചതനുസരിച്ച് പ്രവർത്തിക്കാനനുവദിക്കാതെ കൂടുതൽ പഠിച്ചു കൊണ്ടേയിരിക്കാൻ പിശാച് പ്രേരിപ്പിക്കും' എന്ന് തിരുനബി(സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അത്തരം ആളുകൾ കർമ്മങ്ങളനുഷ്ഠിക്കാതെ മരണപ്പെടാൻ സാധ്യതയുണ്ട്. 'ധാരാളം റിപ്പോർട്ടുകൾ പഠിക്കലല്ല ഇൽമ്, അല്ലാഹുവിനെക്കുറിച്ചുള്ള ഭയമാണ് യഥാർത്ഥ ഇൽമ്' എന്ന് ഇബ്നുമസ്ഊദ്(റ) പറയുന്നു.

ആർജ്ജിത വിജ്ഞാനത്തിൽ നിന്ന് ഉൽപാദിതമായ സത്തയാണ് നബിമാരുടെ അനന്തരജ്ഞാനം. പാലിൽ നിന്ന് കടഞ്ഞെടു

**ഇസ്‌ലാം സമ്പൂർണ്ണ ജീവിത വ്യവസ്ഥിതിയാണ്. അതിന് ഈമാൻ, ഇസ്‌ലാം എന്നീ രണ്ടു ഭാഗങ്ങളുണ്ട്. ഈമാൻ ജ്ഞാനമാണ്; അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനം, ദൃഢജ്ഞാനം (ഇൽമുൽയഖീൻ), അനുഭവജ്ഞാനം (ഐനുൽയഖീൻ), പരമ ജ്ഞാനം (ഹഖുൽയഖീൻ) എന്നിങ്ങനെ ജ്ഞാനത്തിന് വിവിധ പദവികളുണ്ട്. ഇവയെ തൗഹീദ്, മഅ്‌രിഫത്, മുശാഹദ എന്നും വിശേഷിപ്പിക്കാറുണ്ട്.**

ക്കുന്ന വെണ്ണ പോലെയാണത്. സുഗമമായി പാനം ചെയ്യാവുന്ന പാനീയമാണ് പാല്. വെണ്ണയാണ് അതിന്റെ സത്ത. വെണ്ണക്ക് നിലനിൽക്കാൻ ആവശ്യമായ ജഡം മാത്രമാണ് പാലിലെ ജലാംശങ്ങൾ.

ഇസ്‌ലാം സമ്പൂർണ്ണ ജീവിത വ്യവസ്ഥിതിയാണ്. അതിന് ഈമാൻ, ഇസ്‌ലാം എന്നീ രണ്ടു ഭാഗങ്ങളുണ്ട്. ഈമാൻ ജ്ഞാനമാണ്; അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനം, ദൃഢജ്ഞാനം (ഇൽമുൽയഖീൻ), അനുഭവജ്ഞാനം (ഐനുൽയഖീൻ), പരമ ജ്ഞാനം (ഹഖുൽയഖീൻ) എന്നിങ്ങനെ ജ്ഞാനത്തിന് വിവിധ പദവികളുണ്ട്. ഇവയെ തൗഹീദ്, മഅ്‌രിഫത്, മുശാഹദ എന്നും വിശേഷിപ്പിക്കാറുണ്ട്.

ആത്മജ്ഞാനമാണ് ഈമാന്റെ അറിവുകൾ. അതിൽ സാമാന്യജ്ഞാനവും സവിശേഷജ്ഞാനവുമുണ്ട്. തെളിവുകളുടെയും മനനങ്ങളുടെയും അടിസ്ഥാനത്തിൽ ചെന്നെത്താവുന്ന ജ്ഞാനമാണ് സാമാന്യമായത്. പാരത്രിക ഉലമാഇനും ലൗകിക പണ്ഡിതന്മാർക്കും ഇത് എത്തിപ്പിടിക്കാൻ സാധിക്കും. അതാണ് ഇൽമുൽയഖീൻ.

സവിശേഷ ജ്ഞാനം പാരത്രിക ഉലമാഇനു മാത്രം അവകാശപ്പെട്ടതാണ്. യഥാർത്ഥ വിശ്വാസികളുടെ ഹൃദയങ്ങളിലേക്ക് പെയ്തിറങ്ങുന്ന മനശ്ശാന്തിയാണത്. അതു ലഭിച്ചവർക്ക് ഈമാനിന്റെ ബലം വർദ്ധിച്ചു കൊണ്ടേയിരിക്കും. തെളിവുകൾക്കപ്പുറം അല്ലാഹുവിന്റെ അസ്തിത്വം അനുഭവിച്ചറിയുന്നവർക്കാണത് കരസ്ഥമാകുക. അതാണ് ഐനുൽയഖീൻ അഥവാ മുശാഹദ. അതിനും മീതെയാണ് ഹഖുൽയഖീൻ എന്ന പരമജ്ഞാനം. സർവ്വ മറകളും നീങ്ങുന്ന പരലോകത്ത് വച്ചാണ് അതനുഭവഭേദ്യമാവുക. എന്നാൽ യോഗ്യരായ ആളുകൾക്ക് അതിന്റെ പ്രകാശരശ്മികൾ ഭൗതികലോകത്തു വച്ചു തന്നെ ലഭിക്കും.

തെളിവുകളുടെയും തത്വങ്ങളുടെയും അടിസ്ഥാനത്തിൽ രൂപപ്പെട്ട അറിവുകളാണ് ദുൻയവിയ്യായ ആലിമുകൾക്കുള്ളത്. ലൗകിക വിരക്തരായ സൂഫിവര്യന്മാരാകട്ടെ ഗ്രന്ഥവരികളിൽ നിന്നു ലഭിച്ച അറിവുകളുടെ ആത്മസത്ത സ്വാംശീകരിച്ചവരാണ്. പാലിൽ നിന്ന് കടഞ്ഞെടുത്ത വെണ്ണ പോലെയാണ് അവരുടെ ജ്ഞാനം. ഈ ജ്ഞാനമാണ് മനുഷ്യന്റെ മഹത്വത്തിന്റെ മാനദണ്ഡം. സ്വായത്തമാക്കിയ ഇൽമിന്റെ അനുപാതത്തിനനുസരിച്ചാണ് അമലുകൾക്ക് മേന്മയും കനവുമുണ്ടാവുക.

''എന്റെ സമുദായത്തിനെക്കാൾ എനിക്കുള്ള മഹത്വം പോലെയാണ് ആബിദിനെക്കാൾ ആലിമിനുള്ള മഹത്വം'' എന്ന് ഹദീസിലുണ്ട്. ഇടപാടുകൾ, വൈവാഹികം പോലുള്ള ഭൗതിക വ്യവഹാരങ്ങളെക്കുറിച്ചറിയുന്നവനല്ല, പ്രത്യുത, അല്ലാഹുവിന്റെ ആസ്തിക്യത്തെക്കുറിച്ച് ഗ്രഹിച്ചവനാണ് ആലിം എന്ന യാഥാർത്ഥ്യത്തിലേക്കാണ് ഈ ഹദീസ് വിരൽചൂണ്ടുന്നത്.

ഭൗതികവിരക്തനായ ആലിമിന്റെ ഔന്നത്യം പരിശോധിച്ചറിയാനുതകുന്ന ഒരു ഉദാഹരണം വിവരിക്കാം: ഒരു പണ്ഡിതൻ സഭയിൽ പ്രവേശിച്ച് തന്റെ പദവിയോട് പൊരുത്തപ്പെടുന്ന ഇരിപ്പിടം തിരഞ്ഞെടുത്ത് ഇരിക്കുന്നു. അല്പം കഴിഞ്ഞ് തന്റെ ഗണത്തിൽപ്പെട്ട സമസ്ഥാനീയനായ മറ്റൊരു പണ്ഡിതൻ കടന്നു വരികയും തന്നെക്കാൾ ഉയർന്ന സീറ്റിലിലിരിക്കുകയും ചെയ്യുന്നു. ഇത് ഒന്നാമത്തെ പണ്ഡിതന് ഉൾക്കൊള്ളാൻ കഴിയുന്നില്ല. രണ്ടാമനെ പിടിച്ച് താഴേക്കിരുത്താൻ അവന്റെ മനസ്സ് വെമ്പുന്നു. എങ്കിൽ മനസ്സിലാക്കുക; ആ പണ്ഡിതനെയൊരു മനോരോഗം ബാധിച്ചിട്ടുണ്ട്. ചികിത്സിച്ച് ഭേദപ്പെടുത്തേണ്ടുന്ന അസുഖമാണത്. സങ്കീർണമായ ഈ രോഗത്തെക്കുറിച്ച് അയാൾ ബോധവാനല്ല. മറ്റുള്ളവരെക്കാൾ തനിക്ക് മഹത്വമുണ്ടെന്ന കാഴ്ചപ്പാടാണ് അയാളെ അത്തരത്തിൽ ചിന്തിപ്പിച്ചത്. അഹങ്കാരമാണതിന്റെ പ്രഭവകേന്ദ്രം.

യഥാർത്ഥ സൂഫിവര്യൻ, മറ്റൊരു വിശ്വാസിയെക്കാൾ തനിക്കെന്തെങ്കിലും സവിശേഷതയുള്ളതായി ചിന്തിക്കുകയില്ല. മറ്റുള്ളവരെക്കാൾ ഉയർന്ന സ്ഥാനത്തിരിക്കണമെന്ന് ആഗ്രഹിക്കുകയുമില്ല. ഇത്തരം സാഹചര്യത്തെ അവൻ അഭിമുഖീകരിക്കുകയും ദുർവിചാരം മനസ്സിൽ മുളപൊട്ടുകയും ചെയ്താൽ രണ്ടാമന് മുൻഗണന നൽകുകയും കൂടുതൽ ഉയർന്ന സ്ഥാനത്ത് അദ്ദേഹത്തെ ഇരുത്തുകയും ചെയ്യും. തന്റെ ദേഹേച്ഛയെ നിർവീര്യമാക്കാനുള്ള ഔഷധം ഇങ്ങനെ ചെയ്യലാണെന്ന പൂർണ്ണബോധ്യമുണ്ടായതുകൊണ്ടാണിത്. ദുഷ്ചിന്ത മനസ്സിൽ കടന്നുകൂടിയതിന് അവൻ അല്ലാഹുവോട് മാപ്പിരക്കുകയും കൂടുതൽ വിനയം പ്രകടിപ്പിക്കുകയും ചെയ്യും.

നോവൽ -2

മുജ്തബ നസ്വീഹ്

# അസർമുല്ല പൂക്കൾ

## ചൂരൽപ്പഴത്തിന്റെ കൈപ്പോർത്ത്

ഉമ്മയുടെ മുഖത്തൊരുമ്മ കൊടുത്തുകൊണ്ടാണ് ഉറങ്ങാൻ പോയത്. അപ്പോൾ ഉമ്മയുടെ മുഖത്ത് തെളിയുന്ന ചിരി കാണാൻ നല്ല രസമാണ്; മഴക്കാലത്ത് ആകാശത്ത് തെളിയുന്ന അമ്പിളിമാമനെപ്പോലെ!

സ്വുബ്ഹ് ബാങ്ക് കേട്ടുകൊണ്ടാണ് എന്നും ഉണരാറ്. പള്ളിയിൽനിന്ന് വാപ്പയുടെ ഒച്ച മൈക്കിലൂടെ വന്നു വിളിച്ചുണർത്തും: അസ്സ്വലാത്തു ഖൈറുമ്മിനന്നൗം. മദ്റസയിൽ നിന്ന് അതിന്റെ അർത്ഥം പഠിച്ചപ്പോഴാണ് എത്ര നല്ല കാര്യമാണ് വാപ്പ വിളിച്ചു പറയുന്നതെന്ന് മനസ്സിലായത്. നിസ്കാരം ഉറക്കിനെക്കാൾ എത്രയോ നല്ലതാണല്ലോ.

ഇന്നിത്തിരി നേരത്തെ ഉണർന്നിട്ടുണ്ട്. മനസ്സിൽ നിറയെ സന്തോഷമാണല്ലോ. ഉറക്കത്തിൽ ജമീലയെ സ്വപ്നം കണ്ടിരുന്നു. അവളുടെ അസർമുല്ലത്തോട്ടം കണ്ടിരുന്നു. ഉമ്മയുടെ ചിരിക്കുന്ന മുഖം കണ്ടിരുന്നു. ഇന്ന് ജമീലയുടെ പൂന്തോട്ടം കാണാൻ പോകുന്നുമുണ്ടല്ലോ. അതൊക്കെയായിരിക്കും സന്തോഷത്തിനു കാരണം.

പുസ്തകങ്ങൾ നിറച്ച ബാഗും തൂക്കി മുറ്റത്തേക്കിറങ്ങുമ്പോൾ ഉമ്മ പറഞ്ഞു: 'പിന്നേ... റസിയ മോളേ, അക്കുട്ടീന്റെ പൊരേല് പോയാല് വേഗമിങ്ങു പോരണം ട്ടോ. സ്കൂളിനടുത്തു വരെ ഓളോട് കൂടെപ്പോരാനും പറയണം. നെനക്ക് പരിചയല്ലാത്ത വഴ്യല്ലേ?'

എല്ലാം മൂളിക്കേട്ട് നടക്കാൻ തുടങ്ങിയപ്പോൾ ഒരു മുന്നറിയിപ്പും: 'എടീ, അന്റെ വാപ്പാനെ കണ്ടാല് അങ്ങോട്ട് പോകുന്ന കാര്യമൊന്നും പറയണ്ടാ ട്ടോ. പറഞ്ഞാല് സമ്മതിക്കും ന്ന് തോന്ന്ണില്ല.'

ഈ ഉമ്മയുടെ ഓരോ പേടിപ്പിക്കല്. വാപ്പ എപ്പോഴും നല്ല ഗൗരവത്തിലാണ്. ചിരിക്കുന്നതൊന്നും കാണാറേയില്ല. എപ്പോഴെങ്കിലും ചിരിച്ചു പോയാല് പെട്ടെന്നു തന്നെ മട്ട് മാറും; പാടില്ലാത്തതെന്തോ ചെയ്തു പോയ മട്ടിൽ മുഖം കറുപ്പിക്കും. വാപ്പ എന്താണിങ്ങനെയെന്ന് പലപ്പോഴും ആലോചിക്കാറുണ്ട്. അയലത്തെ ഹലീമയെ ഇപ്പോഴും അവളുടെ വാപ്പ പൊക്കിയെടുത്തു കളിപ്പിക്കുന്നതും മറ്റും കാണുമ്പോൾ സങ്കടം വരും. ഞങ്ങളുടെ വാപ്പ നല്ലോണമൊന്ന് മിണ്ടിപ്പറയുക പോലുമില്ലല്ലോ. തമ്മിൽ കാണൽ തന്നെ കുറവാണ്. സുബ്ഹിക്ക് ഞങ്ങളൊക്കെ എണീക്കുന്നതിനു മുമ്പേ വാപ്പ ഇറങ്ങിപ്പോകുമല്ലോ പള്ളിയിലേക്ക്, ബാങ്ക് വിളിക്കാൻ. പിന്നെ മദ്റസയിലെ പഠിപ്പിക്കലും കഴിഞ്ഞാണൊന്നു വീട്ടിലേക്ക് വരുക. അപ്പോഴേക്കും ഞങ്ങൾ സ്കൂളിൽ പോയിട്ടുണ്ടാകും. ളുഹ്ർ നിസ്കാരത്തിനു പോയാൽ പിന്നെ ഇശാഉം കഴിഞ്ഞ് വൈകിയാണെത്തുക. വീടുകളിൽ നടക്കുന്ന മൗലൂദിനും റാത്തീബിനും ക്ഷണമുണ്ടാവും. യാസീനോതാനും മന്ത്രിക്കാനുമൊക്കെയുണ്ടാവും. എല്ലാം കഴിഞ്ഞ് വീട്ടിലെത്തുമ്പോഴേക്കും ഞങ്ങൾ കുട്ടികളൊക്കെ നല്ല ഉറക്കത്തിലായിരിക്കും. പിന്നെയെങ്ങനെ തമ്മിൽ കാണാനാണ്!

ഓമനിക്കാറൊന്നുമില്ലെ

**സ്വുബ്ഹ് ബാങ്ക് കേട്ടുകൊണ്ടാണ് എന്നും ഉണരാറ്. പള്ളിയിൽനിന്ന് വാപ്പയുടെ ഒച്ച മൈക്കിലൂടെ വന്നു വിളിച്ചുണർത്തും: അസ്സ്വലാത്തു ഖൈറുമ്മിനന്നൗം. മദ്റസയിൽ നിന്ന് അതിന്റെ അർത്ഥം പഠിച്ചപ്പോഴാണ് എത്ര നല്ല കാര്യമാണ് വാപ്പ വിളിച്ചു പറയുന്നതെന്ന് മനസ്സിലായത്. നിസ്കാരം ഉറക്കിനെക്കാൾ എത്രയോ നല്ലതാണല്ലോ.**

ങ്കിലും വല്ലാത്ത സ്നേഹമാണ് വാപ്പാക്ക്. ആർക്കെങ്കിലും സുഖമില്ലാതായാൽ പിന്നെ വാപ്പക്ക് ഒരു സമാധാനവുമുണ്ടാവില്ല. ഇടയ്ക്കിടെ വന്ന് നോക്കിക്കൊണ്ടിരിക്കും. ഡോക്ടറെ കാണിക്കാൻ എടുത്തുകൊണ്ടുപോകും. മരുന്നും കഞ്ഞിയുമൊക്കെ കുടിക്കാൻ നിർബന്ധിച്ചു കൊണ്ടിരിക്കും. അതൊക്കെ ഓർക്കുമ്പോൾ കൊതിച്ചു പോകാറുണ്ട്; കുറച്ചു ദിവസം പനിച്ചു കിടന്നെങ്കിലെന്ന്. എന്നാൽ വാപ്പയുടെ സ്നേഹം നുകരാമല്ലോ.

***   ***   ***

വാപ്പയോട് പറയാതെ ജമീലയുടെ വീട്ടിലേക്ക് പോകാൻ വിഷമമുണ്ട്. സമ്മതം ചോദിച്ചാൽ പോകണ്ടാന്നൊന്നും പറയാനിടയില്ല. ഒന്നു മൂളുകയേയുണ്ടാവൂ. അതിനർത്ഥം സമ്മതമാണെന്നോ അല്ലെന്നോ എന്നു തീരുമാനിക്കാറുള്ളത് ഉമ്മയാണ്. നേരിൽ കണ്ടാൽ ചോദിക്കാമെന്നുണ്ടായിരുന്നു. പക്ഷേ, വാപ്പ സ്വുബ്ഹിക്ക് മുമ്പേ പോയതാണല്ലോ.

ഇന്നെന്തായാലും ജമീലയുടെ വീട്ടിൽ പോകണം. എത്ര ദിവസമായി വിചാരിക്കുന്നു; ഉമ്മയുടെ സമ്മതം കിട്ടിയതാണല്ലോ. സന്തോഷത്തോടെയാണ് ക്ലാസിലേക്കോടിയത്. കണ്ണുകൾ ചുറ്റും പരതി. കൂട്ടുകാരികൾക്കിടയിൽ ജമീലയുണ്ടോ? ഇല്ല, അവളെത്തിയിട്ടില്ലല്ലോ. ഇന്നു വരില്ലേ? മാമന്റെ വീട്ടിലും അമ്മായിയുടെ വീട്ടിലുമൊക്കെ കൂടാൻ പോയെന്നു പറഞ്ഞ് അവൾ ഇടയ്ക്കിടെ ഓരോ ദിവസം വരാതിരിക്കാറുണ്ട്. ഇന്നങ്ങനെയുള്ള ദിവസമാണോ? ഞാനിന്നു നിന്നോടൊപ്പം വരുമെന്ന് പറയാൻ തിടുക്കമായല്ലോ.

ബെല്ലടിച്ച് പ്രാർത്ഥനയും കഴിഞ്ഞ് ആഇശടീച്ചർ ഹാജറെടുക്കാൻ തുടങ്ങിയപ്പോഴാണ് ജമീലയുടെ തല വാതിൽക്കൽ കണ്ടത്. കുനിഞ്ഞിരിക്കുന്ന ടീച്ചറുടെ ശ്രദ്ധ ക്ഷണിക്കാൻ ഒരു കുട്ടി വിളിച്ചുപറഞ്ഞു: 'ടീച്ചറേ, ജമീല.'

ടീച്ചർ തലയുയർത്തി കണ്ണട നേരെയാക്കി വാതിൽക്കലേക്ക് ദേഷ്യത്തോടെ നോക്കി ചോദിച്ചു: 'എവിടെയായിരുന്നു കുട്ടീ നീയിതുവരെ?'

ജമീല തലകുനിച്ചു പേടിയോടെ നിന്നു. ടീച്ചറുടെ മേശയ്ക്കകത്ത് നല്ലൊരു ചൂരൽ വടിയുണ്ട്. ദേഷ്യം പിടിക്കുമ്പോഴാണ് ടീച്ചറത് പുറത്തെടുക്കുക. അതുകൊണ്ട് ഒരടി കിട്ടിയാൽ...... ഹോ...... എന്തൊരു വേദനയാണ്! ഒരിക്കൽ കിട്ടിയ അടിയുടെ ചൂട് ഇപ്പോഴും കൈവെള്ളയിലുണ്ട്; ഹോംവർക്ക് ചെയ്യാതെ വന്ന ദിവസമായിരുന്നു അത്. ഇന്നലത്തെപ്പോലെ ഉമ്മാക്ക് ഊരവേദന കൂടുതലുള്ള ദിവസമായിരുന്നു. അടുക്കളയിൽ ഒരുപാട് പണികളുണ്ട്. അതിനിടയ്ക്ക് അനിയന്റെ കരച്ചിലും പിഴിച്ചിലും. തിരക്കുകൾക്കിടയിൽ ഹോംവർക്കിന്റെ കാര്യം മറന്നുപോയതാണ്. ഫസ്റ്റ് പിരീഡിൽ തന്നെ ടീച്ചർ ചോദിച്ചപ്പോഴാണ് ഓർമ്മ വന്നത്. പേടിച്ചുവിറച്ചു നിന്നുപോയി. ഹോംവർക്ക് ചെയ്തു വരാത്തവർക്കൊക്കെ അന്ന് ചൂരൽപഴം കിട്ടി; ഈ റസിയക്കും.

ഒരുകാലത്തും അത് മാഞ്ഞുപോവില്ലല്ലോ. ഓർക്കുമ്പോഴൊക്കെ കൈവെള്ളയിലേക്ക് നോക്കിപ്പോകും, ചുവന്ന വരമായാതെ കിടക്കുന്നുണ്ടോ എന്ന്. ജമീലക്കിപ്പോ അത്തരമൊരു ചൂരൽപഴം കൊടുക്കുമോ ടീച്ചർ? ടീച്ചർക്കിപ്പോൾ അടിക്കാൻ തോന്നരുതേ എന്ന് മനസ്സിൽ തേടിക്കൊണ്ടിരുന്നു.

'കടന്നു വാടീ.' ടീച്ചറുടെ കനത്ത സ്വരം.

ജമീല വിറച്ചുകൊണ്ടാണ് ടീച്ചറുടെ മേശയ്ക്കടുത്തെത്തിയത്. മേശ തുറക്കാതെ ടീച്ചർ അവളെയൊന്ന് തറപ്പിച്ചു നോക്കി ചോദിച്ചു: 'എന്താണിത്രയും വൈകിയത്? ബെല്ലടിക്കുന്നതിനു മുമ്പെത്തണമെന്ന് പലവട്ടം പറഞ്ഞതല്ലേ?'

'ടീച്ചറേ പൊരേല് പണിണ്ടാർന്നു.'

'എന്തു പണി?'

'നനയ്ക്കാൻ.'

'നനയ്ക്കാനോ? എന്തു നനയ്ക്കാൻ?' കണ്ണടക്കുള്ളിലൂടെ ടീച്ചറുടെ ഉരുട്ടിയ കണ്ണുകൾ കണ്ടപ്പോൾ പേടിച്ചുപോയി. ഇപ്പോ മേശ തുറക്കും ചൂരലെ



ടുക്കാൻ എന്ന് ഭയന്നു. പക്ഷേ, ജമീല 'എന്റെ പൂന്തോട്ടം നനയ്ക്കാൻ' എന്നു വിറച്ചുവിറച്ചുകൊണ്ടു പറഞ്ഞപ്പോൾ ടീച്ചറുടെ മുഖത്തൊരു ചിരി പടർന്നു. അപ്പോൾ എല്ലാവർക്കും ആശ്വാസമായി. ഇനി ടീച്ചർ അടിക്കില്ല.

'നിന്റെയൊരു പൂന്തോട്ടം. നേരം വെളുത്ത് പത്തുമണിവരെ അതൊന്നു നനയ്ക്കാൻ നിനക്ക് സമയം കിട്ടിയില്ല അല്ലേ? ഇനിയിതാവർത്തിക്കരുത്' എന്നു പറഞ്ഞു ടീച്ചർ അവളെ വെറുതെ വിട്ടപ്പോൾ വല്ലാത്ത സന്തോഷം തോന്നി.

ഇന്റർവെൽ സമയത്താണ്



ജമീലയോട് കാര്യം പറഞ്ഞത്. അവളപ്പോൾ തോളിൽ കയ്യിട്ടു എല്ലാവരും കേൾക്കെ വിളിച്ചു പറഞ്ഞല്ലോ; ഞങ്ങൾ ചങ്ങായ്മാരാണെന്ന്.

ജമീലക്ക് ഏറെ കൂട്ടുകാരികളുണ്ട്; അവളുമായി കൂട്ടുകൂടാൻ എല്ലാവർക്കും ഇഷ്ടവുമാണ്. ഈ റസിയക്കോ, രണ്ടോ മൂന്നോ കൂട്ടുകാരികളേയുള്ളൂ. ആരോടും അധികം മിണ്ടാതെ അടങ്ങിയൊതുങ്ങിയിരിക്കുന്ന എനിക്കെങ്ങനെ കൂട്ടുകാരികളുണ്ടാവാനാണ്! അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവരോടേ വർത്തമാനങ്ങൾ പറയാറുള്ളൂ. ജമീലയെപ്പോലെ എല്ലാവർക്കും മാങ്ങയുണ്ണിയും പുളിയും പുളിങ്കുരുവും എരഞ്ഞിപ്പൂവുമൊക്കെ കൊണ്ടുവന്നു കൊടുക്കാൻ എന്റെ വീട്ടിലില്ലല്ലോ. അതുകൊണ്ടാണോ എനിക്ക് കൂട്ടുകാരികളില്ലാത്തത്? എന്നാലും ജമീലക്കെന്നോടാണ് കൂട്ടുകാരികളിൽ ഏറെ ഇഷ്ടമെന്നു പലപ്പോഴും തോന്നിയിട്ടുണ്ട്.

സ്കൂൾ വിട്ട് ദേശീയഗാനം കഴിഞ്ഞ് പുറത്തേക്കിറങ്ങിയപ്പോൾ ജമീല വന്നു തോളിൽ കയ്യിട്ടു പറഞ്ഞു: ‘വാടീ, നമ്മൾക്ക് വേഗം പോകാം.’

സ്കൂളിന്റെ പിന്നിലൂടെയുള്ള ചെമ്മണ്ണു റോഡിലൂടെയാണ് ജമീലയുടെ വീട്ടിലേക്ക് പോകേണ്ടത്. അവളോടൊപ്പം നടക്കുമ്പോൾ കൗതുകപൂർവ്വം ചുറ്റും ശ്രദ്ധിക്കുകയായിരുന്നു. ഇതുവരെ കാണാത്ത വഴിയാണല്ലോ. ഒത്തിരി നടക്കാനുണ്ട്. കാലിൽ ചെരുപ്പില്ല. വയറ്റിലാണെങ്കിൽ വിശപ്പ് മുറവിളി കൂട്ടുന്നുമുണ്ട്. എന്നും വീട്ടിലെത്തിയാൽ ഉച്ചയ്ക്കത്തെ ചോറ് വാരിവലിച്ച് തിന്നുന്നതാണല്ലോ.

അവളുടെ വർത്തമാനത്തിൽ എല്ലാം മറന്ന് അതിവേഗം നടന്നു. എന്തൊക്കെ കഥകളാണ് അവൾ പറയുന്നത്! എനിക്കങ്ങനെ വർത്തമാനം പറയാനുമറിയില്ലല്ലോ.

റോഡിൽ നിന്നു കുറെ പടികൾ കയറി വേണം ജമീലയുടെ വീട്ടിലെത്താൻ. പടികൾ കയറുമ്പോൾ വല്ലാത്ത കിതപ്പ്. അവളാകട്ടെ, എല്ലാം ഓടിക്കയറി മുകളിൽ നിന്നും താഴോട്ട് നോക്കി ചിരിക്കുന്നു. മുറ്റത്തെത്തിയപ്പോൾ ആകെ പരവശയായിപ്പോയി. അവൾ വിളിച്ചു പറയുന്നത് കേട്ടു: ‘ഉമ്മാ... ഉമ്മാ... ഇതാരാ വന്നതെന്ന് നോക്കിയേ.’

‘എന്റെ മോള് ജമീലയല്ലേ? വേഗം വന്ന് ഈ വെള്ളമെടുത്ത് ആടിന് കൊണ്ടുപോയിക്കൊടുക്ക്.’

അകത്തുനിന്ന് ഉമ്മയുടെ പ്രതികരണം കേട്ടപ്പോൾ അവൾ ഉറക്കെ പറഞ്ഞു: ‘അല്ലുമ്മാ, ന്റെ കൂടെ ഒരാള്ണ്ട്. വന്നു നോക്കിയേ.’

‘ഞ്ഞി കളിപ്പിക്കാണ്ട് ഇങ്ങോട്ട് കയറി വാടീ.’ ഉമ്മയുടെ ഒച്ച. പിന്നാലെ അവരുടെ മയമേറിയ സ്വരം: ‘ങേ നേരാല്ലേ നീ പറഞ്ഞത്. ആരാ മോളേ ഇക്കുട്ടി? നെന്റെ റസിയയാണോ?’

(തുടരും)

ജമീലക്ക് ഏറെ കൂട്ടുകാരികളുണ്ട്; അവളുമായി കൂട്ടുകൂടാൻ എല്ലാവർക്കും ഇഷ്ടവുമാണ്. ഈ റസിയക്കോ, രണ്ടോ മൂന്നോ കൂട്ടുകാരികളേയുള്ളൂ. ആരോടും അധികം മിണ്ടാതെ അടങ്ങിയൊതുങ്ങിയിരിക്കുന്ന എനിക്കെങ്ങനെ കൂട്ടുകാരികളുണ്ടാവാനാണ്! അപ്പുറത്തും ഇപ്പുറത്തുമിരിക്കുന്നവരോടേ വർത്തമാനങ്ങൾ പറയാറുള്ളൂ. ജമീലയെപ്പോലെ എല്ലാവർക്കും മാങ്ങയുണ്ണിയും പുളിയും പുളിങ്കുരുവും എരഞ്ഞിപ്പൂവുമൊക്കെ കൊണ്ടുവന്നു കൊടുക്കാൻ എന്റെ വീട്ടിലില്ലല്ലോ. അതുകൊണ്ടാണോ എനിക്ക് കൂട്ടുകാരികളില്ലാത്തത്?

ചരിത്രാഖ്യായിക സൗദ(റ) – 2

മുഹമ്മദ് പാറന്നൂർ

# ഏകതണലും മാഞ്ഞുപോയപ്പോൾ

'അകലെ അബ്സീനിയയിലേക്ക് പൊയ്ക്കൊള്ളുക. സത്യം പുലരുന്ന ഒരു നാടാണത്. അവിടെയൊരു രാജാവുണ്ട്; അദ്ദേഹത്തിനു കീഴിൽ ആരും അക്രമത്തിനു വിധേയരാവേണ്ടി വരില്ല. ഇപ്പോൾ നിങ്ങളകപ്പെട്ടിരിക്കുന്ന വിഷമസന്ധി നീങ്ങിക്കിട്ടുംവരെ അവിടെ താമസിച്ചു കൊള്ളുക.'



'അല്ലാഹുവിന്റെ തിരുദൂതരേ, അസഹനീയമായിരിക്കുന്നു ഖുറൈശികളുടെ മർദ്ദന പീഡനങ്ങൾ. ഇതിൽനിന്നു ഞങ്ങൾക്കു മോചനമില്ലേ?'

'എത്ര കാലം സഹിക്കണമിത്? എപ്പോഴാണ് അല്ലാഹുവിന്റെ സഹായമെത്തുക?'

ഖുറൈശികളുടെ മർദ്ദനങ്ങൾ സഹിക്കാനാവാതെ അനുയായികൾ ചോദിക്കുന്നു. അല്ലാഹുവിൽ നിന്നുള്ള അറിയിപ്പില്ലാതെ തിരുനബി(സ)ക്കൊന്നും പറയാനാവില്ലല്ലോ. അവിടുന്ന് സഹതാപപൂർവ്വം ആശ്വസിപ്പിക്കുന്നേയുള്ളൂ; 'ജനങ്ങളേ, ക്ഷമിക്കുക; അല്ലാഹു എന്തെങ്കിലും ഒരു പരിഹാരമാർഗ്ഗം കാണിച്ചു തരാതിരിക്കില്ല.'

അങ്ങനെ കഴിയവെയാണ് ഒരു ദിവസം അവിടുന്ന് പറഞ്ഞത്; 'നിങ്ങൾ മരുഭൂമിയിൽ എവിടെയെങ്കിലും അഭയം തേടിക്കൊള്ളുക.'

'എവിടേക്കാണ് ഞങ്ങൾ പോകേണ്ടത്?' അവർ ചോദിച്ചു.

'അകലെ അബ്സീനിയയിലേക്ക് പൊയ്ക്കൊള്ളുക. സത്യം പുലരുന്ന ഒരു നാടാണത്. അവിടെയൊരു രാജാവുണ്ട്; അദ്ദേഹത്തിനു കീഴിൽ ആരും അക്രമത്തിനു വിധേയരാവേണ്ടി വരില്ല. ഇപ്പോൾ നിങ്ങളകപ്പെട്ടിരിക്കുന്ന വിഷമസന്ധി നീങ്ങിക്കിട്ടുംവരെ അവിടെ താമസിച്ചു കൊള്ളുക.'

'തിരുദൂതർ അനുമതി തന്നിട്ടുണ്ടല്ലോ. നമുക്കീ നരകത്തിൽ നിന്നു രക്ഷപ്രാപിക്കാം.' കുടുംബക്കാരുടെ പീഡനവും അവഗണനയും അവഹേളനവും സഹിച്ചു മടുത്ത സൗദ(റ) യാത്രയ്ക്കു തയ്യാറായി. സക്റാനുമുണ്ടായിരുന്നില്ല

മറ്റൊരഭിപ്രായം. അങ്ങനെ ഇരുവരും അബ്സീനിയയിലേക്കുള്ള ആദ്യ യാത്രാസംഘത്തിൽ അംഗങ്ങളായി.

അകലെയകലെയാണ് അബ്സീനിയ. കടലിനക്കരെയുള്ള ദേശം! ചരക്കുകളുമായി പുറപ്പെടുന്ന പായക്കപ്പലിൽ ഇടം കിട്ടിയാൽ വലിയ പ്രയാസമില്ലാതെയങ്ങെത്താം. അല്ലെങ്കിൽ കരയിലൂടെ മാസങ്ങളോളം ദൈർഘ്യമേറിയ യാത്ര വേണ്ടിവരും. ഏതായാലും ഒരു സാഹസിക യാത്ര തന്നെയാണ്.

പതിനൊന്ന് പുരുഷന്മാരും നാലു സ്ത്രീകളുമാണ് ആദ്യ സംഘത്തിലുള്ളത്. അല്ലാഹുവിന്റെ മാർഗത്തിൽ, പിറന്ന നാടും താമസിക്കുന്ന വീടുമെല്ലാം ഉപേക്ഷിച്ചുള്ള പലായനം. പക്ഷേ, ആ മുഖങ്ങളിലൊന്നും ഭീതിയോ നിരാശയോ പ്രകടമല്ല. വിശ്വാസത്തിന്റെ ചൈതന്യത്താൽ പ്രകാശിക്കുന്ന മുഖങ്ങൾ! അവിടെ ഓളം വെട്ടുന്നത് ശുഭപ്രതീക്ഷയാണ്; താമസിയാതെ തിരിച്ചുവരാനും തിരുനബി(സ)യോടൊപ്പം കഴിയാനും സാധിക്കുമെന്ന പ്രതീക്ഷ! അതിരഹസ്യമായിരുന്നു ആ യാത്ര. ഖുറൈശികളറിഞ്ഞാൽ പോകുന്നതു തടഞ്ഞേക്കാം, മർദ്ദനങ്ങളഴിച്ചു വിട്ടേക്കാം. പിടിച്ചു ചങ്ങലകളിൽ ബന്ധിച്ചേക്കാം. എന്തും ചെയ്യാൻ മടിക്കാത്ത തെമ്മാടിക്കൂട്ടങ്ങളുണ്ടല്ലോ മക്കയിൽ.

അബ്സീനിയക്കാർ നല്ലവരാണ്. തിരുനബി(സ)യുടെ വാക്കുകളെ അന്വർത്ഥമാക്കുന്നതായിരുന്നു നേഗസ് രാജാവിന്റെയും അവിടുത്തെ ജനങ്ങളുടെയും സമീപനങ്ങൾ. അഭയാർത്ഥികളെ അവർ സ്വാഗതം ചെയ്തു. അവർക്ക് അന്നപാനാദികൾ നൽകി. താമസിക്കാൻ വീടുകൾ നൽകി. ഉപജീവനമാർഗ്ഗത്തിന് തൊഴിലവസരങ്ങൾ നൽകി. ആരെയും ഭയപ്പെടാതെ സ്വസ്ഥമായി കഴിയാം.

അതിനിടെയാണ് മക്കയിൽ നിന്ന് രണ്ടുപേർ നേഗസ് രാജാവിനെ കാണാനെത്തിയത്. ഖുറൈശികളയച്ച പ്രതിനിധികളാണവർ; അംറും അബ്ദുല്ലയും. വിലപിടിച്ച സമ്മാനങ്ങളുമായാണവരുടെ വരവ്; നേഗസിന്റെ പ്രീതി

**അബ്സീനിയക്കാർ നല്ലവരാണ്. തിരുനബി(സ)യുടെ വാക്കുകളെ അന്വർത്ഥമാക്കുന്നതായിരുന്നു നേഗസ് രാജാവിന്റെയും അവിടുത്തെ ജനങ്ങളുടെയും സമീപനങ്ങൾ. അഭയാർത്ഥികളെ അവർ സ്വാഗതം ചെയ്തു. അവർക്ക് അന്നപാനാദികൾ നൽകി. താമസിക്കാൻ വീടുകൾ നൽകി. ഉപജീവനമാർഗ്ഗത്തിന് തൊഴിലവസരങ്ങൾ നൽകി. ആരെയും ഭയപ്പെടാതെ സ്വസ്ഥമായി കഴിയാം.**

പിടിച്ചുപറ്റാൻ. അവർ രാജാവിനെ മുഖം കാണിച്ചു. സമ്മാനങ്ങളർപ്പിച്ചു; പിന്നെ തങ്ങളുടെ ആഗമനോദ്ദേശ്യമറിയിച്ചു: 'മഹാരാജാവേ, ഞങ്ങളുടെ നാട്ടിൽ നിന്ന് വിവരംകെട്ട ചില ചെറുപ്പക്കാർ ഇങ്ങോട്ട് വന്നിരിക്കുന്നു; അവർ സ്വന്തം മതമുപേക്ഷിച്ചവരാണ്; നിങ്ങളുടെ മതം സ്വീകരിച്ചിട്ടുമില്ല. പുതിയ ഒരു മതത്തിലാണവരിപ്പോൾ. അവരുടെ പിതാക്കളും ബന്ധുക്കളുമായ നേതാക്കളാണ് ഞങ്ങളെ ഇങ്ങോട്ടയച്ചത്; അവരെ അങ്ങ് മക്കയിലേക്ക് തിരിച്ചയക്കണമെന്ന് അഭ്യർത്ഥിക്കാൻ!'

'അങ്ങനെയോ? ഞാനവരുമായൊന്നു സംസാരിക്കട്ടെ. അതുവരെ നിങ്ങളിവിടെത്തന്നെ കഴിഞ്ഞോളൂ.' രാജാവ് അഭയാർത്ഥികളെ വിളിച്ചുവരുത്തി സംസാരിച്ചു. അദ്ദേഹത്തിന് സത്യം ബോധ്യമായി. ക്രൈസ്തവനായ അദ്ദേഹം മുസ്‌ലിംകളെ സഹോദരന്മാരായി കണ്ടു. അവരെ താൻ സംരക്ഷിക്കുമെന്നും മക്കയിലേക്ക് തിരിച്ചയക്കില്ലെന്നും മക്കാ പ്രതിനിധികളെ അറിയിച്ചു. അംറിനും അബ്ദുല്ലക്കും നിരാശരും നിന്ദിതരുമായി തിരിച്ചു പോരേണ്ടിവന്നു.

എല്ലാം കണ്ടും കേട്ടും അനുഭവിച്ചും സക്റാനും ഭാര്യ സൗദ(റ)യും. ആശ്വാസകരമായിരുന്നു അബ്സീനിയയിലെ ദിനങ്ങൾ. ആരെയും ഭയപ്പെടാതെ ജീവിക്കാം. ഭീഷണികളോ പീഡനങ്ങളോ അവഹേളനമോ ഒട്ടുമില്ല. സഹകരിക്കുകയും സഹായിക്കുകയും ചെയ്യുന്ന തദ്ദേശീയർ! അഭയാർത്ഥികൾക്ക് പൂർണ്ണ സംരക്ഷണം ഉറപ്പുവരുത്തുന്ന രാജാവ്.

എന്നാലും മനസ്സ് മക്കയിലേക്ക് പറന്നു പോകുന്നു. അല്ലാഹുവിന്റെ തിരുദൂതരുടെ അവസ്ഥ ഇപ്പോഴെന്തായിരിക്കും? ശത്രുക്കൾ അവിടുത്തെ ദ്രോഹിക്കുന്നുണ്ടാവുമോ? അബ്സീനിയയിലേക്കു വരാൻ കഴിയാത്ത സഹോദരങ്ങളെ ശത്രുക്കൾ പീഡിപ്പിക്കുന്നുണ്ടാവില്ലേ? അവർക്കെന്താണൊരു രക്ഷാമാർഗ്ഗം? മക്കയിൽ സമാധാനമുണ്ടാവാൻ, മുസ്‌ലിം സഹോദരങ്ങൾക്ക് രക്ഷയേകാൻ നിരന്തരം പ്രാർത്ഥനയിലായിരുന്നു എല്ലാവരും.

അങ്ങനെ മക്കയിലേക്ക് മനസ്സ് തിരിച്ചുവെച്ച് ജീവിതം തുടരുന്നതിനിടയിലാണ് ആ വാർത്ത കേട്ടത്: 'മക്കയിൽ ഉമറുബ്നുഖത്വാബ്(റ)വും ഹംസതുബ്നു അബ്ദിൽ മുത്വലിബുമൊക്കെ ഇസ്‌ലാം സ്വീകരിച്ചിരിക്കുന്നു. ജനങ്ങളേറെയുമിപ്പോൾ മുസ്‌ലിംകളാണ്. ഇസ്‌ലാം ശക്തി പ്രാപിച്ചതോടെ മർദ്ദനങ്ങളും പീഡനങ്ങളും അവസാനിച്ചിരിക്കുന്നു.'

അഭയാർത്ഥികൾക്കിടയിൽ ആഹ്ലാദം പരന്നു. പരസ്പരം സന്തോഷം പങ്കിട്ടുകൊണ്ടവർ ഇനി എന്തുചെയ്യണമെന്ന് ചർച്ച ചെയ്തു.

'ആരാണീ വാർത്ത അബ്സീനിയയിലെത്തിച്ചത്? കേട്ടത് ശരിയാണോ?' ചിലർക്കു സംശയം. എന്നാൽ ജന്മനാട്ടിലേക്ക് തിരിച്ചു പോകാൻ വ്യഗ്രത പൂണ്ടിരിക്കുന്ന പലരും പറഞ്ഞു: 'ശരിയായിരിക്കാം. വെറുതെയങ്ങനെയൊരു വാർത്ത ആരും പ്രചരിപ്പിക്കില്ലല്ലോ. നമുക്കു തിരിച്ചുപോകാം. കഴിവതും വേഗം തിരുസവിധത്തിലണയാം.'

'പ്രിയേ, നമ്മളെന്തു ചെയ്യണം?'

'പ്രിയതമാ, നമുക്ക് തിരിച്ചു പോകാം. നമ്മുടെ പൊന്നുമോൻ അബ്ദുറഹ്മാനെ നമ്മുടെ ജന്മനാട് കാണിച്ചുകൊടുക്കാൻ തിടുക്കമായിരിക്കുന്നല്ലോ.'

**കുടുംബങ്ങളെല്ലാം ശക്ത മായ എതിർപ്പിൽ തന്നെയാ ണ്. സ്വസ്ഥമായി ജീവിക്കാൻ സക്റാനെയും സൗദയെയും അനുവദിക്കില്ലെന്ന തീരുമാന ത്തിൽ തന്നെയാണ് അവരിപ്പോ ഴും. എങ്കിലും വരുന്നതെല്ലാം വരട്ടെ, ഈ വിശുദ്ധ സരണി യിൽ വേണ്ടിവന്നാൽ ആത്മാർ പ്പണം നടത്താൻ പോലും തയ്യാറാണെന്ന ഉറച്ച തീരുമാ നത്തോടെ അവർ മക്കയിൽ തന്നെ താമസമാക്കി.**

സൗദ(റ)വിനു ധൃതിയായി. അങ്ങനെ സക്റാനും സൗദയും ആദ്യത്തെ തിരിച്ചുപോക്കു സംഘത്തിൽ അംഗങ്ങളായി.

മക്കയിലെത്തിയപ്പോഴാണറിയുന്നത്, കേട്ടതെല്ലാം കളവായിരുന്നെന്ന്. അഭയാർത്ഥികളായി പുറപ്പെട്ടവരെ മക്കയിലേക്ക് തിരിച്ചുകൊണ്ടുവരാൻ പ്രതിനിധികളെയയച്ച ഖുറൈശിക്കൂട്ടത്തിന്റെ മറ്റൊരു തന്ത്രമായിരുന്നു ആ പ്രചാരണം.

മുമ്പത്തേതിനെക്കാൾ ഭയാനകമാണ് മക്കയിൽ ഇപ്പോഴത്തെ അവസ്ഥ. ഉമർ(റ)വും ഹംസ(റ)വുമെല്ലാം ഇസ്‌ലാമിലേക്ക് വന്നിട്ടുണ്ടെന്നത് ശരിയാണ്. പക്ഷേ, മർദ്ദനവും പീഡനവും കഠിനമായിരിക്കുന്നു. ഇസ്‌ലാം സ്വീകരിച്ചവർക്ക് പുറത്തിറങ്ങാൻ പോലും പറ്റാത്ത അവസ്ഥയാണ്. കണ്ടിടത്തു വച്ച് മർദ്ദിക്കാനും അവഹേളിക്കാനും ഖുറൈശികൾ കൂലി കൊടുത്തു ചട്ടമ്പികളെ വിന്യസിച്ചിരിക്കുന്നു. തിരുനബി(സ)യെപ്പോലും അപായപ്പെടുത്താൻ പദ്ധതിയിട്ടു നടക്കുകയാണവർ.

തിരിച്ചുവന്നവരിൽ പലരും ഈ ഭീതിതാവസ്ഥ കണ്ട് അബ്സീനിയയിലേക്കു തന്നെ കപ്പൽ കയറി. ഏതാനും പേർ മാത്രമാണ് എന്തുതന്നെ വന്നാലും ഇനി പോകുന്നില്ലെന്ന പ്രതിജ്ഞയുമായി മക്കയിൽ തങ്ങിയത്. സക്റാൻ(റ)വും ഭാര്യ സൗദ(റ)യും ആ ചെറുസംഘത്തിലായിരുന്നു.

കുടുംബങ്ങളെല്ലാം ശക്തമായ എതിർപ്പിൽ തന്നെയാണ്. സ്വസ്ഥമായി ജീവിക്കാൻ സക്റാനെയും സൗദയെയും അനുവദിക്കില്ലെന്ന തീരുമാനത്തിൽ തന്നെയാണ് അവരിപ്പോഴും. എങ്കിലും വരുന്നതെല്ലാം വരട്ടെ, ഈ വിശുദ്ധ സരണിയിൽ വേണ്ടിവന്നാൽ ആത്മാർപ്പണം നടത്താൻ പോലും തയ്യാറാണെന്ന ഉറച്ച തീരുമാനത്തോടെ അവർ മക്കയിൽ തന്നെ താമസമാക്കി.

പാത്തും പതുങ്ങിയും ഇടയ്ക്കിടെ തിരുസന്നിധിയിലെത്തും. തിരുമുഖം ദർശിക്കുമ്പോൾ, അവിടുത്തെ മധുവചനങ്ങൾ കേൾക്കുമ്പോൾ, ദിവ്യവചനങ്ങൾ ഹൃദയത്തിലേക്കാവാഹിച്ചെടുക്കുമ്പോൾ എല്ലാ ദുരിതവും മറക്കും, ഭീതിയകലും, ആത്മവിശ്വാസമുണരും, വിശ്വാസം ദൃഢീകരിക്കും. അങ്ങനെ ദിനരാത്രങ്ങൾ കടന്നുപോയി.

പെട്ടെന്നാണൊരു ദിവസം സക്റാൻ(റ) കിടപ്പിലായത്. ക്ഷീണം, തളർച്ച. എഴുന്നേൽക്കാനേ വയ്യ. സൗദ(റ) അരികത്തിരുന്ന് അദ്ദേഹത്തെ പരിചരിച്ചു. ലഭ്യമായ ചികിത്സകളൊക്കെ ചെയ്തു നോക്കി. പക്ഷേ, സൗദ(റ)യെയും കുഞ്ഞുമോനെയും കണ്ണീരിലാഴ്ത്തി സക്റാൻ ഈ ലോകത്തോട് വിട പറഞ്ഞു.

സഹിക്കാൻ കഴിയാത്ത ഒരു ദുരന്തം തന്നെയായിരുന്നു അത്. ചുറ്റുഭാഗത്തും ശത്രുക്കളാണ്. കഴിയും വിധത്തിലുള്ള ദ്രോഹങ്ങളൊക്കെ അവർ അഴിച്ചുവിട്ടുകൊണ്ടിരിക്കുന്നുണ്ട്. താങ്ങുംതണലുമായുണ്ടായിരുന്ന ഏകാവലംബമായിരുന്നല്ലോ പ്രിയ ഭർത്താവ്. അദ്ദേഹം ഇന്ന് തന്നെയും മകനെയും അനാഥമാക്കിക്കൊണ്ട് വിട പറഞ്ഞിരിക്കുന്നു. സഹായിക്കാനുള്ളവരാകട്ടെ, ദുർബലരാണ്; സ്വന്തം സുരക്ഷിതത്വം പോലും ഉറപ്പാക്കാൻ കഴിയാത്തവർ. ഈ സാഹചര്യത്തിൽ ദുർബലയായൊരു പെണ്ണ് എന്തു ചെയ്യും? തന്റെ അവസ്ഥയോർത്ത് സൗദ(റ) വാവിട്ടു കരഞ്ഞുപോയി. (തുടരും)

---

സഫറേ തഹ്‌രീക് (ദേശീയ സഞ്ചാരം) രണ്ടാംഘട്ട പര്യടനം കർണാടക നോർത്തിലെ ദക്ഷിണ കന്നട, ഷിമോഗ, ദാവണകര, ദാർവാഡ് ജില്ലകൾ കേന്ദ്രമാക്കി 2024 ഡിസംബർ 16,17,18 തീയതികളിൽ നടന്നു. എസ്.ജെ.എം പ്രസിഡന്റ് സയ്യിദ് അലി ബാഫഖി തങ്ങളുടെ നേതൃത്വത്തിൽ കർണാടക-കേരള അതിർത്തിയായ തലപ്പാടിയിൽ വച്ച് നൂറുകണക്കിന് പ്രവർത്തകർ ദഫിന്റെയും സ്കൗട്ടിന്റെയും അകമ്പടിയോടെ പ്രഥമ സ്വീകരണ സ്ഥലമായ കെ.സി റോഡിലേക്കാനയിച്ചു. ഇസ്‌ലാമിക് എജ്യുക്കേഷൻ ബോർഡ് ഓഫ് ഇന്ത്യ സെക്രട്ടറി പ്രൊഫ. എ.കെ അബ്ദുൽഹമീദ് സാഹിബ്, എസ്.ജെ.എം സെൻട്രൽ കമ്മിറ്റി നേതാക്കളായ അബൂഹനീഫൽ ഫൈസി, വി.പി.എം ഫൈസി വില്യാപ്പള്ളി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, കെ ഉമർ മദനി, വി.വി അബൂബക്കർ സഖാഫി, ബശീർ മുസ്‌ലിയാർ ചെറൂപ്പ, കർണാടക സ്റ്റേറ്റ് നേതാക്കളായ അബ്ദുറഹ്മാൻ മദനി ജപ്പു, കെ.കെ.എം കാമിൽ സഖാഫി, ഇബ്റാഹീം നഈമി, പി.എം മദനി എന്നിവരും ഓരോ ജില്ലയിലെയും പ്രധാന ഭാരവാഹികളും അനുഗമിച്ചു.

കെ.സി റോഡിലെ സ്വീകരണ സമ്മേളനം സുന്നി വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി പ്രൊഫ. എ.കെ അബ്ദുൽ ഹമീദ് ഉദ്ഘാടനം ചെയ്തു. സയ്യിദ് അലി ബാഫഖി തങ്ങളുടെ അധ്യക്ഷതയിൽ ചേർന്ന സംഗമത്തിൽ തെന്നല അബൂഹനീഫൽ ഫൈസി, വി.പി.എം ഫൈസി വില്യാപ്പള്ളി, എൻ.എസ് ഉമർ മാസ്റ്റർ മംഗളൂരു, അബ്ദുറഹ്മാൻ മദനി ജപ്പു പ്രസംഗിച്ചു.

പുതുതായി തുടങ്ങാൻ ഉദ്ദേശിക്കുന്ന മദ്റസകൾക്കുള്ള ഫോം പി.എം മദനി ഏറ്റുവാങ്ങി. പ്രഥമ ദിവ

എസ്.ജെ.എം

വി.വി അബൂബക്കർ സഖാഫി

### സഫറേ തഹ്‌രീക്: രണ്ടാം ഘട്ടം

**• കർണാടക പര്യടനം സമാപിച്ചു**

# കന്നടമണ്ണിന്റെ ഉൾത്തുടിപ്പറിഞ്ഞ്...

സത്തെ സമാപനം ഉഡുപ്പിയിലെ മജ്ജൂരിലായിരുന്നു. 8 റെയ്ഞ്ചുകളിൽ നിന്നുള്ള മുഅല്ലിമുകളുടെയും മാനേജ്മെന്റിന്റെയും വിവിധ ജമാഅത്തുകളിൽ നിന്നുള്ള ഉമറാക്കളുടെയും നിറസാന്നിധ്യം ശ്രദ്ധേയമായി.

മജ്ജൂർ ഖാളി അഹ്മദ് മുസ്‌ലിയാരുടെ നേതൃത്വത്തിൽ യാത്രാസംഘത്തിന് ഉജ്ജ്വല വരവേൽപ്പ് നൽകി. ഉഡുപ്പി ജില്ലാ നേതാക്കളായ റശീദ് സഖാഫി, അമീർഖാൻ അഹ്സനി, അബ്ദുറസാഖ് ഖാസിമി, മജ്ജൂർ ജമാഅത്ത് പ്രസിഡന്റ് ശൗക്കത്തലി പ്രസംഗിച്ചു. മുപ്പതോളം പുതിയ മദ്റസകളുടെ അപേക്ഷാ ഫോമുകൾ വിതരണം ചെയ്തു.

രണ്ടാം ദിവസം കാലത്ത് ഷിമോഗ ജില്ലയിലെ പ്രോഗ്രാമുകളായിരുന്നു. ഭദ്രാവതി, സാഗര, തീർത്ഥഹള്ളി റെയ്ഞ്ചുകളുടെ നേതൃത്വത്തിലായിരുന്നു സ്വീകരണം. വി.പി.എം ഫൈസി ഉദ്ഘാടനം ചെയ്ത സംഗമത്തിൽ ജില്ലാ കമ്മിറ്റിയുടെയും വിവിധ ജമാഅത്ത് കമ്മിറ്റികളുടെയും പ്രതിനിധികൾ ചേർന്ന് യാത്രാസംഘത്തെ ഹരാർപ്പണം നടത്തി. 20 പുതിയ മദ്റസകളുടെ അപേക്ഷാഫോം വിതരണം ചെയ്തു.

ജബ്ബാർ സഅദി, കാർഗൽ ഉസ്താദ്, സൈഫുല്ല സഖാഫി തുടങ്ങിയ ജില്ലാ നേതാക്കളും പ്രസംഗിച്ചു.

രണ്ടാം ദിവസത്തെ രണ്ടാമത്തെ സ്വീകരണ സ്ഥലമായ ദാവണകരയിൽ ആഇശ ശാദി മഹൽ ഓഡിറ്റോറിയത്തിലായിരുന്നു സ്വീകരണം. മഗ്‌രിബ് നിസ്കാരാനന്തരം ചേർന്ന സമ്മേളനത്തിൽ ജില്ലയിലെ 5 റെയ്ഞ്ചുകളിൽ നിന്ന് മുഅല്ലിംകളും ഉമറാക്കളും ഉൾപ്പെടെ 100 കണക്കിനാളുകൾ പങ്കെടുത്തു. നേതാക്കളെ വരവേൽക്കാൻ ദാവണഗര മേയർ ചമൻസാബും എത്തിയിരുന്നു. സയ്യിദ് അലി ബാഫഖിയുടെ അധ്യക്ഷതയിൽ ചേർന്ന സമ്മേളനം തെന്നല അബൂഹനീഫൽ ഫൈസി ഉദ്ഘാടനം ചെയ്തു.

എസ്.ജെ.എം നേതാക്കൾക്കു പുറമെ ദാവണകര ജംഇയ്യത്തുൽ ഉലമ നേതാക്കളായ മൗലാന സയ്യിദ് മുഖ്താർ റസ്‌വി, മൗലാനാ മുഹമ്മദ് ഇല്യാസ് റസ്‌വി, ഇബ്റാഹീം സഖാഫി ദാവണകര, മൗലാന ഉവൈസ് മൻസിരി പ്രസംഗിച്ചു. ദാവണകര, മാതനഹള്ളി റോഡിൽ പുതുതായി തുടങ്ങുന്ന മദ്റസയുടെ കുറ്റിയടിക്കൽ കർമ്മം സയ്യിദ് അലി ബാഫഖി തങ്ങൾ നിർവഹിച്ചു.

54 ജുമുഅ മസ്ജിദുകൾ ഉൾക്കൊള്ളുന്ന ദാവണകര സിറ്റിയിൽ രണ്ടു മദ്റസകൾ മാത്രമേ കൃത്യമായി രീതിയിൽ പ്രവർത്തിക്കുന്നുള്ളൂ. പള്ളി വരാന്തകളിൽ നടക്കുന്ന കൊച്ചു മജ്‌ലിസുകളാണ് വിദ്യാർത്ഥികൾക്കു പോലും പ്രാഥമിക അറിവ് നേടാനുള്ള മാർഗം. ഇത്തരത്തിലുള്ള ദയനീയാവസ്ഥയാണ് മിക്ക പ്രദേശങ്ങളിലെയും സ്ഥിതി. യാത്രയുടെ ഉണർവ്വിൽ പുതിയ മദ്റസകൾ സ്ഥാപിക്കാൻ പ്രദേശത്തെ നേതൃത്വം ശ്രമിക്കുമെന്ന് ഉറപ്പുനൽകി.

സേവന സന്നദ്ധതയുള്ളവരും തന്ത്രപൂർവ്വം ഇടപെടാൻ കഴിവുള്ളവരുമായ പ്രബോധകരുടെ നേതൃത്വത്തിൽ ദാവണകരയിലെ 54 ജുമുഅ മസ്ജിദുകളുടെ മഹല്ലുകൾ കേന്ദ്രീകരിച്ച് പ്രവർത്തിച്ചാൽ ദാവണകരയുടെ ഭാവി സുന്നത്ത് ജമാഅത്തിന്റെ മാർഗ്ഗത്തിലായി ശക്തിയാർജ്ജിക്കും.

മൂന്നാം ദിനം ദർവാർഡ് ജില്ലയിലെ ഹുബ്ലിയിലായിരുന്നു സമാപനം. കാലത്ത് പത്തു മണിക്ക് ഹുബ്ലിയിലെ ഫത്ഹ് ഷാ ദർഗ പരിസരത്ത് ചേർന്ന സഫറെ തഹ്‌രീക് സമാപന സമ്മേളനം ഇസ്‌ലാമിക് എജ്യുക്കേഷൻ ബോർഡ് ഓഫ് ഇന്ത്യ മാനേജർ സി.പി സൈതലവി മാസ്റ്റർ ഉദ്ഘാടനം ചെയ്തു.

സമൂഹത്തിന്റെ പുരോഗതിയും രാജ്യത്തിന്റെ ബഹുസ്വരതയും ഉയർത്തിപ്പിടിക്കുന്ന ഉത്തമ പൗരന്മാരെ സൃഷ്ടിക്കാൻ മദ്റസകൾ അനിവാര്യമാണെന്ന് അദ്ദേഹം ഉത്ബോധിപ്പിച്ചു. സയ്യിദ് അലി ബാഫഖി തങ്ങളുടെ അധ്യക്ഷതയിൽ ചേർന്ന സമാപന സംഗമത്തിൽ എസ്.ജെ.എം സെക്രട്ടറി തെന്നല അബൂഹനീഫൽ ഫൈസി, എസ്.ജെ.എം ട്രഷറർ വി.പി.എം വില്യാപ്പള്ളി, സുലൈമാൻ സഖാഫി കുഞ്ഞുകുളം,

കർണാടക യാത്രയുടെ കോ-ഓർഡിനേറ്റർ കെ ഉമർ മദനി പാലക്കാട്, വി.വി അബൂബക്കർ സഖാഫി, ബശീർ മുസ്‌ലിയാർ ചെറൂപ്പ, കർണാടക സ്റ്റേറ്റ് കമ്മിറ്റി നേതാക്കളായ അബ്ദുറഹ്മാൻ മദനി ജപ്പു, കെ.കെ.എം കാമിൽ സഖാഫി, ഇബ്‌റാഹീം നഈമി, മൗലാന ഉവൈസ് മൻസിരി, മുന്ന സാഹിബ് ഹുബ്ലി, ഉസ്മാൻ മിസ്ബാഹി, ഹനീഫ് സഖാഫി പ്രസംഗിച്ചു.

സഫറേ തഹ്‌രീക് രണ്ടാംഘട്ട കർണാടക പര്യടനത്തിന്റെ വിജയത്തിനു വേണ്ടി പ്രവർത്തിച്ച കർണാടക കോ-ഓർഡിനേറ്ററെയും സ്റ്റേറ്റ്, ജില്ലാ, റെയ്ഞ്ച് നേതാക്കളെയും യാത്രയുടെ ക്രമീകരണവും സംഘാടനവും മികവുറ്റതാക്കിയവരെയും നന്ദിയോടെ സ്മരിക്കുന്നു.

പുതിയ മദ്‌റസകൾ തുടങ്ങുന്നതുമായി ബന്ധപ്പെട്ട് 100 ഫോമുകൾ യാത്രയിൽ വിവിധ കേന്ദ്രങ്ങളിൽ വിതരണം ചെയ്തിട്ടുണ്ട്. സമസ്ത സെന്റിനറിയുടെ ഭാഗമായി 1500 പുതിയ മദ്‌റസകൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിനകത്തും പുറത്തും ആവശ്യമായ പ്രചാരണങ്ങളും ഇടപെടലുകളും സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കമ്മിറ്റി നടത്തിക്കൊണ്ടിരിക്കുകയാണ്.

സഫറേ തഹ്‌രീക് ദേശീയ സഞ്ചാരത്തിന്റെ ഒന്നാം ഘട്ട യാത്ര തമിഴ്നാട്ടിൽ നാല് ദിവസങ്ങളിലായി 2024 ജൂലൈ മാസത്തിൽ സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ പ്രസിഡന്റ് സയ്യിദ് അലി ബാഫഖിയുടെ നേതൃത്വത്തിൽ നടക്കുകയും പുതിയ മദ്‌റസകൾ തുടങ്ങാനുള്ള സാഹചര്യമൊരുക്കുകയും ചെയ്തിട്ടുണ്ട്.

കർണാടക യാത്രയുടെ മുന്നോടിയായി സയ്യിദ് അലി ബാഫഖി തങ്ങൾ, തെന്നല അബൂഹനീഫൽ ഫൈസി, പ്രൊഫ. എ.കെ അബ്ദുൽഹമീദ് സാഹിബ് എന്നിവരെ മംഗലാപുരത്ത് വച്ച് എസ്.ജെ.എം സ്റ്റേറ്റ് കമ്മിറ്റി ആദരിച്ചിരുന്നു.



ചോദ്യോത്തരം/ ഹനഫീ

ഡോ. അബ്ദുൽ ഹകീമിൽ കനാഫലി

# ഇൻഷുറൻസ് തുക ഉപയോഗിക്കാമോ?

***ചോദ്യം:** ഇമാം പള്ളിയിലെ മിഹ്‌റാബിനുള്ളിൽ നിന്ന് ജമാഅത്തായി നിസ്കരിക്കുന്നതിന്റെ വിധിയെന്താണ്?*

*അബ്ദുൽ ജബ്ബാർ ഈരാറ്റുപേട്ട*

**ഉത്തരം:** ഇമാം പള്ളിയുടെ മിഹ്‌റാബിൽ നിന്ന് ജമാഅത്തായി നിസ്കരിക്കൽ കറാഹത്താണ്. (മജ്മഉൽ അൻഹുർ-1/187) ഇമാം പള്ളിയിൽ നിന്നുകൊണ്ട് മിഹ്‌റാബിൽ സുജൂദ് ചെയ്യുന്നത് കറാഹത്തില്ല. (ഉംദത്തുൽ രിആയഃ-2/199)

***ചോദ്യം:** ളുഹാ നിസ്കാരത്തിന്റെ സമയം തുടങ്ങുന്നതും അവസാനിക്കുന്നതുമെപ്പോഴാണ്?*

*നാസില ഹംസ പത്തനാപുരം*

**ഉത്തരം:** സൂര്യൻ ഉദിച്ചുയർന്നതു മുതൽ മദ്ധ്യാഹ്നത്തിലേക്കെത്തുന്നതുവരെയാണ് ളുഹാ നിസ്കാരത്തിന്റെ സമയം. (മറാഖിൽഫലാഹ് പേ:174) സൂര്യൻ ഉദിച്ച ശേഷം ഏകദേശം 20 മിനുട്ട് കഴിയുന്ന സമയത്തെക്കുറിച്ചാണ് സൂര്യൻ ഉദിച്ചുയരുന്ന സമയമെന്ന് പറയുന്നത്. സൂര്യൻ മദ്ധ്യാഹ്നത്തിലേക്കെത്തുന്ന സമയം എന്നതുകൊണ്ടുദ്ദേശിക്കുന്നത് ളഹ്‌വത്തുൻ കുബ്‌റാ എന്നു പറയുന്ന സമയമാണ്. അതായത്, സൂര്യൻ മദ്ധ്യാഹ്നത്തിലെത്തുന്ന നട്ടുച്ചയ്ക്കു 40 മിനുട്ട് മുമ്പുള്ള സമയം.

'ളുഹാ നിസ്കരിക്കാൻ ഉത്തമമായ സമയം പകലിന്റെ നാലിലൊരു ഭാഗം കഴിയുമ്പോഴാണ്.' (ഹാശിയത്തുത്വഹ്ത്വാവീ പേ:261)

***ചോദ്യം:** നിസ്കാരത്തിൽ ശാഫിഈ മദ്ഹബനുസരിച്ച് സ്ത്രീകൾ നിസ്കാരക്കുപ്പായം ധരിക്കാറുണ്ടല്ലോ? നമ്മുടെ മദ്ഹബിലും നിസ്കാരക്കുപ്പായം ധരിക്കേണ്ടതുണ്ടോ?* *സ്വാലിഹ ജബ്ബാർ കോന്നി*

# ഹനഫീ ഫിഖ്ഹ്



**ഉത്തരം:** മുകൾഭാഗത്തുനിന്നും വശങ്ങളിൽനിന്നും മറ്റുള്ളവർ ഔറത്ത് കാണാത്ത രീതിയിൽ മറയ്ക്കുക എന്നതാണ് നിർബന്ധമായ കാര്യം. (അൽബഹ്റുർറാഇഖ് 2/236,237) ഈ രീതിയിൽ ഔറത്ത് മറയുന്ന ഏതു വസ്ത്രവും മതിയാകുന്നതാണ്. നിസ്കാരക്കുപ്പായം ശരീരഭാഗങ്ങൾ നല്ലതുപോലെ മറയ്ക്കാൻ നല്ലതാണ്.

***ചോദ്യം: വാഹന ഇൻഷുറൻസ് രാജ്യത്ത് നിർബന്ധമാണല്ലോ? എന്നാൽ അപകടം സംഭവിച്ചാൽ, വാഹനത്തിനും വ്യക്തിക്കും ഇൻഷുറൻസ് കമ്പനി നിശ്ചയിക്കുന്ന തുക കൈപറ്റുന്നതിലും അത് ഉപയോഗിക്കുന്നതിലും തെറ്റുണ്ടോ?***

***അബൂഅലിയാർ ദുബൈ***

**ഉത്തരം:** നഷ്ടപരിഹാരം ലഭിക്കാത്ത തേർഡ്പാർട്ടി ഇൻഷുറൻസാണ് നിർബന്ധമുള്ളത്. നഷ്ടപരിഹാരം ലഭിക്കുന്ന ഫുൾകവർ നിർബന്ധമില്ല. ഇൻഷുറൻസ് രാജ്യത്ത് നിർബന്ധമാണെങ്കിലും അതൊരു പലിശ സംവിധാനമായതിനാൽ അതിൽനിന്ന് ലഭിക്കുന്ന തുകയും പലിശയിനത്തിൽപ്പെടും. പഴയകാലത്ത് നിലവിലുണ്ടായിരുന്ന പോസ്റ്റ് ഓഫീസ് നിക്ഷേപങ്ങളിൽ നിന്ന് ലഭിക്കുന്ന പലിശയെക്കുറിച്ച് ഇമാം അഹ്മദ് റസാ ബറേൽവി(റ) യോട് ചോദിച്ചപ്പോൾ പലിശ ഹറാമാണെന്ന മറുപടിയാണ് നൽകിയത്. (ഫതാവാ റസ്വിയ്യ) അതേരീതിയിൽ പലിശയിനത്തിൽ വരുന്ന ഇൻഷുറൻസ് ക്ലെയിം തുക കൈപ്പറ്റാനും ഉപയോഗിക്കാനും പാടില്ല.

***ചോദ്യം: വെള്ളിയാഴ്ച ദിവസം സ്ത്രീകൾ എപ്പോഴാണ് ജുമുഅ നിസ്കരിക്കേണ്ടത്?***

***നജാ ഫാത്തിമ ഖത്തർ***

**ഉത്തരം:** സ്ത്രീകൾ വെള്ളിയാഴ്ച ദിവസം ജുമുഅയല്ല, ളുഹ്ർ ആണ് നിസ്കരിക്കേണ്ടത്. ളുഹ്ർ നിസ്കാരത്തിന്റെ സമയമായതു മുതൽ നിസ്കരിക്കാവുന്നതാണ്; ജുമുഅ നിസ്കാരം കഴിയാൻ കാത്തിരിക്കേണ്ടതില്ല. (ഹാശിയത്തുത്വഹ്ത്വാവീ-338)

***ചോദ്യം: സ്വന്തം വീട്ടുവളപ്പിൽ മയ്യിത്ത് മറവുചെയ്യുന്നതിന്റെ വിധിയെന്താണ്?***

***അബൂത്വാഹിർ വണ്ടിപ്പെരിയാർ***

**ഉത്തരം:** മരിച്ച സ്ഥലത്തോ വീട്ടിലോ മയ്യിത്ത് മറവുചെയ്യരുത്. കാരണം അത് പ്രവാചകന്മാരുടെ പ്രത്യേകതയാണ്. മുസ്‌ലിംകളുടെ പൊതുഖബർസ്ഥാനിലാണ് മയ്യിത്ത് മറവുചെയ്യേണ്ടത്. അതല്ലാത്ത പ്രത്യേക സ്ഥലങ്ങളിൽ മയ്യിത്ത് മറവുചെയ്യരുത്. (റദ്ദുൽ മുഹ്താർ 2/255) തൻസീഹിന്റെ കറാഹത്താണത്. (തക്മിലതു റദ്ദിൽമുഹ്താർ 2/399)

***ചോദ്യം: ഞങ്ങളുടെ നാട്ടിൽ ഒരു ജുമഅത്തുപള്ളി നിലനിൽക്കെ സ്ഥലപരിമിതി മൂലം മറ്റൊരു സ്ഥലത്ത് പുതിയ പള്ളി നിർമ്മിച്ചു. പഴയ പള്ളി അനാഥമായിപ്പോകാതിരിക്കാൻ മദ്റസക്കോ ദർസിനോ ഉപയോഗിക്കാമോ? ആ പള്ളിയിലും ജുമുഅയും ജമാഅത്തും നടത്തേണ്ടതുണ്ടോ?***

***സ്വലാഹുദ്ദീൻ കാഞ്ഞിരപ്പള്ളി***

**ഉത്തരം:** പുതിയ പള്ളി പണിതപ്പോൾ പഴയ പള്ളി ജനങ്ങൾക്ക് ആവശ്യമില്ലാതായാൽ ജനങ്ങൾ പരിപാലിച്ചാലും ഇല്ലെങ്കിലും അന്ത്യനാൾ വരെ അത് പള്ളിയായിത്തന്നെ നിലനിൽക്കുമെന്നതാണ് പ്രബലമായ അഭിപ്രായം. ആ പള്ളിയുടെ സ്വത്ത് മറ്റൊരു പള്ളിക്ക് ഉപയോഗിക്കാനും പാടില്ല. (അൽ ബഹ്റുർറാഇഖ് 12/190) ആയതിനാൽ പഴയ പള്ളി പള്ളിയായിത്തന്നെ പരിപാലിക്കണമെന്നും പള്ളിയുടെ പവിത്രതക്ക് കോട്ടം വരുന്ന രീതിയിൽ മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പാടില്ലെന്നും ഭാഗികമായിട്ടെങ്കിലും അവിടെ ജമാഅത്ത് നിസ്കാരങ്ങൾ നടത്തണമെന്നും മനസ്സിലാകുന്നു.

എസ്.ജെ.എം

സുലൈമാൻ സഖാഫി കുഞ്ഞുകുളം

# നേതാവിന്റെ പ്രധാനഗുണങ്ങൾ

**വഴികാട്ടിയാകണം**

A leader is one who knows the way, goes the way, and shows the way. (നേതാവ് വഴിയറിയുന്നവനും വഴി നടക്കുന്നവനും വഴികാണിച്ചുകൊടുക്കുന്നവനുമാണ്.) ചരിത്രം വായിച്ചാലും പഠിച്ചാലും പഠിപ്പിച്ചാലും മാത്രം പോരാ, ചരിത്രം സൃഷ്ടിക്കാനും നമുക്ക് സാധിക്കണം. വിജയത്തിലേക്കുള്ള യാത്രയെ തടസ്സപ്പെടുത്താൻ ഒന്നിനും പറ്റില്ല.

**ആശയവിനിമയശേഷി**

ആശയവിനിമയശേഷി വ്യക്തികളെ നേതൃത്വത്തിലേക്കുയർത്തുന്ന പ്രധാന ഘടകമാണ്. മനോവിഷമം, സങ്കടം എന്നിവ ഉൾപ്പെടെയുള്ള തീവ്രമായ വികാരങ്ങൾ പ്രകടിപ്പിക്കാനും ആശയവിനിമയം നടത്താനും നല്ല ആത്മധൈര്യം ആവശ്യമാണ്. കറുത്ത വർഗ്ഗക്കാരുടെ നേതാവ് മാർട്ടിൻ ലൂതർ കിംഗിന്റെ 'ഐ ഹാവ് എ ഡ്രീം' എന്ന പ്രസംഗം ആശയവിനിമയ മികവിന്റെ മികച്ച ഉദാഹരണമാണ്.

ഹിറ്റ്ലറുടെ പ്രസംഗവും സംവേദനക്ഷമതയുള്ളതായിരുന്നു. 'എനിക്ക് നിങ്ങൾ 3 മണിക്കൂർ സമയം തരൂ. ഒരു ലക്ഷം ആളുകളെയും തരൂ. അവരുടെ ചിന്താഗതി ഞാൻ മാറ്റിത്തരാം' എന്നായിരുന്നു ഹിറ്റ്ലർ പറഞ്ഞിരുന്നത്. ചിന്ത, ആശയവിനിമയം, കഠിനാധ്വാനം എന്നീ മൂന്ന് കാര്യങ്ങൾ ഒരാളിൽ പ്രവർത്തിക്കുമ്പോഴാണ് നേതാവ് ജന്മംകൊള്ളുന്നത്. ഒരിക്കൽ തോമസ് ആൽവാ എഡിസനോട് ഒരു പത്രപ്രവർത്തകൻ ചോദിച്ചു: 'താങ്കളുടെ വിജയത്തിന്റെ രഹസ്യമെന്താണ്?' അദ്ദേഹം പറഞ്ഞു: 'ഒരു ശതമാനം പ്രതിഭയും തൊണ്ണൂറ്റി ഒമ്പത് ശതമാനം കഠിനാധ്വാനവും.'

ആളുകൾ എങ്ങനെ സംസാരിക്കുന്നു എന്ന കാര്യം ശ്രദ്ധയോടെ വീക്ഷിച്ച് അവരുടെ ട്യൂണും ശരീരഭാഷയും അവതരണവും നിരീക്ഷിച്ചു പ്രതികരണം ആസൂത്രണം ചെയ്താൽ ആശയവിനിമയം നമ്മുടെ വഴിക്ക് കൊണ്ടുവരാൻ കഴിയും. സംസാരത്തിൽ മറുവശത്തുള്ളയാളുടെ ഭാവം മനസ്സിലാക്കി നമുക്ക് കൈമാറാനുള്ള ആശയം അനുകൂലമാക്കാൻ സാധ്യമാക്കുന്നതാണ് ആശയവിനിമയ ശേഷി. ഓരോരുത്തരും താൻ ശരിയാണെന്ന് സ്ഥാപിക്കാൻ എല്ലാവരും ശ്രമിക്കും. ആരെയും ഒന്നും പഠിപ്പിക്കാൻ കഴിയില്ല. പഠിക്കാൻ സഹായിക്കാൻ മാത്രമേ കഴിയൂ. ഒരാളെ തിരുത്താനാണ് നിങ്ങൾ ഉദ്ദേശിക്കുന്നതെങ്കിൽ അയാളറിയാതെ അതിന് ശ്രമിക്കണം.

നേതാക്കൾ നാലു വിധമാണ്:
1. കഴിവുണ്ട് - മനസ്സില്ല
2. മനസ്സുണ്ട് - കഴിവില്ല
3. കഴിവില്ല - മനസ്സുമില്ല
4. കഴിവുണ്ട് - മനസ്സുമുണ്ട്.

ഇതിൽ നാലാമത് പറഞ്ഞവരാ



ണ് ഏറ്റവും പ്രഗത്ഭർ. അഥവാ കഴിവും മനസ്സുമുള്ളവർ. അവർ വിപ്ലവം സൃഷ്ടിക്കുന്ന നേതാക്കളാകും. മൂന്നാമത് പറഞ്ഞവർക്ക് ഒന്നും ചെയ്യാൻ കഴിയില്ല. എന്നാൽ കഴിവില്ലാത്തവർക്ക് കഴിവുണ്ടാക്കാനും മനസ്സില്ലാത്തവർക്ക് മോട്ടിവേഷൻ നൽകാനും മികച്ച നേതൃത്വത്തിന് കഴിയും.

നേതാവ് മറ്റുള്ളവരുടെ ഭാഗത്തുനിന്ന് ചിന്തിക്കുന്നയാളാവണം. മറ്റുള്ളവരുടെ ഭാഗത്തുനിന്ന് ചിന്തിക്കുന്നതിന് ആദ്യം സ്വന്തം അനുമാനങ്ങളിൽ നിന്ന് രക്ഷപ്പെടുകയാണ് വേണ്ടത്. ആളുകളെക്കുറിച്ച് നമുക്കുള്ളിൽ ഉരുത്തിരിയുന്ന സങ്കല്പങ്ങൾ പലപ്പോഴും തെറ്റായിരിക്കുമെന്ന് അവരോട് അടുത്തിടപഴകുമ്പോൾ മനസ്സിലാകും.

അനുഗ്രഹങ്ങളിൽ നിന്നും ദുരന്തങ്ങളിൽ നിന്നും പാഠമുൾക്കൊള്ളാതെ, 'ഞാനാണ് ശരി' എന്ന് ധരിക്കുന്നവന് നേതൃഗുണം ആർജിക്കാൻ കഴിയില്ല.

**നേതാവ് മറ്റുള്ളവരുടെ ഭാഗത്തുനിന്ന് ചിന്തിക്കുന്നയാളാവണം. മറ്റുള്ളവരുടെ ഭാഗത്തുനിന്ന് ചിന്തിക്കുന്നതിന് ആദ്യം സ്വന്തം അനുമാനങ്ങളിൽ നിന്ന് രക്ഷപ്പെടുകയാണ് വേണ്ടത്. ആളുകളെക്കുറിച്ച് നമുക്കുള്ളിൽ ഉരുത്തിരിയുന്ന സങ്കല്പങ്ങൾ പലപ്പോഴും തെറ്റായിരിക്കുമെന്ന് അവരോട് അടുത്തിടപഴകുമ്പോൾ മനസ്സിലാകും.**



### പ്രവർത്തനാധിഷ്ഠിത ശേഷി

ആശയം വാങ്ങാൻ കിട്ടും - പ്രവർത്തനം വാങ്ങാൻ കിട്ടില്ല, സ്വയം പ്രവർത്തിക്കുക തന്നെ വേണം. നേതാവ് വാക്കുകൾ ചുരുക്കി പ്രവർത്തിച്ചു കാണിക്കുന്നയാളായിരിക്കണം. നബി(സ) അങ്ങനെയാണ് യുദ്ധമുഖത്തും മറ്റും അനുയായികൾക്ക് മാതൃക കാണിച്ചത്.

Planing + Doing + Interacation = Result എന്നതാണ് ശരിയായ നേതൃത്വത്തിന് ചേർന്ന സൂത്രവാക്യം. അഥവാ ആസൂത്രണവും പ്രവർത്തനവും കൂടിയാലോചനയും ചേരുമ്പോൾ കൃത്യമായ ഫലമുണ്ടാകുന്നു. ഇതിൽ ഏതെങ്കിലുമൊന്നില്ലാതായാൽ റിസൾട്ടുണ്ടാവില്ല. ആസൂത്രണം ചെയ്യുന്നതിൽ പരാജയപ്പെടുമ്പോൾ പരാജയപ്പെടാനായി ആസൂത്രണം ചെയ്യുന്നു.

ഉത്തരവാദപ്പെട്ട സ്ഥാനത്തിരിക്കുന്നവർ മനുഷ്യബന്ധത്തിന് സ്ഥാനം നൽകണം. നേതാവ് സമൂഹത്തിലിറങ്ങി പ്രവർത്തിച്ച് സമൂഹത്തിന്റെ ഘടന മാറ്റുന്ന വ്യക്തിയാണ്. ഉമറുബ്നു അബ്ദുൽഅസീസ്(റ) ഉമവികളിൽ വേറിട്ട വ്യക്തിത്വമായതുകൊണ്ട് ചരിത്രത്തിൽ എന്നും അനുസ്മരിക്കപ്പെടുന്നു.

ചുരുങ്ങിയ കാലയളവിൽ ജീവിച്ച് വലിയ കാര്യങ്ങൾ ചെയ്ത് ചരിത്രത്തിൽ ഇടംപിടിച്ചവർ ധാരാളമുണ്ട്. ഇമാം ശാഫിഈ(റ), ഇമാം നവവി(റ), ഉമറുബ്നു അബ്ദുൽഅസീസ്(റ) എന്നിവർ അതിനുദാഹരണമാണ്.

### അച്ചടക്കം

അച്ചടക്കം അറിവുപോലെ പ്രധാനമാണ്. എവിടെ അച്ചടക്കമുണ്ടോ, അവിടെ വിജയമുണ്ടാകും. സാമ്പത്തികം, സമയം, സംസാരം, ഇടപെടൽ, തീരുമാനമെടുക്കൽ തുടങ്ങി എല്ലാ കാര്യത്തിലും അച്ചടക്കം പാലിക്കുന്നവരാണ് യഥാർത്ഥ നേതാക്കൾ. ഒരു വ്യക്തിയിൽ മറ്റുള്ളവർ ശ്രദ്ധിക്കുന്ന പ്രധാന കാര്യം ശാരീരികമായ അച്ചടക്കമാണ്. എപ്പോൾ സംസാരിക്കണം, എന്തു പറയണം, എപ്പോൾ സംസാരം അവസാനിപ്പിക്കണം തുടങ്ങിയ അറിവുകൾ അച്ചടക്കത്തിന്റെ ഭാഗമാണ്.

### മറ്റുള്ളവരുടെ ജീവിതത്തിലേക്ക് മൂല്യങ്ങൾ കൂട്ടിച്ചേർക്കാനുള്ള കഴിവ്

മറ്റുള്ളവരുടെ ജീവിതം മെച്ചപ്പെടാൻ എന്തെങ്കിലും സംഭാവനകൾ ഒരു നേതാവിന്റെ ജീവിതത്തിൽനിന്നു ലഭിക്കുന്നുവെങ്കിൽ അതൊരു നല്ല നേതൃഗുണമാണ്. അതിനാൽ നേതാവ് മൂല്യമാതൃകയാവണം.

അലി(റ) പറഞ്ഞു: 'രണ്ടാളുകൾ എന്റെ നടുവൊടിച്ചു. 1.ദുർവൃത്തനായ പണ്ഡിതൻ, 2.സൽകർമ്മിയായ പുത്തനാശയക്കാരൻ.' മൂല്യങ്ങളുടെ സംവേദനക്ഷമതയാണ് ഇവിടെ അലി(റ) ഓർമിപ്പിക്കുന്നത്.

## സമസ്ത സെന്റിനറി

# മുഅല്ലിം സമ്മേളനങ്ങൾ സംഘടിപ്പിക്കുന്നു

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൊന്നായ മുഅല്ലിം സമ്മേളനം 2025 ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ നടക്കും. ഇക്കാലയളവിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിപുലമായ മുഅല്ലിം ജില്ലാ സമ്മേളനങ്ങൾ സംഘടിപ്പിക്കുവാൻ എസ്.ജെ.എം സെൻട്രൽ എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു. സമ്മേളന നടത്തിപ്പിന് കെ.പി.എച്ച് തങ്ങൾ ചെയർമാനും വി.വി അബൂബക്കർ സഖാഫി കൺവീനറുമായി സബ്കമ്മിറ്റിയെ തിരഞ്ഞെടുത്തു.

മുഅല്ലിംകളുടെ ആത്മീയ ശാക്തീകരണം ലക്ഷ്യമിട്ട് സംഘടിപ്പിക്കുന്ന സ്പിരിച്വൽ ക്യാമ്പ് ജനുവരി 3,4 തീയതികളിൽ തളിപ്പറമ്പ് അൽമഖറിൽ നടക്കും. വിദ്യാഭ്യാസ ബോർഡിന്റെ മദ്റസകളിൽ അധ്യാപനം നടത്തുന്ന മുഴുവൻ മുഅല്ലിംകളും ഖിറാഅത്തിൽ പ്രാവീണ്യം നേടുന്നതിനായി എസ്.ജെ.എം ആവിഷ്കരിച്ച ഹിസ്ബ് ട്രൈനിംഗിന്റെ രണ്ടാം ഘട്ടത്തിലേക്കുള്ള അപേക്ഷകൾ ക്ഷണിക്കാൻ തീരുമാനിച്ചു. ഖാരിളകൾക്ക് സ്വഭാവരീതിശാസ്ത്ര ക്യാമ്പും സംഘടിപ്പിക്കും.

സ്റ്റേറ്റ് കൗൺസിലിലേക്ക് കാസർഗോഡ് ജില്ലാ പ്രതിനിധിയായി ഹമീദ് മൗലവി കാഞ്ഞങ്ങാടിനെ തിരഞ്ഞെടുത്തു. സമസ്തസെന്ററിൽ ചേർന്ന യോഗത്തിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. ജന.സെക്രട്ടറി അബൂഹനീഫൽ ഫൈസി ഉദ്ഘാടനം ചെയ്തു. സെക്രട്ടറി കുഞ്ഞുകുളം സുലൈമാൻ സഖാഫി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു.

വൈസ് പ്രസിഡന്റ് കെ.പി.എച്ച് തങ്ങൾ, ട്രഷറർ വി.പി.എം വില്യാപള്ളി, വിദ്യാഭ്യാസ ബോർഡ് മാനേജർ സി.പി സെയ്തലവി മാസ്റ്റർ ചർച്ചകൾ നിയന്ത്രിച്ചു. പ്രൊഫ. എ.കെ അബ്ദുൽ ഹമീദ്, ചെറൂപ്പ ബശീർ മുസ്‌ലിയാർ, സി.എം യൂസുഫ് സഖാഫി, ജപ്പു അബ്ദുറഹ്മാൻ മദനി ചർച്ചകൾക്ക് നേതൃത്വം നൽകി. കെ. ഉമർ മദനി സ്വാഗതവും വി.വി അബൂബക്കർ സഖാഫി നന്ദിയും പറഞ്ഞു. ഇതര സംസ്ഥാന പ്രതിനിധികളും വിവിധ ജില്ലാ സാരഥികളും ചർച്ചകളിൽ സജീവമായി സംബന്ധിച്ചു.

# എസ്.ജെ.എം സാരഥികൾക്കുള്ള ആദരം പ്രൗഢോജ്വലമായി

മംഗളൂരു: സുന്നീ ജംഇയ്യത്തുൽ മുഅല്ലിമീൻ, വിദ്യാഭ്യാസ ബോർഡ് കേന്ദ്ര സാരഥികൾക്ക് കർണാടക സ്റ്റേറ്റ് എസ്.ജെ.എം ഒരുക്കിയ ആദരവ് പ്രൗഢോജ്ജ്വലമായി.

ആദരവിന് തുടക്കം കുറിച്ച് ഉള്ളാൾ റൈഞ്ചും ദർഗാട്രസ്റ്റും ചേർന്ന് സംഘടിപ്പിച്ച സ്വീകരണത്തിനും സിയാറത്തിനും റെയ്ഞ്ച് ഭാരവാഹികളും ട്രസ്റ്റ് സാരഥികളും നേതൃത്വം നൽകി. അവിടെ നിന്ന് നിരവധി വാഹനങ്ങളുടെയും കർണാടക സാരഥികളുടെയും അകമ്പടിയോടെ നേതാക്കളെ മഞ്ഞനാടി അൽമദീനാ ഇസ്ലാമിക് കോംപ്ലക്സിലേക്ക് ദഫ് സംഘത്തിന്റെ അകമ്പടിയോടെ ആനയിച്ചു. അവിടെ നടന്ന സമ്മേളനം കർണാടക ജംഇയ്യത്തുൽ ഉലമാ പ്രസിഡന്റ് സൈനുൽഉലമാ മാണി അബ്ദുൽഹമീദ് മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. എസ്.ജെ.എം സംസ്ഥാന പ്രസിഡന്റ് ജപ്പു അബ്ദുറഹ്മാൻ മദനി അധ്യക്ഷത വഹിച്ചു. ഖുദ്‌വത്തുസ്സാദാത്ത് കുമ്പോൽ കെ.എസ് ആറ്റക്കോയ, സയ്യിദ് അലി ബാഫഖി, അബൂഹനീഫൽ ഫൈസി, വി.പി.എം വില്യാപള്ളി, പ്രൊഫ. എ.കെ അബ്ദുൽഹമീദ് എന്നിവരെ ഷാളണിയിച്ചാദരിച്ചു. എസ്.എം.എ പ്രസിഡന്റ് സയ്യിദ് ഇസ്മാഈൽ ഉജ്റെ മൊമെന്റോ നൽകി.

കെ.പി ഹുസൈൻ സഅദി, ബി.എസ് അബ്ദുല്ല കുഞ്ഞി ഫൈസി, കെ.കെ.എം കാമിൽ സഖാഫി പ്രസംഗിച്ചു. അൽ മദീന, ഉള്ളാൾ ദർഗ ഭാരവാഹികളും വിവിധ സുന്നീ സംഘടനാ സാരഥികളും സഖാഫീ സ്കോളേഴ്സ് പ്രതിനിധികളും മുഫത്തിശുമാരും നിരവധി മുഅല്ലിംകളും സുന്നീ പ്രവർത്തകരും സംബന്ധിച്ചു.

# മുൽതഖൽ ഇഹ്സാൻ 3,4 തീയതികളിൽ

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നീ ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കമ്മിറ്റി തിരഞ്ഞെടുക്കപ്പെട്ട 100 മുഅല്ലിംകൾക്ക് സംഘടിപ്പിക്കുന്ന ആത്മീയ ബോധവൽക്കരണ പരിശീലന ക്യാമ്പ് ജനുവരി മൂന്നിന് വെള്ളിയാഴ്ച ഒരുമണിക്ക് തളിപ്പറമ്പ് അൽമഖറിൽ ആരംഭിക്കും. കൻസുൽ ഉലമ മഖാം സിയാറത്തിന് സയ്യിദ് അലി ബാഫഖി നേതൃത്വം നൽകും. തുടർന്ന് നടക്കുന്ന ക്യാമ്പിൽ തങ്ങൾ അധ്യക്ഷത വഹിക്കും. പട്ടുവം കെ.പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യും. അശ്റഫ് സഖാഫി കടവത്തൂർ അൽഇഹ്സാൻ വിഷയാവതരണം നടത്തും. അബൂഹനീഫൽ ഫൈസി സ്വാഗതം പറയും. മഗ്രിബ് നിസ്കാരാനന്തരം സെഷൻ രണ്ട് ആത്മജ്ഞാനം ബശീർ ഫൈസി വെണ്ണക്കോട് അവതരിപ്പിക്കും. കെ.പി കമാലുദ്ദീൻ മുസ്‌ലിയാർ നേതൃത്വം നൽകും.

നാലാം തീയതി ശനിയാഴ്ച സെഷൻ 3 ആത്മീയത വരുന്ന വഴി സുലൈമാൻ സഖാഫി കുഞ്ഞുകുളം അവതരിപ്പിക്കും. 10:30 മുതൽ 12 വരെ നടക്കുന്ന ഗ്രൂപ്പ് ഡിസ്കഷനിൽ കെ ഉമർ മദനി അധ്യക്ഷത വഹിക്കും. ബശീർ മുസ്‌ലിയാർ ചെറൂപ്പ നേതൃത്വം നൽകും. ഒരു മണിക്ക് സെഷൻ 4 പുനരാലോചന അലി ബാഖവി ആറ്റുപുറം അവതരിപ്പിക്കും. വി.പി.എം വില്യാപള്ളി അധ്യക്ഷത വഹിക്കും. വി.വി അബൂബക്കർ സഖാഫി നന്ദി പറയും.

## എട്ട് മദ്റസകൾക്ക് കൂടി അംഗീകാരം

കോഴിക്കോട്: സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് പുതുതായി എട്ട് മദ്റസകൾക്ക് കൂടി അംഗീകാരം നൽകി. തമിഴ്നാട്, കർണാടക എന്നിവിടങ്ങളിൽ നിന്നുള്ള മദ്റസകൾക്കാണ് അംഗീകാരം നൽകിയത്. സമസ്തസെന്ററിൽ നടന്ന സെക്രട്ടറിയേറ്റ് യോഗത്തിൽ സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. കെ.പി മുഹമ്മദ് മുസ്‌ലിയാർ, കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ, വി.പി.എം വില്യാപ്പള്ളി, അബൂഹനീഫൽ ഫൈസി, വണ്ടൂർ അബ്ദുറഹ്മാൻ ഫൈസി, എൻ.അലി അബ്ദുല്ല, ഇസ്മാഈൽ വഫ, മജീദ് കക്കാട്, ഡോ. അബ്ദുൽ അസീസ് ഫൈസി സംബന്ധിച്ചു. പ്രൊഫ. എ.കെ അബ്ദുൽഹമീദ് സ്വാഗതവും പ്രൊഫ. കെ.എം.എ റഹീം നന്ദിയും പറഞ്ഞു. സി.പി സൈതലവി റിപ്പോർട്ട് അവതരിപ്പിച്ചു.

### സഫറേ തഹ്‌രീക്:

# രാഷ്ട്ര പുരോഗതിക്ക് മദ്‌റസകൾ അനിവാര്യം

ഹുബ്ലി: സമൂഹത്തിന്റെ പുരോഗതിയും രാജ്യത്തിന്റെ ബഹുസ്വരതയും ഉയർത്തിപ്പിടിക്കുന്ന ഉത്തമ പൗരന്മാരെ സൃഷ്ടിക്കാൻ മദ്‌റസകൾ അനിവാര്യമാണെന്ന് ഇസ്‌ലാമിക് എജ്യുക്കേഷൻ ബോർഡ് ഓഫ് ഇന്ത്യ സെക്രട്ടറി സി.പി സൈതലവി ചെങ്ങര. സമസ്ത സെന്റനറിയുടെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കമ്മിറ്റി സംഘടിപ്പിച്ച സഫറേ തഹ്‌രീകിന്റെ രണ്ടാം ഘട്ടം കർണ്ണാടക ത്രിദിന പര്യടനയാത്രയുടെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഹുബ്ലിയിലെ ഫതഹ്ഷാദർഗ്ഗ പരിസരത്ത് ചേർന്ന സമ്മേളനത്തിൽ സയ്യിദ് അലി ബാഫഖി അധ്യക്ഷത വഹിച്ചു. എസ്.ജെ.എം സെക്രട്ടറി അബൂഹനീഫൽഫൈസി, ട്രഷറർ വി.പി.എം വില്ല്യാപ്പള്ളി, സുലൈമാൻ സഖാഫി കുഞ്ഞുകുളം, കെ. ഉമർ മദനി, വി.വി അബൂബക്കർ സഖാഫി, ബശീർ മുസ്‌ലിയാർ ചെറൂപ്പ, ഉവൈസ് മൻസിരി, മുന്നാ സാഹിബ്, ഉസ്മാൻ മിസ്ബാഹി, അബ്ദുറഹ്മാൻ മദനി ജപ്പു, കെ.കെ.എം കാമിൽ സഖാഫി പ്രസംഗിച്ചു. ഷിമോഗ, ദാവണകര, ഹുബ്ലി സ്വീകരണ സംഗമങ്ങളിൽ 200ഓളം പുതിയ മദ്‌റസകൾക്കുള്ള അംഗീകാര ഫോമുകൾ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഏറ്റുവാങ്ങി. ഒന്നാം ദിവസം കർണാടക അതിർത്തിയായ തലപ്പാടിയിൽ പര്യടനസംഘത്തെ എസ്.ജെ.എം കർണാടക സാരഥികൾ സ്വീകരിച്ചു. ദഫിന്റെയും സ്കൗട്ടിന്റെയും അകമ്പടിയോടെ കെ.സി റോഡിലേക്കാനയിച്ചു. അവിടത്തെ സ്വീകരണ സമ്മേളനശേഷം ഉഡുപ്പിയിലേക്കാനയിച്ചു. അവിടെ ഒന്നാംദിന പരിപാടികൾ സമാപിച്ചു. പര്യടനം രണ്ടാം ദിവസം ഷിമോഗയിൽ തുടങ്ങി ദാവണകരയിൽ സമാപിച്ചു.

# ദാറുൽമുഅല്ലിം പ്രഥമ ഭവന സമർപ്പണം നടത്തി

കോഴിക്കോട്: സമസ്ത സെന്റിനറിയുടെ ഭാഗമായി സുന്നി ജംഇയ്യത്തുൽ മുഅല്ലിമീൻ സെൻട്രൽ കമ്മിറ്റി മുഅല്ലിംകൾക്ക് നിർമ്മിച്ചു നൽകുന്ന 100 ഭവനങ്ങളിൽ പണി പൂർത്തിയായ ഒരു വീടിന്റെ സമർപ്പണം നെന്മാറയിൽ നടന്നു.

ചടങ്ങിൽ പ്രസിഡന്റ് സയ്യിദ് അലി ബാഫഖി താക്കോൽദാനം നിർവഹിച്ചു. കൊമ്പം കെ.പി മുഹമ്മദ് മുസ്‌ലിയാർ ഉദ്ഘാടനം ചെയ്തു. വി.പി.എം വില്യാപ്പള്ളി അധ്യക്ഷത വഹിച്ചു. പ്രൊഫ. എ കെ അബ്ദുൽഹമീദ് മുഖ്യപ്രഭാഷണം നടത്തി. ബശീർ മുസ്‌ലിയാർ ചെറൂപ്പ, ടി.പി.എം കുട്ടി മുസ്‌ലിയാർ, ശൗക്കത്ത് ഹാജി, സിദ്ദീഖ് ഫൈസി, ശുഹൈബ് മുസ്‌ലിയാർ, അബ്ദുറശീദ് അശ്റഫി, സിദ്ദീഖ് ഹാജി തില്ലങ്കാട്, ഇബ്റാഹീം അശ്റഫി, സുബൈർ ദാരിമി, ശരീഫ് സഖാഫി, ശിഹാബ് സഖാഫി, ഇസ്മാഈൽ സഖാഫി പങ്കെടുത്തു. സമസ്ത സെന്റിനറിയുടെ ഭാഗമായി നിർധനരായ 100 മദ്‌റസാധ്യാപകർക്ക് രണ്ട് വർഷത്തിനകം 100 ഭവന സമർപ്പണമാണ് എസ്.ജെ.എം ലക്ഷ്യമിടുന്നത്. ഇതിൽ ഒന്നാമത്തെ ഭവനമാണ് നെന്മാറ അടിപ്പെരണ്ടയിൽ നടന്നത്. 40 ഓളം വീടുകളുടെ നിർമ്മാണം പൂർത്തിയായി വരികയാണ്. പണി തീരുന്ന മുറക്ക് സമർപ്പണം നടക്കും.

# മർകസ് ആർട്സ് ഫെസ്റ്റ്

കോഴിക്കോട്: രണ്ടുദിവസങ്ങളിലായി നടന്ന ജാമിഅ മർകസ് കൾച്ചറൽ ആർട്സ് ഫെസ്റ്റ് ഖാഫ് 7.0 ആകർഷകമായി. ഹിക്മബേസ്, സകാസിൻ, ദൗഖ്ഫിബിൻ, ഹളാറമോർ, ഇഖ്റാസിഫ് എന്നീ 5 ഗ്രൂപ്പുകളിലായി 150ലേറെ ഇനങ്ങളിൽ മത്സരങ്ങളും അക്കാദമിക് മീറ്റുകളുമായി ആയിരത്തിലേറെ വിദ്യാർഥികൾ പങ്കെടുത്തു. സി മുഹമ്മദ് ഫൈസി ഉദ്ഘാടനം ചെയ്തു. കാന്തപുരം, എ.പി അബൂബക്കർ മുസ്‌ലിയാർ അനുഗ്രഹ പ്രഭാഷണം നടത്തി. സമാപന സംഗമത്തിൽ വി.പി.എം വില്യാപള്ളി അധ്യക്ഷത വഹിച്ചു. ഡോ. ഹുസൈൻ സഖാഫി ചുള്ളിക്കോട് ഉദ്ഘാടനം ചെയ്തു. സി മുഹമ്മദ് ഫൈസി വിജയികളെ പ്രഖ്യാപിച്ചു. ഒന്ന്, രണ്ട്, മൂന്ന് സ്ഥാനക്കാർക്കുള്ള ട്രോഫി യഥാക്രമം വി.പി.എം വില്യാപള്ളി, ബശീർ സഖാഫി കൈപ്പുറം, അബ്ദുൽകരീം ഫൈസി വിതരണം ചെയ്തു. സയ്യിദ് ജസീൽ കാമിൽ സഖാഫി അനുമോദന പ്രഭാഷണം നടത്തി. കെ.കെ അഹ്മദ് കുട്ടി മുസ്‌ലിയാർ, അബ്ദുള്ള സഖാഫി മലയമ്മ, അബ്ദുറഹ്മാൻ സഖാഫി, അസ്‌ലം നൂറാനി, അബൂബക്കർ സഖാഫി പന്നൂർ സംബന്ധിച്ചു.

# ആശ്വസിപ്പിക്കാൻ എസ്.ജെ.എം നേതാക്കളെത്തി

ചെർപ്പുളശ്ശേരി: കല്ലടിക്കോട് ലോറി മറിഞ്ഞുണ്ടായ അപകടത്തിൽ മരണപ്പെട്ട നാലു പെൺകുട്ടികളുടെ വീടുകൾ എസ്.ജെ.എം നേതാക്കൾ സന്ദർശിച്ചു. എസ്.ജെ.എം പ്രസിഡന്റ് സയ്യിദ് അലി ബാഫഖി, സുന്നി വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി പ്രൊഫ. എ.കെ അബ്ദുൽഹമീദ്, എസ്.ജെ.എം ട്രഷറർ വി.പി.എം വില്യാപ്പള്ളി, സെക്രട്ടറിമാരായ കെ ഉമർ മദനി, ബശീർ മുസ്‌ലിയാർ ചെറൂപ്പ, ജില്ലാ പ്രസിഡന്റ് ടി.പി.എം കുട്ടി മുസ്‌ലിയാർ, ഉപാധ്യക്ഷൻ വി.ടി.എം അലി സഖാഫി തുടങ്ങിയവരാണ് സന്ദർശിച്ചത്. സയ്യിദ് അലി ബാഫഖി പ്രാർത്ഥനക്ക് നേതൃത്വം നൽകി.

നിയന്ത്രണം വിട്ട ലോറി മറിഞ്ഞുണ്ടായ അപകടത്തിൽപ്പെട്ട കൂട്ടുകാരികളായ നാല് പെൺകുട്ടികളുടെ മരണം നാടിനെ തീരാദുഃഖത്തിലാഴ്ത്തിയിരുന്നു. സുന്നീ നേതാക്കളുടെ സന്ദർശനം കുടുംബങ്ങൾക്കും നാട്ടുകാർക്കും വലിയ ആശ്വാസമായി. നേതാക്കളെ സ്വീകരിക്കാൻ മരണപ്പെട്ട കുട്ടികളുടെ കുടുംബങ്ങളെല്ലാം എത്തിച്ചേർന്നിരുന്നു.

തീരം

റൈഹാൻ

# സുകൃതത്തിന്റെ വെളിച്ചങ്ങൾ



**നാ**ടിന്റെ നാലു ദിക്കുകളിലും
ഉസ്താദിന്റെ കാൽപ്പാടുകൾ
പതിഞ്ഞു കിടപ്പുണ്ടിപ്പോഴും.

നാട്ടു വിശേഷങ്ങളറിയാൻ
മെല്ലെ നടന്നുതുടങ്ങും.
പാടത്ത് പണിയെടുക്കുന്ന
കർഷകരോട് കുശലം പറയും.

നടന്നുനടന്നു തളരുമ്പോൾ
ചായക്കടയിലിരുന്ന്
ചെറുകടി കൂട്ടി
ഒരു കട്ടൻ കുടിക്കും.
മങ്ങിയ കണ്ണടയിലൂടെ
പത്രവാർത്തയിലെ അക്ഷരങ്ങൾ
പെറുക്കി വായിക്കും.

നിസ്കാരപ്പള്ളിയിൽ കയറി
അംഗശുദ്ധി വരുത്തി
രണ്ടു റക്അത്ത് നിസ്കരിക്കും.
ഇത്തിരി നേരം പ്രാർത്ഥിക്കും.

രോഗികളായി കിടക്കുന്നവരെ
സന്ദർശിച്ച് ആശ്വാസം പറയും.
ഉസ്താദിന്റെ ഔഷധവാക്കുകൾ
കേൾക്കുമ്പോൾ ആർക്കും
തെല്ലു ശമനം തോന്നും.

പള്ളിയിലെ ദിക്ർ, സ്വലാത്ത്
നേർച്ചകൾ, നിസ്കാരങ്ങൾ
ചിട്ടയിൽ നടക്കണമെന്ന്
സ്വന്തത്തോടു തന്നെ വാശിപിടിക്കും.
ആത്മീയ മജ്‌ലിസുകളിൽ
ഉസ്താദിന്റെ വിനയവാക്കുകൾ
ഹൃദയത്തിന്റെ ആഴം തൊടും.

കണ്ണുചിമ്മിയുള്ള പ്രാർത്ഥനക്ക്
ആമീൻ പറയുന്നവരും അറിയാതെ
കണ്ണീർ പൊഴിക്കും.

പട്ടിണിയും പരിവട്ടവും
സഹിച്ചു വളർന്നതിന്റെ പാടുകൾ
കനിവിന്റെ കെടാവെളിച്ചമായി
ഹൃദയങ്ങളിൽ സൂക്ഷിക്കും.

നാടിന്റെ വിളക്കിന്നലെ
പെട്ടെന്നണഞ്ഞുപോയി.
സുകൃതത്തിന്റെ വെളിച്ചങ്ങൾ
ആ ഖബ്റിലിപ്പോൾ
തോരാതെ പെയ്യുന്നുണ്ടാവും.

Printed & Published by Kunhalavi musliyar on behalf of Samastha Isalamic Centre, Jaferkhan Colony, P.O Eranhipalam
Kozhikode - 673006 and printed at Al kamal offset, East Nadakkavu, Kozhikode, Editor : VP Moidu Faizy Villyapally